VOL NO: 06 | ISSUE 16
www.nerpatham.com
mail@nerpatham.com
2022 APRIL 16 | ₹10

# നേർപഥം

വാരിക

## മാസപ്പിറവി: പ്രമാണം കൈവിട്ടത് ആര്?

ജാതി-മത-സാമ്പത്തിക പരിഗണനകൾക്കതീതമായി പൗരന്മാരുടെ പ്രശ്നങ്ങൾക്ക് മുൻഗണന നൽകുമ്പോൾ മാത്രമെ ഭരണവും ഭരണീയരും ബഹുമാനിക്കപ്പെടുകയുള്ളൂ. നിർഭാഗ്യവശാൽ, വർത്തമാനകാല ഇന്ത്യയിൽ അനീതിക്കും അസമത്വങ്ങൾക്കും യാതൊരു പഞ്ഞവുമില്ല. പലപ്പോഴും സ്റ്റേറ്റാണ് അതിന്റെ സ്പോൺസർമാർ എന്നത് ആരെയാണ് ഭയപ്പെടുത്താത്തത്!



# പുതിയ ഇന്ത്യ; പ്രശ്നങ്ങളും പരിഹാരവും

- || ബദ്റിന്റെ സന്ദേശം
- || വ്രതവും രോഗശമനവും
- || മാറാൻ ആഗ്രഹിക്കുന്നു, എന്തുചെയ്യണം?

schoolOfQuranJamia

جـــامعة الـــهند الإســـلامية
JAMIA AL-HIND AL-ISLAMIYYA

# നല്ല നാളേക്കായ് ഇന്ന് പഠിക്കാം

ക്ലാസുകൾ ഞായറാഴ്ച്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം

ജൂൺ ഒന്നിന് ആറര വയസ്സ് കവിയാത്ത സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് പ്രവേശനം

## 2022-23 രജിസ്ട്രേഷൻ ആരംഭിച്ചു

FOR MORE ENQUIRY +91 8606 788 882



അപേക്ഷകർ
www.schoolofquran.in
എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെൻ്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക

SCHOOL OF Qura'n


Jamia Al-Hind Al-Islamiyya Vadi Al Hikma,
Jamia Campus, Mini Ootty, Oorakam
Malappuram, Kerala, India, PIN 676519
mail@schoolofquran.in
www.schoolofquran.in

0273
# നേർപഥം
വാരിക
2022 ഏപ്രിൽ 16
1443 റമദാൻ 14
പുസ്തകം 06 / ലക്കം 16




Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly




കവർ സ്റ്റോറി
10
പുതിയ ഇന്ത്യ;
പ്രശ്നങ്ങളും
പരിഹാരവും
ടി.കെ അശ്റഫ്

05
മുഖമൊഴി
ബദ്റിന്റെ സന്ദേശം

06
ലേഖനം
മാസപ്പിറവി:
പ്രമാണം കൈവിട്ടത് ആര്?
അബൂബക്കർ സലഫി

18
ആരോഗ്യപഥം
വ്രതവും രോഗശമനവും
ഡോ. ടി.കെ. യൂസുഫ്

23
ക്വുർആൻ ദർശനം
അൽഫത്ഹ് (വിജയം)
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

26
ചരിത്രപഥം
നിവേദക സംഘങ്ങളുടെ
വരവ്
ഹുസൈൻ സലഫി

32
ലേഖനം
മാറാൻ ആഗ്രഹിക്കുന്നു;
എന്തുചെയ്യണം?
സ്വലാഹുദ്ദീൻ ഇബ്നു സലീം

34
കവിത
കഷ്ടം, നോമ്പുകാരൻ!
സുലൈമാൻ പെരുമുക്ക്

# വിശുദ്ധ ക്വുർആൻ; വിഭാഗീയചിന്തകളെ നിരാകരിക്കുന്ന വേദഗ്രന്ഥം: വിസ്ഡം ജില്ലാ തർബിയ്യത്ത് സംഗമം

കോഴിക്കോട്: സാമൂഹിക ഐക്യവും സഹജീവി സ്നേഹവും ജീവിത ചര്യയാക്കുവാൻ പ്രേരിപ്പിക്കുകയും വിഭാഗീയ ചിന്തകളെ നിരാകരിക്കുകയും ചെയ്യുന്ന വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആനെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കോഴിക്കോട് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ജില്ലാ റമദാൻ തർബിയ്യത്ത് സംഗമം അഭിപ്രായപ്പെട്ടു.

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ഉന്നമനവും വിമോചനവും വിശ്വാസി സമൂഹം ബാധ്യതയായി കാണണം. സമൂഹത്തിന്റെ അടിസ്ഥാന ആവശ്യമായ പാർപ്പിടം, ഭക്ഷണം, വസ്ത്രം, തൊഴിൽ എന്നിവ ലഭ്യമാക്കുന്നതിൽ കൂട്ടായ പരിശ്രമങ്ങളുണ്ടാവണമെന്നും തർബിയ്യത്ത് സംഗമം ആവശ്യപ്പെട്ടു. അപരന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന ആരാധനാകർമമാണ് സകാത്ത് നൽകുന്നതിലൂടെ ഓരോ വിശ്വാസിയും നിർവ്വഹിക്കുന്നതെന്ന ബോധം സമൂഹത്തിൽ വളർത്തിയെടുക്കുവാൻ പണ്ഡിതന്മാരും മഹല്ല് കമ്മിറ്റികളും ജാഗ്രത പുലർത്തണം.

സകാത്ത് ശേഖരണവും വിതരണവും മഹല്ലടിസ്ഥാനത്തിൽ കേന്ദ്രീകൃത സ്വഭാവത്തിലേക്ക് കൊണ്ടുവന്നാൽ സമൂഹത്തിൽ പിന്നാക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്തുവാൻ സാധിക്കുമെന്നും തർബിയ്യത്ത് സംഗമം അഭിപ്രായപ്പെട്ടു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി കെ. സജ്ജാദ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ഉമർ അത്തോളി അധ്യക്ഷത വഹിച്ച ചടങ്ങിൽ റഷീദ് കുട്ടമ്പൂർ, നിഷാദ് സലഫി, പി.സി ജംഷീർ, സഫ്‌വാൻ ബാറാമി അൽഹികമി എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. ബഷീർ വി.ടി, ഷംസീർ മുക്കം, കാബിൽ സി വി, അബ്ദുറഹ്മാൻ കല്ലായി എന്നിവർ പ്രസംഗിച്ചു.

# വിസ്ഡം യൂത്ത് ജില്ലാ തർബിയത്ത് സംഗമങ്ങൾ ശ്രദ്ധേയമായി

വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ ജില്ലാതലങ്ങളിൽ സംഘടിപ്പിച്ച തർബിയ്യത്ത് സംഗമങ്ങൾ ശ്രദ്ധേയമായി. ശാഖാതലം മുതൽ ജില്ലാതലം വരെയുള്ള ഭാരവാഹികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ളതായിരുന്നു സംഗമങ്ങൾ. വിശുദ്ധ ക്വുർആനിലെ ഏതാനം ആയത്തുകൾ മനോഹരമായി പാരായണം ചെയ്ത് ആശയവിശദീകരണം നടത്തിയാണ് സംഗമങ്ങൾ ആരംഭിച്ചത്.

അറിവില്ലായ്മ കാരണമായി സാമൂഹികജീവിതത്തിലും വ്യക്തിജീവിതത്തിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും വിജ്ഞാന സമ്പാദനത്തിന് ഇസ്‌ലാം നൽകുന്ന പ്രാധാന്യവും അതിന്റ നേട്ടവും അനന്തരഫലങ്ങളും പ്രാമാണികമായി വിശദീകരിക്കുന്ന സെഷൻ വളരെ ഉപകാരപ്രദമായിരുന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വിദ്വേഷവും പകയും അധർമങ്ങളുമെല്ലാം അറിവില്ലായ്മയിൽ നിന്നാണ് ഉൽഭൂതമാകുന്നത്.

മതവിജ്ഞാന സംവിധാനങ്ങൾ അടുത്തറിയാൻ അനുയോജ്യമായ സെഷനുകൾ സംഗമങ്ങളിൽ ഒരുക്കിയിരുന്നു. പീസ് റേഡിയോ, സമീൽ ഓൺലൈൻ ലൈബ്രറി, നേർവഴി, വഴിവിളക്ക്, വൺ മിനുട്ട് ടോക്ക്, വെളിച്ചം തുടങ്ങിയ സംരംഭങ്ങളും ക്യു എച്ച്എൽഎസ്, സിആർഇ, ഇ-മദ്റസ, സ്കൂൾ ഓഫ് ക്വുർആൻ, നൗറ വിജ്ഞാന വേദികൾ, ഫോക്കസ്, നേർപഥം തുടങ്ങിയ പദ്ധതികളും പരിചയപ്പെട്ടു. യൂണിറ്റ് തലങ്ങളിൽ നടക്കുന്ന 'പാഠം യുവജന സംഗമങ്ങൾ' വിലയിരുത്തി.

കെ.താജുദ്ദീൻ സ്വലാഹി, ജംഷീർ സ്വലാഹി, ഒ. മുഹമ്മദ് അൻവർ (മലപ്പുറം നോർത്ത്), മുജീബ് ഒട്ടുമ്മൽ (കാസർകോട്), ഹസൻ അൻസാരി (വയനാട്), ടി.കെ നിഷാദ് സലഫി (കോഴിക്കോട് സൗത്ത്), താജുദ്ദീൻ സ്വലാഹി (മലപ്പുറം വെസ്റ്റ്), ജംഷീർ സ്വലാഹി (മലപ്പുറം ഈസ്റ്റ്), പി.യു സുഹൈൽ (പാലക്കാട്), യു. മുഹമ്മദ് മദനി (ആലപ്പുഴ, തിരുവനന്തപുരം) നേതൃത്വം നൽകി.

# ബദ്റിന്റെ സന്ദേശം


പുണ്യറമദാനിൽ ഏറെ സ്മരിക്കപ്പെടുന്ന ഒരു മഹാസംഭവമാണ് ബദ്ർ യുദ്ധം. ഇസ്‌ലാമിന്റെ ബദ്ധശത്രുക്കൾക്കെതിരിൽ മുസ്‌ലിംകൾ വിജയം നേടിയ ഈ യുദ്ധം നടന്നത് ഹിജ്റ വർഷം രണ്ടിലെ റമദാൻ പതിനേഴിനാണ്. 'യൗമുൽ ഫുർക്വാൻ' അഥവാ 'സത്യാസത്യവിവേചനത്തിന്റെ ദിവസം' എന്നാണ് ഈ ദിവസത്തെ ക്വുർആൻ വിശേഷിപ്പിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു: ''..അല്ലാഹുവിലും സത്യാസ ത്യവിവേചനത്തിന്റെ ദിവസത്തിൽ അഥവാ ആ രണ്ടു സംഘങ്ങൾ ഏറ്റുമുട്ടിയ ദിവസത്തിൽ നമ്മുടെ ദാസന്റെ മേൽ നാം അവതരിപ്പിച്ചതിലും നിങ്ങൾ വിശ്വസിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ....''(8:41).

പ്രവാചകത്വ ലബ്ധിക്കുശേഷം 13 വർഷം മക്കയിൽ നബി(സ്വ)യും അനുചരന്മാരും ജീവിച്ചത് ശത്രുക്കളുടെ കഠിനമായ ഉപദ്രവങ്ങൾ സഹിച്ചുകൊണ്ടായിരുന്നു. അല്ലാഹുവിന്റെ അനുമതി ലഭിക്കാത്തതിനാൽ ഒരു പ്രത്യാക്രമണത്തിന് വിശ്വാസികൾ ശ്രമിച്ചില്ല. ഒരു രക്ഷാമാർഗത്തിനായി അവർ പ്രപഞ്ച സ്രഷ്ടാവിനോട് ആത്മാർഥമായി പ്രാർഥിച്ചുകൊണ്ടിരുന്നു. ഒടുവിൽ മക്കയിൽനിന്ന് മദീനയിലേക്ക് പലായനം ചെയ്യേണ്ടിവന്നു. എന്നിട്ടും ശത്രുക്കൾ അടങ്ങിയിരിക്കാൻ തയ്യാറായില്ല. ആ ഘട്ടത്തിലാണ് പ്രതിരോധിക്കാൻ അല്ലാഹു അനുവാദം നൽകിയത്.

ബദ്റിലേക്ക് പുറപ്പെട്ട നബി(സ്വ)ക്കും അനുചരന്മാർക്കും ആൾബലവും ആയുധബലവുമല്ല ശക്തി പകർന്നത്; ആദർശബലമാണ്. മുന്നൂറോളം അംഗങ്ങൾ മാത്രമുള്ള മുസ്‌ലിം സൈന്യവും ആയിരത്തിലധികം ആളുകളുള്ള ശത്രുസൈന്യവും തമ്മിലുണ്ടായ ഏറ്റുമുട്ടലിനെ ഒരു വലിയ ദൃഷ്ടാന്തമായിട്ടാണ് ക്വുർആൻ പരിചയപ്പെടുത്തുന്നത്: ''(ബദ്റിൽ) ഏറ്റുമുട്ടിയ ആ രണ്ടുവിഭാഗങ്ങളിൽ തീർച്ചയായും നിങ്ങൾക്കൊരു ദൃഷ്ടാന്തമുണ്ട്. ഒരു വിഭാഗം അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. മറുവിഭാഗമാകട്ടെ സത്യനിഷേധികളും. (അവിശ്വാസികൾക്ക്) തങ്ങളുടെ ദൃഷ്ടിയിൽ അവർ (വിശ്വാസികൾ) തങ്ങളുടെ ഇരട്ടിയുണ്ടെന്നാണ് തോന്നിയിരുന്നത്. അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് തന്റെ സഹായം കൊണ്ട് പിൻബലം നൽകുന്നു. തീർച്ചയായും കണ്ണുള്ളവർക്ക് അതിൽ ഒരു ഗുണപാഠമുണ്ട്'' (3:13).

അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ, അവനോടു മാത്രമെ പ്രാർഥിക്കാവൂ എന്നതിൽ വിട്ടുവീഴ്ച കാണിക്കാൻ തയ്യാറില്ലാത്ത മുസ്‌ലിംകളും അല്ലാഹുവിലേക്ക് തങ്ങളെ അടുപ്പിക്കുന്ന മറ്റനേകം ആരാധ്യരുണ്ടെന്നും അവയെ ആരാധിച്ചാലേ ഫലമുള്ളൂ എന്നും വിശ്വസിക്കുന്ന ബഹുദൈവാരാധകരും തമ്മിലാണ് ബദ്റിൽ ഏറ്റുമുട്ടിയതെന്ന് ഓർക്കുക. മുസ്‌ലിംകളുടെ എതിർപക്ഷത്തുണ്ടായിരുന്നവർ അല്ലാഹുവിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നവരോ, അല്ലാഹുവിന് സമാനമായ ആരാധ്യർ വേറെയുണ്ടെന്ന് വിശ്വസിക്കുന്നവരോ ആയിരുന്നില്ല എന്ന് മനസ്സിലാക്കുക. അല്ലാഹുവാണ് എല്ലാറ്റിന്റെയും സ്രഷ്ടാവെന്ന കാര്യം അവർ അംഗീകരിച്ചിരുന്നു. എന്നാൽ ആരാധന അല്ലാഹുവിന് മാത്രമാകണമെന്നത് അവർക്ക് സമ്മതമല്ലായിരുന്നു. ഒട്ടേറെ മഹാന്മാരുടെ പ്രതിമകൾ ഉണ്ടാക്കി ആ മഹാന്മാർ അല്ലാഹുവിന്റ അടുക്കൽ തങ്ങൾക്കുവേണ്ടി ശുപാർശ പറയുമെന്ന വിശ്വാസത്തോടെ അവരോട് അവർ പ്രാർഥിച്ചു. മുഹമ്മദ് നബി(സ്വ)യെ അംഗീകരിക്കാൻ അവർ തയ്യാറായതുമില്ല.

ഏത് അവസ്ഥയിലായിരുന്നാലും ശരി ഒരു സത്യവിശ്വാസി അല്ലാഹുവിനോട് മാത്രം ചോദിക്കേണ്ട കാര്യങ്ങൾ അവനോട് മാത്രമെ ചോദിക്കാവൂ എന്നതിനും അതിലൂടെ മാത്രമെ ആഗ്രഹ സാഫല്യം സാധ്യമാവുകയുള്ളൂ എന്നതിനുമുള്ള ഏറ്റവും വലിയ തെളിവാണ് ബദ്റിലെ സത്യവിശ്വാസികളുടെ വിജയം. നബി(സ്വ) ക്വിബ്‌ലക്ക് മുന്നിട്ട് ഇരു കൈകളും നീട്ടി 'അല്ലാഹുവേ, എനിക്ക് നൽകിയ വാഗ്ദാനം നീ പൂർത്തിയാക്കേണമേ, അല്ലാഹുവേ ഈ ചെറുസംഘത്തെ നീ നശിപ്പിക്കരുത്' എന്നാണ് തേടിയത്. അല്ലാഹു ആ പ്രാർഥന സ്വീകരിക്കുകയും ചെയ്തു. ''...അല്ലാഹു സത്യവിശ്വാസികളുടെ കൂടെ തന്നെയാണ്''(ക്വുർആൻ 8:19).



# മാസപ്പിറവി: പ്രമാണം കൈവിട്ടത് ആര്?

(വിമർശനങ്ങൾക്ക് മറുപടി)

അബൂബക്കർ സലഫി

വിസ്ഡം ഹിലാൽ വിംഗിനെ വിമർശിച്ച് എൻ.വി സകരിയ്യ മൗലവി എഴുതിയ ഒരു കുറിപ്പ് കണ്ടു. അതിന്റെ തലവാചകവും ഉള്ളടക്കവും ഒരുപോലെ തെറ്റിദ്ധാരണ പരത്തുന്നതാണ്. വിസ്ഡം ഹിലാൽ വിംഗ് യാഥാസ്ഥിതികതയിലേക്ക് തിരിച്ചുനടക്കുന്നു എന്നതാണ് തലവാചകത്തിലെ ആരോപണം! ഹിജ്റ വർഷത്തിലെ എല്ലാ മാസവും കാഴ്ചയുടെ അടിസ്ഥാനത്തിലാണ് നിർണയിക്കേണ്ടത് എന്ന് വിസ്ഡം ഹിലാൽ വിംഗ് വാദിക്കുന്നു എന്നതാണ് അതിന് കാരണമായി അദ്ദേഹം പറയുന്നത്. വ്യക്തമായ തെളിവിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിം ലോകം നൂറ്റാണ്ടുകളായി അംഗീകരിച്ച് വരുന്ന ഈ കാര്യം യാഥാസ്ഥികതയിലേക്കുള്ള തിരിച്ചുപോക്കാണത്രെ! (തെളിവുകൾ താഴെ വരുന്നു) തുടർന്ന് അദ്ദേഹത്തിന്റെ പ്രധാന ചോദ്യമിതാണ്: 'റമദാനും പെരുന്നാളും അല്ലാത്ത മറ്റു മാസങ്ങൾ കാണാൻ കൽപിക്കുന്ന ഹദീസെവിടെ?'

ഈ ചോദ്യം കേട്ടാൽ തോന്നുക, റമദാനും പെരുന്നാളും ഇല്ലാത്ത മറ്റു മാസങ്ങൾ നബി(സ)യും സ്വഹാബികളും നിർണയിച്ചിരുന്നത് മാനത്തെ ഹിലാൽ നോക്കിയല്ല പ്രത്യുത, കലണ്ടറിനെ മാത്രം ആശ്രയിച്ചായിരുന്നുവെന്നാണ്! അതല്ലെങ്കിൽ മറ്റുവഴികളിലൂടെയായിരുന്നുവെന്നാണ്! ചോദ്യം കണ്ടാൽ ഇപ്പറഞ്ഞതിന് അദ്ദേഹത്തിന്റെ കയ്യിൽ ധാരാളം തെളിവുകളുണ്ടെന്ന് തോന്നും. എന്നാൽ അങ്ങനെയൊരു തെളിവ് തന്റെ കുറിപ്പിൽ ഒന്നെങ്കിലും ഉദ്ധരിച്ചു കണ്ടതുമില്ല. അതിന് അദ്ദേഹത്തിന് സാധ്യമല്ലതാനും.

അദ്ദേഹം എഴുതുന്നു: "എല്ലാ മാസാരംഭവും കാഴ്ചയിലൂടെ സ്ഥിരപ്പെടണമെന്നോ കാഴ്ചയിലൂടെ സ്ഥിരപ്പെട്ട തീയതി പ്രകാരമെ ആ മാസത്തിലെ ആരാധനകൾ നിർവഹിക്കാവൂ എന്നോ അല്ലാഹുവും തിരുദൂതരും

പറഞ്ഞിട്ടില്ല, ഹജ്ജ് കർമം, പെരുന്നാളുകൾ, നിർബന്ധ നോമ്പുകൾ എന്നീ സുപ്രധാന ആരാധനകളുടെ കാര്യത്തിൽ മാത്രമേ അങ്ങനെ പറഞ്ഞിട്ടുള്ളൂ. റമദാൻ, ശവ്വാൽ, ദുൽഹിജ്ജ മാസങ്ങൾ കാഴ്ചയിലൂടെ നിർണയിക്കാൻ നബി(സ്വ) കൽപിച്ചിട്ടുണ്ട്. 'ഹിലാൽ കണ്ടാൽ നോമ്പെടുക്കുക, അത് കണ്ടാൽ നോമ്പ് അവസാനിപ്പിക്കുക, അത് കണ്ടാൽ ഹജ്ജ് നിർവഹിക്കുക' എന്ന നബിവചനത്തിലൂടെ ആ കാര്യം വ്യക്തമായി നബി(സ്വ) വിശ്വാസികളെ അറിയിച്ചിട്ടുണ്ട്. അത്തരം വല്ല കൽപനയും ഇതര മാസങ്ങളുടെ കാര്യത്തിൽ വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ട ബാധ്യത വിസ്ഡമിനുണ്ട്.''

ശരി, എല്ലാ മാസവും ഹിലാൽ അടിസ്ഥാനമാക്കിയാണ് മാസം കണക്കാക്കേണ്ടത് എന്നതിന് വിസ്ഡം ഹിലാൽ വിംഗിനുള്ള തെളിവുകൾ വ്യക്തമാക്കാം:

### തെളിവ് ഒന്ന്:

ഹകമുബ്നു അഅ്റജ്(റ) ഉദ്ധരിക്കുന്നു: ഞാൻ ഇബ്നു അബ്ബാസി(റ)ന്റെ അടുത്ത് ചെന്നു. അദ്ദേഹം സംസമിന്റെ അടുത്ത് തന്റെ മേൽതട്ടം തലയിണയാക്കി കിടക്കുകയായിരുന്നു. അപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു: ''ആശൂറാ നോമ്പിനെപ്പറ്റി എനിക്ക് പറഞ്ഞുതരൂ.'' അപ്പോൾ ഇബ്നു അബ്ബാസ്(റ) പറഞ്ഞു: ''നീ മുഹർറം പിറവി കണ്ടാൽ പിറ്റേദിവസം എണ്ണി ഒമ്പതാം ദിവസം നോമ്പുകാരനായിക്കൊള്ളുക.'' ഞാൻ ചോദിച്ചു: ''നബി(സ്വ) ഇങ്ങനെയാണോ നോമ്പെടുത്തത്?'' അദ്ദേഹം പറഞ്ഞു: ''അതെ'' (മുസ്‌ലിം: 1133).

നിർബന്ധ നോമ്പും പെരുന്നാളും ഹജ്ജും ഇല്ലാത്ത മാസമാണ് മുഹർറം എന്ന് ആർക്കാണ് അറിയാത്തത്? അത് നബി(സ്വ) നിർണയിച്ചിരുന്നത് മാസപ്പിറവി ദർശനത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്നത് ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഹദീസിൽനിന്ന് സുതരാം വ്യക്തമായില്ലേ? ഇതിനെ കുറിച്ച് താങ്കൾക്ക് എന്തു പറയാനുണ്ട്? യാഥാസ്ഥിതികതയിലേക്ക് തിരിച്ചുപോകുന്നുവെന്ന വിഷംനിറഞ്ഞ പരിഹാസം വിസ്ഡം ഹിലാൽ വിംഗിലേക്ക് മാത്രമല്ല എത്തുന്നത് എന്ന് മൗലവി മനസ്സിലാക്കുന്നത് നല്ലതാണ്.

> **മാസപ്പിറവി ദർശനം ഫർദു കിഫായയാണ് (സാമൂഹ്യ ബാധ്യത). ചിലർ അത് നിർവഹിച്ചാൽ എല്ലാവരിൽനിന്നും കുറ്റം നീങ്ങും. ആരും നിർവഹിച്ചില്ലെങ്കിൽ എല്ലാവരും കുറ്റക്കാരാവും. കാരണം ഒരു നിർബന്ധമായ കാര്യം ഏതൊന്നുകൊണ്ടാണോ പൂർത്തിയാവുന്നത് ആ കാര്യവും നിർബന്ധമാണ് (എന്നതാണ് തത്ത്വം). ശഅ്ബാൻ മാസപ്പിറവി കൃത്യമായി നിർണയിച്ചാലല്ലാതെ റമദാനിന്റെ പ്രവേശനം കൃത്യമാവുകയില്ല. അതുകൊണ്ട് മാസപ്പിറവി കാണാൻ സാധിക്കുന്ന ഒരു വിഭാഗം അത് കാണാൻ ഒരുങ്ങേണ്ടത് നിർബന്ധമാണ്. മാസപ്പിറവി ദർശിക്കാൻ ഒരു വിഭാഗത്തെ നിയോഗിക്കേണ്ടത് ഭരണാധികാരികളുടെ നിർബന്ധ ബാധ്യതയാണ്.'' (ഇവിടെ ശഅ്ബാൻ മാസപ്പിറവിയുടെ കാര്യമാണ് പറയുന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്).**

### തെളിവ് രണ്ട്:

ഇനി നിർബന്ധ നോമ്പും പെരുന്നാളും ഹജ്ജും ഇല്ലാത്ത മറ്റൊരു മാസം കാണുന്നതിനെക്കുറിച്ച് പറഞ്ഞതും കണ്ടോളൂ; അത് 'ശഅബാൻ' മാസമാണ്, അത് നിർണയിക്കാനും ഹിലാൽ കാണണമെന്ന് നബി(സ്വ) പറയുന്നു.

''നിങ്ങൾ മാസപ്പിറവി കണ്ടാൽ നോമ്പെടുക്കുക, അത് കണ്ടാൽ നോമ്പവസാനിപ്പിക്കുക. ഇനി മേഘം മൂടിയാൽ (മാസം മുപ്പത്) കണക്കാക്കുക.''

ഈ വിഷയത്തിൽ നമുക്കാർക്കും അഭിപ്രായ വ്യത്യാസമുണ്ടാവുകയില്ല. എന്നാൽ ഇതോടൊപ്പം പണ്ഡിതർ പറയുന്ന ഒരു കാര്യം ശഅ്ബാൻ മാസപ്പിറവിയും പ്രത്യേകം കാണണമെന്നാണ്. അതിനുള്ള ഒരു തെളിവാണ് മുകളിലെ ഹദീസ്.

റമദാൻ മാസപ്പിറവി നോക്കേണ്ടത് ശഅബാൻ 29നാണ്. അപ്പോൾ എന്നാണ് ശഅ്ബാൻ 29 എന്നറിയണം. അതിന് ശഅ്ബാൻ മാസപ്പിറവി നോക്കണം. ശഅ്ബാൻ 29ന് റമദാൻ പിറവി കണ്ടില്ലെങ്കിൽ ശഅ്ബാൻ 30 തികയ്ക്കണം. ശഅ്ബാൻ 30 കണക്കാക്കണമെങ്കിലും ശഅ്ബാൻ മാസപ്പിറവി ശ്രദ്ധയോടെ കണ്ടിരിക്കണം. അത് കൃത്യമായി വ്യക്തമാക്കുന്ന ഹദീസ് ഇതാ:

ആഇശ(റ)യിൽ നിന്ന് നിവേദനം: ''മറ്റേതൊരു മാസത്തെ സൂക്ഷിക്കുന്നതിനെക്കാൾ ഉപരിയായി ശഅ്ബാനിന്റെ ഹിലാലിനെ റസൂൽ(സ്വ) ശ്രദ്ധിക്കാറുണ്ടായിരുന്നു. ശേഷം, റമദാൻപിറവി കണ്ടുകഴിഞ്ഞാൽ അദ്ദേഹം നോമ്പുപിടിക്കും. മേഘം കൊണ്ട് മറക്കപ്പെട്ടാൽ മുപ്പത് ദിവസം കണക്കാക്കുകയും പിന്നീട് നോമ്പുപിടിക്കുകയും ചെയ്യും.'' (അബൂദാവൂദ്, അഹ്മദ്).

റമദാൻ നിർണയിക്കുന്നതിന് ശഅ്ബാൻ അടിസ്ഥാനപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം ഈ പ്രവാചകാധ്യാപനം വ്യക്തമാക്കുന്നു. ഇതിൽനിന്നും വ്യക്തമാകുന്ന കാര്യങ്ങൾ നമുക്കിങ്ങനെ സംഗ്രഹിക്കാം:

1. നബി(സ്വ) എല്ലാ മാസവും മാസപ്പിറവി കാണാൻ ശ്രദ്ധിച്ചിരുന്നു.
2. എന്നാൽ മറ്റു മാസങ്ങളെക്കാൾ ശഅ്ബാൻ പിറവിയുടെ കാര്യത്തിൽ പ്രവാചക തിരുമേനി(സ്വ) കൂടുതൽ ശ്രദ്ധിച്ചിരുന്നു.

3. ശഅ്ബാനിന്റെ 29 കണക്കാക്കിയിരുന്നത് ശഅ്ബാൻ പിറവിയുടെ അടിസ്ഥാനത്തിലായിരുന്നു.
4. പിറവി കാണാനാവാത്ത സന്ദർഭങ്ങളിൽ 30 ദിവസം കണക്കാക്കിയതും ശഅ്ബാൻ പിറവിയുടെ അടിസ്ഥാനത്തിലായിരുന്നു.

ഈ വിഷയത്തിൽ വന്ന മറ്റൊരു ഹദീസ് ഇങ്ങനെയാണ്: ''റമദാനിനുവേണ്ടി ശഅ്ബാൻ മാസപ്പിറവി നിങ്ങൾ കൃത്യമായി നിർണയിക്കുക.''

ഇവിടെ ശഅ്ബാൻ മാസം കാഴ്ചയിലൂടെയാണ് നിർണയിക്കേണ്ടത് എന്ന് പ്രത്യക്ഷമായി ഹദീസിലില്ല എന്ന്, യാഥാസ്ഥിതികത ആരോപിക്കുന്നവർ പറയാറുണ്ട്. അതിനുള്ള മറുപടി ഇതാണ് :

ഇത് പറഞ്ഞ നബിതിരുമേനി (സ്വ) യും അത് കേട്ട സ്വഹാബിമാരും മാസം നിർണയിച്ചത് കണക്ക് നോക്കിയിട്ടല്ല, മാസപ്പിറവി നോക്കിയിട്ടാണ്. അതിനാൽ ശഅ്ബാൻ മാസം കാഴ്ചയിലൂടെയാണ് നിർണയിക്കേണ്ടത് എന്ന് ഈ ഹദീസിൽനിന്നും മനസ്സിലാക്കാം. പണ്ഡിതന്മാരും ഈ ഹദീസിനെ അങ്ങനെത്തന്നെയാണ് മനസ്സിലാക്കിയിട്ടുള്ളത്.

ഹാഫിദ് ഇബ്നുഹജർ അസ്ക്വലാനി(റഹി) പറയുന്നത് നോക്കൂ: ''അതായത് അത് (ശഅ്ബാൻ മാസപ്പിറവി) നിർണയിക്കാനും കൃത്യമാക്കാനും നിങ്ങൾ നന്നായി പരിശ്രമിക്കുക. റമദാനിൽനിന്ന് നിങ്ങൾക്ക് ഒന്നും നഷ്ടമാവാതിരിക്കാൻ അതിന്റെ (ശഅ്ബാൻ മാസപ്പിറവി) ഉദയസ്ഥലങ്ങൾ നിർണയിക്കുക. അത് ഇറങ്ങിവരുന്ന സ്ഥലങ്ങൾ കാണാൻ കഴിയുമോ എന്ന് നിങ്ങൾ സൂക്ഷിച്ചു നോക്കുക.''

ഇതുപോലെ ഇമാം സ്വൻആനി തന്റെ 'ശർഹു ജാമിഉസ്സ്വഗീർ' എന്ന ഗ്രന്ഥത്തിലും ഇമാം അബുൽഹസൻ ഉബൈദുല്ലാഹ് തന്റെ 'മിർആതുൽ മഫാതീഹ് ശർഹു മിശ്കാതുൽമസ്വാബീഹ്' എന്ന ഗ്രന്ഥത്തിലും ഇമാം സുയൂത്വി തന്റെ 'ക്വൂതുൽ മുഗ്തദി അലാ ജാമിഇത്തിർമിദി' എന്ന ഗ്രന്ഥത്തിലും ഇമാം മു ബാറക്ഫൂരി തന്റെ 'തുഹ്ഫതുൽ അഹ്വദി' എന്ന ഗ്രന്ഥത്തിലും ശഅ്ബാൻ മാസപ്പിറവി കാണലാണ് ഹദീസിന്റെ ഉദ്ദേശ്യം എന്ന് വിശദീകരിക്കുന്നുണ്ട്.

ഈ വിഷയത്തിൽ 'അൽമൗസൂഅതുൽ ഫിക്വ്ഹിയ്യതുൽ കുവൈതിയ്യ' എന്ന ഗ്രന്ഥത്തിലെ കൊടുത്ത വാചകങ്ങൾ ഇവിടെ ചേർക്കുന്നു. പ്രഗൽഭരായ ഒരുപറ്റം പണ്ഡിതന്മാർ തയ്യാർചെയ്ത, കുവൈത്തിലെ Ministry of Awqaf and Islamic Affairs പ്രസിദ്ധീകരിച്ച 45 വാല്യങ്ങളുള്ള ബൃഹത്തായ ഫിക്വ്ഹ് വിജ്ഞാനകോശമാണ് ഈ ഗ്രന്ഥം. ഒരു ആധികാരിക റഫറൻസായി പരിഗണിക്കപ്പെടുന്ന അതിലെ വാചകങ്ങൾ ഇങ്ങനെ വായിക്കാം:

''റമദാനിന് വേണ്ടി ശഅ്ബാന്റെ മാസപ്പിറവി പ്രത്യേകം ശ്രദ്ധിക്കണമെന്ന് കൽപനയുള്ള ഹദീസ് നബി(സ്വ)യിൽനിന്ന് വന്നിട്ടുണ്ട്. അവിടുന്ന് പഞ്ഞു: 'നിങ്ങൾ റമദാനിന് വേണ്ടി ശഅ്ബാനിന്റെ മാസപ്പിറവി കൃത്യമായി നിർണയിക്കുക.' റമദാനിന്റെ പ്രവേശനം കൃത്യമാക്കാൻ ശഅ്ബാൻ മാസത്തോട് നബി (സ)യുടെ പ്രത്യേക ശ്രദ്ധ വിവരിക്കുന്ന (മറ്റൊരു ) ഹദീസും വന്നിരിക്കുന്നു:

ആഇശ(റ) നിവേദനം: 'മറ്റു മാസങ്ങളിൽ ശ്രദ്ധിക്കാത്ത അത്ര ശഅ്ബാൻ മാസപ്പിറവിയുടെ വിഷയത്തിൽ നബി(സ്വ) പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പിന്നെ റമദാൻ മാസപ്പിറവി കണ്ടാൽ നോമ്പെടുക്കും. മേഘം മൂടിയാൽ ശഅ്ബാൻ മുപ്പത് തികയ്ക്കും. പിന്നെ നോമ്പെടുക്കും.' നബി (സ്വ) ശ്രദ്ധിച്ചിരുന്നു എന്നതിന്റെ ഉദ്ദേശ്യം ഹദീസ് വിശദീകരിക്കുന്നവർ പറയുന്നു: 'റമദാൻ നോമ്പിന്റെ സംരക്ഷണത്തിന് വേണ്ടി ശഅ്ബാൻ മാസത്തിലെ ദിവസങ്ങളെ എണ്ണാൻ അവിടുന്ന് കഷ്ടപ്പെട്ട് ശ്രമിക്കും.''

ഇപ്രകാരം സുനനുത്തിർമിദിയുടെ വ്യാഖ്യാനമെഴുതിയ ശൈഖ് സുലൈമാനുബിൻ നാസിർ അൽ അലവാൻ ആ ഹദീസിനെ വിശദീകരിക്കുന്നത് നോക്കാം:

''നബി(സ്വ) പറഞ്ഞ 'നിങ്ങൾ ശഅ്ബാനിന്റെ പിറവി നിർണയിക്കുക' എന്നത് കൃത്യമായി (ശഅ്ബാൻ മാസപ്പിറവി) നിർണയിക്കാനുള്ള കൽപനയാണ്. 'ഇഹ്സാഅ്' എന്ന് പറഞ്ഞാൽ എണ്ണുക എന്നാണ് ഉദ്ദേശ്യം.

മാസപ്പിറവി ദർശനം ഫർദു കിഫായയാണ് (സാമൂഹ്യ ബാധ്യത). ചിലർ അത് നിർവഹിച്ചാൽ എല്ലാവരിൽനിന്നും കുറ്റം നീങ്ങും. ആരും നിർവഹിച്ചില്ലെങ്കിൽ എല്ലാവരും കുറ്റക്കാരാവും. കാരണം ഒരു നിർബന്ധമായ കാര്യം ഏതൊന്നുകൊണ്ടാണോ പൂർത്തിയാവുന്നത് ആ കാര്യവും നിർബന്ധമാണ് (എന്നതാണ് തത്ത്വം). ശഅ്ബാൻ മാസപ്പിറവി കൃത്യമായി നിർണയിച്ചാലല്ലാതെ റമദാനിന്റെ പ്രവേശനം കൃത്യമാവുകയില്ല. അതുകൊണ്ട് മാസപ്പിറവി കാണാൻ സാധിക്കുന്ന ഒരു വിഭാഗം അത് കാണാൻ ഒരുങ്ങേണ്ടത് നിർബന്ധമാണ്. മാസപ്പിറവി ദർശിക്കാൻ ഒരു വിഭാഗത്തെ നിയോഗിക്കേണ്ടത് ഭരണാധികാരികളുടെ നിർബന്ധ ബാധ്യതയാണ്.'' (ഇവിടെ ശഅ്ബാൻ മാസപ്പിറവിയുടെ കാര്യമാണ് പറയുന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്).

ഇനിയും ഇതുപോലെയുള്ള വിശദീകരണങ്ങൾ എത്രയോ കാണാൻ കഴിയും. എന്നിട്ടും ആ ഹദീസിന്റെ ഉദ്ദേശ്യം ഈ ഇമാമീങ്ങൾ പറഞ്ഞതല്ല എന്ന് പറയുന്നുവെങ്കിൽ അല്ലാഹുവിനെ ഭയക്കണം എന്നേ ഉണർത്തുന്നുള്ളൂ.

മുഹർറമിലും ശഅ്ബാനിലും മാത്രം ഒതുങ്ങുന്നതാണോ ഈ വിഷയം? ഒരിക്കലുമല്ല! ആ നിയമം എല്ലാ മാസങ്ങൾക്കും ബാധകമാണ് എന്നു കാണാൻ കഴിയും. പരിശുദ്ധ ഖുർആനിലെ ഒരു വചനം നോക്കൂ:

''(നബിയേ,) നിന്നോടവർ മാസപ്പിറവികളെപ്പറ്റി ചോദിക്കുന്നു. പറയുക: മനുഷ്യരുടെ ആവശ്യങ്ങൾക്കും ഹജ്ജ് തീർത്ഥാടനത്തിനും കാലനിർണയത്തിനുള്ള ഉപാധികളാകുന്നു അവ'' (2:189).

എല്ലാ മാസങ്ങളും നിർണയിക്കപ്പെടുന്നത് മാസപ്പിറവിയുടെ അടിസ്ഥാനത്തിലാണെന്ന് ഈ വചനം നമ്മെ അറിയിക്കുന്നുണ്ട്, തഫ്സീറുകൾ നോക്കിയാൽ അക്കാര്യം ബോധ്യമാവും, ഇമാം ശൗകാനി പറയുന്നത് നോക്കൂ:

''(ഇവിടെ) 'അഹില്ലത്' എന്നത് 'ഹിലാലി'ന്റെ ബഹുവചനമാണ്. അങ്ങനെ ബഹുവചനമായി പറഞ്ഞത് എല്ലാ മാസത്തെയും ഹിലാലിനെ പരിഗണിച്ചുകൊണ്ടാണ്.'' തുടർന്ന് അദ്ദേഹം പറയുന്നു: ''സത്യം ചെയ്യലുകൾ, വാടക സമയം, സ്ത്രീകളുടെ ഇദ്ദ, ഗർഭ കാലയളവ്, ഹജ്ജ്, നോമ്പ്, പെരുന്നാൾ തുടങ്ങി മനുഷ്യരുടെ ആരാധനകളും ക്രയവിക്രയങ്ങളും നിശ്ചയിക്കാനുള്ള സമയനിർണയത്തിന്റെ...''

ഇതുപോലെ ഖുർത്വുബി, ഇബ്നു കസീർ, സഅദി, ഇബ്നു ഉസൈമീൻ മുതലായ മിക്ക മുഫസ്സിറുകളും ഇക്കാര്യം പറയുന്നുണ്ട്.

## പണ്ഡിതരുടെ നിലപാട്:

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ പറയുന്നു:

''അല്ലാഹു പറയുന്നു: '(നബിയേ,) നിന്നോടവർ മാസപ്പിറവികളെപ്പറ്റി ചോദിക്കുന്നു. പറയുക: മനുഷ്യരുടെ ആവശ്യങ്ങൾക്കും ഹജ്ജ് തീർത്ഥാടനത്തിനും കാല നിർണയത്തിനുള്ള

**ശൈഖ് ഇബ്നു ബാസ്(റഹി) പറയുന്നു: ''അല്ലാഹു നോമ്പ്, ഹജ്ജ്, ആഘോഷങ്ങൾ, എണ്ണം, സത്യം ചെയ്യൽ തടങ്ങി അനേകം വിധികൾ ഹിലാലുമായി ബന്ധിപ്പിച്ചിട്ടുണ്ട്. കാരണം മാസപ്പിറവി കണ്ണുകൾകൊണ്ട് കാണുന്നതും സാക്ഷ്യം നിർവഹിക്കപ്പെടുകയും ചെയ്യുന്ന കാര്യമാണ്. കണ്ണുകൾകൊണ്ട് കാണുന്നത് ഏറ്റവും ശരിയായ വിവരങ്ങളിൽ പെട്ടതാണ്.'' ''നോമ്പും പെരുന്നാളും മറ്റു മാസങ്ങളും നിർണയിക്കാനുള്ള അവലംബം കാഴ്ചയാണ് എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. അല്ലെങ്കിൽ എണ്ണം 30 തികയ്ക്കുക. ചന്ദ്രമാസത്തിന്റെ തുടക്കവും അവസാനവും സ്ഥിരീകരിക്കാൻ ചന്ദ്രൻ പിറന്നു എന്നത് മാത്രം പോരാ എന്നതിൽ പരിഗണനീയമായ പണ്ഡിതന്മാർക്കിടയിൽ എതിരഭിപ്രായമില്ല.''**

ഉപാധികളാകുന്നു അവ.' മാസപ്പിറവികൾ ജനങ്ങൾക്ക് കാലനിർണയത്തിനുള്ള ഉപാധികളാകുന്നു എന്ന് അല്ലാഹു അറിയിച്ചു, ഇത് അവരുടെ എല്ലാ കാര്യങ്ങൾക്കും ബാധകമായതാണ്. ഹജ്ജിനെ വേർതിരിക്കാൻ പ്രത്യേകമായി എടുത്തുപറഞ്ഞതാണ്. കാരണം അതിൽ മലക്കുകളും മറ്റും ഹാജറാവുന്നുണ്ട്. പിന്നെ അത് വർഷത്തിലെ അവസാന മാസമായതിനാലും...''

''ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച ദിവസം അല്ലാഹു രേഖപ്പെടുത്തിയതനുസരിച്ച് അല്ലാഹുവിന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം (യുദ്ധം) വിലക്കപ്പെട്ടമാസങ്ങളാകുന്നു.' മാസങ്ങൾ 12 ആയി എണ്ണപ്പെട്ടതായി അല്ലാഹു അറിയിച്ചു. മാസങ്ങൾ നിർണയിക്കപ്പെടുന്നത് ഹിലാലിന്റെ അടിസ്ഥാനത്തിലാണ് എന്നത് തീർച്ചയാണ്. അതിൽ ഓരോ മാസവും അറിയപ്പെടുന്നത് ഹിലാൽ മുഖേനയാണ് എന്ന് മനസ്സിലായി.''

''നമ്മുടെ മുമ്പുള്ള ശരീഅത്തുകളും ഹിലാലിന്റെയടിസ്ഥാനത്തിലായിരുന്നു മാസങ്ങളെ നിർണയിച്ചിരുന്നത് എന്ന് വിവരം എനിക്ക് ലഭിച്ചിട്ടുണ്ട്. പിന്നെ യഹൂദികൾ ചെയ്തതുപോലെ അവരുടെ പിൻഗാമികൾ അതെല്ലാം മാറ്റിമറിച്ചതാണ്.''

''മാസവും വർഷവുമെല്ലാം ഹിലാൽ വഴിയാണ് നിർണയിക്കുക എന്ന് നമ്മൾ പറഞ്ഞതിൽനിന്ന് വ്യക്തമായി. ഹിലാലിന്റെ സ്ഥാനത്തിന് പകരമായി മറ്റൊന്നും തന്നെയില്ല.''

''എല്ലാ മാസവും കണക്കാക്കേണ്ടത് മാസപ്പിറവികളുടെ അടിസ്ഥാനത്തിലാണ്.''

ശൈഖ് ഇബ്നു ബാസ്(റഹി) പറയുന്നു: ''അല്ലാഹു നോമ്പ്, ഹജ്ജ്, ആഘോഷങ്ങൾ, എണ്ണം, സത്യം ചെയ്യൽ തടങ്ങി അനേകം വിധികൾ ഹിലാലുമായി ബന്ധിപ്പിച്ചിട്ടുണ്ട്. കാരണം മാസപ്പിറവി കണ്ണുകൾകൊണ്ട് കാണുന്നതും സാക്ഷ്യം നിർവഹിക്കപ്പെടുകയും ചെയ്യുന്ന കാര്യമാണ്. കണ്ണുകൾകൊണ്ട് കാണുന്നത് ഏറ്റവും ശരിയായ വിവരങ്ങളിൽ പെട്ടതാണ്.''

''നോമ്പും പെരുന്നാളും മറ്റു മാസങ്ങളും നിർണയിക്കാനുള്ള അവലംബം കാഴ്ചയാണ് എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. അല്ലെങ്കിൽ എണ്ണം 30 തികയ്ക്കുക. ചന്ദ്രമാസത്തിന്റെ തുടക്കവും അവസാനവും സ്ഥിരീകരിക്കാൻ ചന്ദ്രൻ പിറന്നു എന്നത് മാത്രം പോരാ എന്നതിൽ പരിഗണനീയമായ പണ്ഡിതന്മാർക്കിടയിൽ എതിരഭിപ്രായമില്ല.''

**അടുത്ത ലക്കത്തിൽ:**

**മാസപ്പിറവി: പ്രമാണത്തെ പിൻപറ്റൽ യാഥാസ്ഥിതികതയോ?**





> ജാതി-മത-സാമ്പത്തിക പരിഗണനകൾക്കതീതമായി പൗരന്മാരുടെ പ്രശ്നങ്ങൾക്ക് മുൻഗണന നൽകുമ്പോൾ മാത്രമെ ഭരണവും ഭരണീയരും ബഹുമാനിക്കപ്പെടുകയുള്ളൂ. നിർഭാഗ്യവശാൽ, വർത്തമാനകാല ഇന്ത്യയിൽ അനീതിക്കും അസമത്വങ്ങൾക്കും യാതൊരു പഞ്ഞവുമില്ല. പലപ്പോഴും സ്റ്റേറ്റാണ് അതിന്റെ സ്പോൺസർമാർ എന്നത് ആരെയാണ് ഭയപ്പെടുത്താത്തത്!

# പുതിയ ഇന്ത്യ; പ്രശ്നങ്ങളും പരിഹാരവും

ടി.കെ അശ്റഫ്
: 81118 07199

ഇന്ത്യയിലെ മതനിരപേക്ഷ മനസ്സുള്ളവരും വിശിഷ്യാ ന്യൂനപക്ഷങ്ങളും കഴിഞ്ഞ ഏതാനും വർഷമായി കടുത്ത ആശങ്കയോടെയാണ് കഴിഞ്ഞുകൂടുന്നത്. വർഗീയ ശക്തികൾ അധികാരത്തിൽ എത്തിയ ശേഷം ഒന്നിന് പിറകെ മറ്റൊന്നായി അവരുടെ ഒളിയജണ്ടകൾ പുറത്തെടുത്തുകൊണ്ടിരിക്കുകയാണ്. പൗരത്വ ഭേദഗതി നിയമം പാസ്സാക്കിയത്, ആൾക്കൂട്ട ആക്രമണങ്ങൾ, ഡൽഹി കലാപം, മീഡിയ വൺ വിലക്ക്, ഹിജാബ് നിരോധനം, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അവർക്കുണ്ടായ വിജയം, പ്രതിപക്ഷ കക്ഷികളുടെ അനൈക്യം തുടങ്ങിയ ആശങ്കാജനകമായ പല കാര്യങ്ങളുടെയും പശ്ചാത്തലത്തിൽ മതനിരപേക്ഷ സമൂഹത്തിന്റെ ഉത്കണ്ഠ നാൾക്കുനാൾ വർധിക്കുകയാണ്.

തീവ്രമായി പ്രതികരിക്കുന്ന സംഘടനകൾ ഈ സാഹചര്യത്തെ കൗശലപൂർവം പ്രയോജനപ്പെടുത്തി അവരിലേക്ക് ആളെ ചേർക്കുന്ന തിരക്കിലുമാണ്. ഈ സന്ദിഗ്ധ ഘട്ടത്തിൽ 'പുതിയ ഇന്ത്യ' നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും അവയ്ക്കുണ്ടാകേണ്ട പരിഹാരമാർഗങ്ങളെക്കുറിച്ചും ഉണർന്നു ചിന്തിക്കുവാൻ മതനിരപേക്ഷ കക്ഷികൾ മുന്നോട്ടുവരേണ്ടത് അനിവാര്യമാണ്.

## പുതിയ ഇന്ത്യയെന്നാൽ?

വർഗീയ കക്ഷികൾക്ക് ഭരണത്തിൽ രണ്ടാമൂഴം ലഭിച്ചു എന്നതാണ്

പുതിയ ഇന്ത്യയെന്ന വിവക്ഷയിൽ പ്രധാനമായി നാം കാണേണ്ടത്. കുഞ്ചികസ്ഥാനങ്ങളായ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയ ഇടങ്ങളിലെല്ലാം അവർ എത്തിക്കഴിഞ്ഞു. രാജ്യത്തെ അന്വേഷണ ഏജൻസികൾ പോലും ഭരണകർത്താക്കളുടെ ചട്ടുകങ്ങളായി മാറി. പ്രമാദമായ പല വിഷയങ്ങളിലും കോടതികളിൽനിന്ന് വരുന്ന വിധികൾ മതേതരത്വം പുലർന്നു കാണണമെന്ന് ആഗ്രഹിക്കുന്നവരെ നിരാശപ്പെടുത്തുന്നതാണ്.

ബാബരി, ഹിജാബ് പോലെയുള്ള വിഷയങ്ങളിലെ വിധികൾ അതിന് ഉദാഹരണമാണ്. ദേശീയ മാധ്യമങ്ങൾ ഭരണകർത്താക്കളുടെ പക്ഷപാത നീക്കങ്ങളെ തുറന്നെതിർക്കാൻ ഭയപ്പെടുന്നു. ഫെയ്സ്ബുക്ക്, ട്വിറ്റർ തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങൾക്ക് നിയന്ത്രണം വരുന്നു. ഇതെല്ലാം ജനാധിപത്യ ഇന്ത്യയെ സ്വേച്ഛാധിപത്യ രാഷ്ട്രമായി പരിവർത്തിപ്പിക്കുന്നതിന്റെ പ്രകടമായ ലക്ഷണങ്ങളല്ലാതെ മറ്റെന്താണ്?

ആർ.എസ്.എസിന്റെ ലക്ഷ്യം ഹിന്ദു രാഷ്ട്രമാണെന്ന് വി.ഡി സവർക്കറും എം.എസ് ഗോൾവാൾക്കറും പ്രഖ്യാപിച്ചിട്ട് ഒരു നൂറ്റാണ്ട് പിന്നിടുന്ന വേളയിൽ ലക്ഷ്യത്തിലേക്കുള്ള ചുവടുകൾക്ക് വേഗത കൂടുന്നതാണ് നാം കാണുന്നത്. ഭൂരിപക്ഷ വോട്ടിന്റെ ഏകീകരണമില്ലായ്മയാണ് ഇന്ത്യയെ ഹിന്ദു രാഷ്ട്രമാക്കാൻ ഇപ്പോഴും സാധിക്കാത്തതിന്റെ പ്രധാന തടസ്സം. മുസ്‌ലിംകൾ എന്ത് വിചാരിക്കും എന്നത് അവരുടെ പ്രശ്നമേയല്ല. ഹൈന്ദവ സമുദായത്തെ ഏതുവിധേനയെല്ലാം തൃപ്തിപ്പെടുത്താം എന്നതാണ് വർഗീയവാദികളുടെ പ്രധാന ചിന്ത. 2022 മാർച്ചിൽ ഉത്തർപ്രദേശിൽ നടന്ന നിയമസഭ തെരഞ്ഞെടുപ്പ് വേളയിൽ യോഗി ആദിത്യനാഥ് നടത്തിയ പ്രസ്താവന ഈ അജണ്ട വ്യക്തമാക്കുന്നുണ്ട്.

ആർ.എസ്.എസിന്റെ ലക്ഷ്യം ഹിന്ദു രാഷ്ട്രമാണെന്ന് വി.ഡി സവർക്കറും എം.എസ് ഗോൾവാൾക്കറും പ്രഖ്യാപിച്ചിട്ട് ഒരു നൂറ്റാണ്ട് പിന്നിടുന്ന വേളയിൽ ലക്ഷ്യത്തിലേക്കുള്ള ചുവടുകൾക്ക് വേഗത കൂടുന്നതാണ് നാം കാണുന്നത്. ഭൂരിപക്ഷ വോട്ടിന്റെ ഏകീകരണമില്ലായ്മയാണ് ഇന്ത്യയെ ഹിന്ദു രാഷ്ട്രമാക്കാൻ ഇപ്പോഴും സാധിക്കാത്തതിന്റെ പ്രധാന തടസ്സം. മുസ്‌ലിംകൾ എന്ത് വിചാരിക്കും എന്നത് അവരുടെ പ്രശ്നമേയല്ല. ഹൈന്ദവ സമുദായത്തെ ഏതുവിധേനയെല്ലാം തൃപ്തിപ്പെടുത്താം എന്നതാണ് വർഗീയവാദികളുടെ പ്രധാന ചിന്ത. 2022 മാർച്ചിൽ ഉത്തർ പ്രദേശിൽ നടന്ന നിയമസഭ തെരഞ്ഞെടുപ്പ് വേളയിൽ യോഗി ആദിത്യനാഥ് നടത്തിയ പ്രസ്താവന ഈ അജണ്ട വ്യക്തമാക്കുന്നുണ്ട്.

യുപിയിൽ '80 ശതമാനവും 20 ശതമാനവും തമ്മിലുള്ള മത്സരമാണ് നടക്കുന്നത്' എന്നതായിരുന്നു, ഹിന്ദുക്കളെയും മുസ്‌ലിംകളെയും വിഭജിച്ചുനിർത്തിക്കൊണ്ടുള്ള സോഷ്യൽ എഞ്ചിനീയറിങ് ലക്ഷ്യംവെച്ച് നടത്തിയ പ്രസ്താവന ! ഏക സിവിൽകോഡ് നടപ്പിലാക്കുക, മതേതരത്വവും മതസ്വാതന്ത്ര്യവും എടുത്തൊഴിവാക്കുക, ഹിന്ദു ക്ഷേമ രാഷ്ട്രമാക്കി ഇന്ത്യയെ പരിവർത്തിപ്പിക്കുക എന്നതാണ് ഹൈന്ദവ സമൂഹത്തിന് അവർ നൽകിക്കൊണ്ടിരിക്കുന്ന സന്ദേശങ്ങൾ. ബാബരി മസ്ജിദ് ധ്വംസനം(1992), ഗോധ്ര കൂട്ടക്കൊല (2002), യു.പി കലാപം (2013), ഡൽഹി കലാപങ്ങൾ (2019) തുടങ്ങിയവയിലൂടെയാണ് വർഗീയധ്രുവീകരണം ബിജെപി ശക്തിപ്പെടുത്തി അധികാരത്തിൽ എത്തിയതും തുടർ ഭരണം ഉറപ്പുവരുത്തിയതും.

മുസ്‌ലിം ന്യൂനപക്ഷത്തെ പ്രകോപിപ്പിച്ച് വൈകാരികമായി പ്രതികരിപ്പിക്കുന്നതിലൂടെയാണ് മഹാഭൂരിപക്ഷം വരുന്ന ഹൈന്ദവ വിശ്വാസികളെ വർഗീയ വൽക്കരിക്കാൻ സാധിക്കുക എന്ന വ്യക്തമായ ബോധ്യത്തോടെയാണ് അവർ പ്രവർത്തിച്ചുവന്നിട്ടുള്ളത്. മതനിരപേക്ഷ മുന്നണിയായി നിന്ന് നേരിട്ടാൽ അവരുടെ അജണ്ടകൾ നിർവീര്യമായിപ്പോകുമെന്ന് അവർക്ക് നന്നായി അറിയാം. ന്യൂനപക്ഷം വൈകാരികമായി പ്രതികരിച്ചിടത്തെല്ലാം വർഗീയശക്തികൾക്ക് വേഗത്തിൽ ഭരണത്തിലേറാൻ സാധിച്ചിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. ന്യൂനപക്ഷങ്ങളുടെ വൈകാരിക നീക്കത്തെ മുഖ്യധാര മുസ്‌ലിം സംഘടനകൾ പരസ്യമായി അപലപിച്ചുകൊണ്ട് ശക്തമായി ചെറുത്തുനിന്ന കേരളത്തിൽ ബിജെപിക്ക് വിജയിക്കാനായില്ല എന്നതും നാം ഓർക്കണം.

## സമുദായം ഭീഷണിക്ക് മുന്നിൽ

ഭൂരിപക്ഷ വർഗീയതയെ ചെറുക്കുകയും ന്യൂനപക്ഷ തീവ്രവാദത്തെ തള്ളിപ്പറയുകയും ചെയ്തുകൊണ്ട് മുന്നോട്ടു പോകുന്ന കേരളത്തിലെ

മുസ്‌ലിം സമുദായം മൂന്നു ഭാഗത്തുനിന്നും പലവിധ ഭീഷണിക്ക് വിധേയമാകുന്ന കാര്യവും നാം മറന്നുകൂടാ.

ഫാഷിസം പരസ്യമായി ഭീഷണിപ്പെടുത്തുമ്പോൾ ആ ഭീഷണിയെ ചൂണ്ടിക്കാണിച്ച് ഇടതുപക്ഷം പറയുന്നത് ഞങ്ങളോടൊപ്പം ചേർന്നുനിന്നാലേ നിങ്ങൾക്ക് രക്ഷയുള്ളൂ, നിങ്ങൾ സ്വന്തമായി രാഷ്ട്രീയ പ്ലാറ്റ്ഫോമിൽ സംഘടിച്ചുകൊണ്ടോ മുസ്‌ലിം സംഘടനാ കോഡിനേഷൻ രൂപീകരിച്ചുകൊണ്ടോ നിങ്ങളുടെ അവകാശങ്ങൾ ചോദിച്ചു വരരുത് എന്നൊക്കെയാണ്. ഫാഷിസത്തെ കാണിച്ചു ഭയപ്പെടുത്തി മതനിരാസത്തിന്റെയും ലിബറലിസത്തിന്റെയും ആശയങ്ങളായ അതിരുകളില്ലാത്ത ലോകത്തേക്ക് മുസ്‌ലിം യുവതയെ ക്ഷണിക്കുകയാണ് അവർ ചെയ്യുന്നത്.

ഹിന്ദുത്വ ഭീകരതയിൽനിന്ന് രക്ഷപ്പെടണമെങ്കിൽ മുസ്‌ലിം സ്വത്വം നഷ്ടപ്പെടുത്തി, 'മതമില്ലാത്ത മതേതരവാദി' ആകണമെന്നാണ് അവർ പറയുന്നതിന്റെ ചുരുക്കം. ഞങ്ങളുള്ളതുകൊണ്ടാണ് ഇന്ന് മുസ്‌ലിം സമുദായത്തിന് മതമനുസരിച്ച് ജീവിക്കാൻ സാധിക്കുന്നതും നിർഭയത്വവും സുരക്ഷിതത്വവും ലഭിക്കുന്നതും എന്നുമാണ് എസ്.ഡി.പി.ഐ പോലുള്ള തീവ്രനിലപാടുള്ള സംഘടനകൾ അവകാശപ്പെട്ടുകൊണ്ടിരിക്കുന്ന

**ഫാഷിസം പരസ്യമായി ഭീഷണിപ്പെടുത്തുമ്പോൾ ആ ഭീഷണിയെ ചൂണ്ടിക്കാണിച്ച് ഇടതുപക്ഷം പറയുന്നത് ഞങ്ങളോടൊപ്പം ചേർന്നുനിന്നാലേ നിങ്ങൾക്ക് രക്ഷയുള്ളൂ, നിങ്ങൾ സ്വന്തമായി രാഷ്ട്രീയ പ്ലാറ്റ്ഫോമിൽ സംഘടിച്ചുകൊണ്ടോ മുസ്‌ലിം സംഘടനാ കോഡിനേഷൻ രൂപീകരിച്ചുകൊണ്ടോ നിങ്ങളുടെ അവകാശങ്ങൾ ചോദിച്ചു വരരുത് എന്നൊക്കെയാണ്. ഫാഷിസത്തെ കാണിച്ചു ഭയപ്പെടുത്തി മതനിരാസത്തിന്റെയും ലിബറലിസത്തിന്റെയും ആശയങ്ങളായ അതിരുകളില്ലാത്ത ലോകത്തേക്ക് മുസ്‌ലിം യുവതയെ ക്ഷണിക്കുകയാണ് അവർ ചെയ്യുന്നത്.**

ത്. ഞങ്ങൾക്കെതിരെ സംസാരിച്ചാൽ ഞങ്ങൾ സംരക്ഷണം പിൻവലിക്കുമെന്ന ഭീഷണിയാണ് അവരുടെ പ്രതികരണത്തിൽ പലപ്പോഴും മുഴച്ചുനിൽക്കാറുള്ളത്. ചുരുക്കിപ്പറഞ്ഞാൽ എല്ലാ ഭാഗത്തുനിന്നും ഒരു നിലയ്ക്കല്ലെങ്കിൽ മറ്റൊരു നിലയ്ക്ക് ഭീഷണിയുടെ കുന്തമുനകളാണ് സമുദായത്തിനു നേരെ നീണ്ടുവരുന്നത്.


## മതേതര കക്ഷികളുടെ സാധ്യത ഇല്ലാതായോ?

മതേതരപക്ഷം തകർന്നടിഞ്ഞുവെന്ന് സമർഥിക്കുന്നതിൽ ഫാഷിസവും തീവ്രവാദ സ്വഭാവവുമുള്ള ഇതര സംഘടനകളും ഒരുപോലെ മത്സരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. സമുദായത്തെ ദിനംപ്രതി നിരാശയിലേക്കും ഫാഷിസ്റ്റുകളെ സന്തോഷത്തിലേക്കും നയിക്കുന്ന ചർച്ചകളാണ് മുസ്‌ലിം പക്ഷത്തുള്ള വൈകാരിക നിലപാടുള്ളവരുടെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മതനിരപേക്ഷ കക്ഷികളുടെ കാലം കഴിഞ്ഞുവെന്നുള്ള നിരാശയിലധിഷ്ഠിതമായ മുസ്‌ലിം പൊതുബോധം രൂപപ്പെടുത്തുന്നതിൽ തീവ്ര നിലപാടുള്ള സംഘടനകളുടെ സാമൂഹ്യമാധ്യമങ്ങളിലെ ഇടപെടൽ കാരണമാകുന്നുണ്ട്.

## പരിഹാരം ?

ഫാഷിസ്റ്റുകൾ ആഗ്രഹിക്കുന്നവിധം കാര്യങ്ങൾ നടക്കാതിരിക്കാനുള്ള ജാഗ്രതയാണ് മതനിരപേക്ഷ നിലപാടുള്ളവരിൽനിന്നെല്ലാം പ്രഥമമായി ഉണ്ടാക്കേണ്ടത്. വിശിഷ്യാ മുസ്‌ലിം സമുദായം ഇക്കാര്യത്തിൽ അതീവ ജാഗ്രത കാണിക്കണം. മതനിരപേക്ഷ ഐക്യത്തിലൂടെയാകണം ഫാഷിസ്റ്റ് വിരുദ്ധ പോരാട്ടം നയിക്കേണ്ടത്.

അത് അൽപം ശ്രമകരമായ ദൗത്യമാണെങ്കിലും അതിനേ ലക്ഷ്യം നേടാൻ ആവുകയുള്ളൂ. വൈകാരികമായി സംഘടിപ്പിക്കാനും സംഘടിക്കാനും ഏതുവിഭാഗത്തിനും എളുപ്പമാണ്. പക്ഷേ, അതിന്റെ പ്രത്യാഘാതം വളരെ വലുതായിരിക്കും. ഹിന്ദുത്വ രാഷ്ട്രം എന്ന ഫാഷിസ്റ്റുകളുടെ ലക്ഷ്യം നേടിയെടുക്കാൻ വൈകാരിക സംഘാടനത്തിന് എളുപ്പത്തിൽ സാധിക്കും. വർത്തമാനകാലത്ത് മതനിരപേക്ഷ കക്ഷികളുടെ ഐക്യം അസാധ്യമാണെന്ന് പലരും ചിന്തിക്കുന്നുണ്ട്. പ്രതിപക്ഷ കക്ഷികളുടെ ആവർത്തിച്ചുള്ള പരാജയവും ഏകോപനമില്ലായ്മയും ദർശിക്കുന്നവർ അങ്ങനെ ചിന്തിക്കുക സ്വാഭാവികമാണ്. മതനിരപേക്ഷ ഐക്യം എന്ന ആശയം അവസാനിച്ചു കാണാൻ ആഗ്രഹിക്കുന്ന വ്യക്തികളും മാധ്യമങ്ങളും സംഘടനകളും അതിനു പാകത്തിൽ മാറ്ററുകൾ പടച്ചുണ്ടാക്കി പ്രചരിപ്പിക്കുന്നുമുണ്ട്.



ഇതെല്ലാം കണ്ടും കേട്ടും വായിച്ചും സാധാരണക്കാർ

പകച്ചുനിൽക്കുകയാണ്. ഇന്ത്യ ഹിന്ദുത്വ രാജ്യമായാൽ എന്തെല്ലാം സംഭവിക്കുമെന്നും ആ സമയത്ത് എന്തു നിലപാട് സ്വീകരിക്കുമെന്നുമൊക്കെ ചർച്ച ചെയ്യുന്നവരെയും നമുക്ക് കാണാൻ സാധിക്കും. ന്യൂനപക്ഷങ്ങൾ ഭയപ്പെട്ട് ഓടിയോളിക്കുകയോ പൊട്ടിത്തെറിക്കുകയോ ചെയ്യണം എന്നുതന്നെയാണ് ഫാഷിസം കണക്കുകൂട്ടുന്നത്. വിവേകത്തിന്റെയും പ്രതീക്ഷയുടെയും വഴിയിൽ ചിന്തിക്കാൻ അവസരം നൽകാതെ സമുദായത്തെ ഇരുട്ടിൽ നിർത്തുന്ന അപകടത്തെ തിരിച്ചറിയാൻ വൈകുംതോറും പ്രതിസന്ധി കനത്തുകൊണ്ടിരിക്കും.

## പ്രതീക്ഷ കൈവിടരുത്

സമുദായത്തെ സംബന്ധിച്ചിടത്തോളം പ്രതീക്ഷയാണ് ഈ സമയത്ത് ഉണ്ടാവേണ്ടത്. നിരാശയുടെ ആശയങ്ങളുമായി വരുന്നവർക്ക് മുമ്പിൽ കതക് വലിച്ചടക്കേണ്ടതുണ്ട്. 2019ൽ നടന്ന ലോകസഭ തെരഞ്ഞെടുപ്പിലെ വോട്ട് നില സൂക്ഷ്മമായി വിലയിരുത്തിയാൽ 'ബിജെപി മൊത്തം വിഴുങ്ങി' എന്ന പൊതുബോധം കൃത്രിമമായി ഉണ്ടാക്കിയതാണെന്ന് പകൽപോലെ വ്യക്തമാകും.

924071271 വോട്ടർമാരാണ് ആകെ ഉണ്ടായിരുന്നത്. അതിൽ 621281743 വോട്ടർമാരുടെ വോട്ടുകൾ മാത്രമാണ് പോൾ ചെയ്തത്. 302789528 പേർ വോട്ടവകാശം വിനിയോഗിക്കാത്തവരാണ്. ന്യായമായ കാരണങ്ങളാൽ വോട്ട് ചെയ്യാത്തവരെ മാറ്റിനിർത്തിയാലും വലിയൊരുവിഭാഗം ജനാധിപത്യപ്രക്രിയയിൽനിന്ന് പിന്തിരിഞ്ഞു നടക്കുന്നുണ്ട് എന്നത് ഗൗരവമായ പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്. 37.36% ബിജെപിക്ക് ലഭിച്ചപ്പോൾ 37.53 മൂന്ന് ശതമാനം വോട്ടുകൾ മതനിരപേക്ഷ കക്ഷികൾക്ക് ലഭിച്ചിട്ടുണ്ട്. 29.07 ശതമാനം പേർ വോട്ട് ചെയ്യാത്തവരുമാണ്. 66.6 ശതമാനം ഇന്ത്യക്കാർ ഇപ്പോഴും ബിജെപിയെ സ്വീകരിച്ചിട്ടില്ലെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പ് വ്യക്തമാക്കുന്നുണ്ട്. ബിജെപിയുടെ സ്വാധീനത്തെക്കാൾ മതനിരപേക്ഷ കക്ഷികളുടെ അനൈക്യം കാരണമാണ് അവർക്ക് തുടർ ഭരണം ലഭിച്ചത് എന്ന കാര്യം വ്യക്തമാണ്. പ്രതിപക്ഷ കക്ഷികൾ ഇക്കാര്യം തിരിച്ചറിഞ്ഞ് പ്രായോഗിക നിലപാട് സ്വീകരിക്കുന്ന നിമിഷം മുതൽ രാജ്യത്ത് അടിച്ചുവീശുന്ന വർഗീയ വിരുദ്ധ കാറ്റിൽ ബി.ജെ.പി തകർന്നടിയും എന്ന കാര്യത്തിൽ തർക്കം വേണ്ട.

## സംസ്ഥാനങ്ങളിലെ സ്വാധീനം എത്രമാത്രമുണ്ട്?

വിവിധ സംസ്ഥാനങ്ങളിലെ ബിജെപിയുടെ നിയമസഭാ പങ്കാളിത്തം (2022 മാർച്ച് 27 നുള്ള നില) പരിശോധിച്ചാൽ വർഗീയ കക്ഷികൾക്ക് ഇന്ത്യ കീഴടങ്ങി എന്നത് ചിലർ ബോധപൂർവം ഉയർത്തിക്കൊണ്ടുവന്ന കൃത്രിമ പൊതുബോധമാണെന്ന് കൂടുതൽ വ്യക്തമാകും.

| Sl No | States | Total seats | BJP | INC | NDA | UPA | OTHERS |
|---|---|---|---|---|---|---|---|
| 1 | Andhra Pradesh | 175 | 0 | 0 | 1 | 0 | 0 |
| 2 | Kerala | 140 | 0 | 21 | 0 | 15 | 104 |
| 3 | Mizoram | 40 | 1 | 5 | 0 | 0 | 34 |
| 4 | Meghalaya | 60 | 2 | 5 | 39 | 1 | 13 |
| 5 | Punjab | 117 | 2 | 18 | 0 | 1 | 96 |
| 6 | Telangana | 119 | 3 | 6 | 0 | 0 | 110 |
| 7 | Tamil Nadu | 234 | 4 | 18 | 72 | 140 | 0 |
| 8 | Delhi | 70 | 8 | 0 | 0 | 0 | 62 |
| 9 | Puducherry | 33 | 9 | 2 | 16 | 6 | 0 |
| 10 | Nagaland | 60 | 12 | 0 | 48 | 0 | 0 |
| 11 | Sikkim | 32 | 12 | 0 | 0 | 0 | 1 |
| 12 | Chhattisgarh | 90 | 14 | 70 | 0 | 0 | 0 |
| 13 | Goa | 40 | 20 | 11 | 3 | 1 | 0 |
| 14 | Odisha | 147 | 22 | 9 | 1 | 1 | 114 |
| 15 | Jharkhand | 82 | 26 | 18 | 2 | 33 | 3 |
| 16 | Manipur | 60 | 32 | 5 | 21 | 0 | 2 |
| 17 | Tripura | 60 | 33 | 0 | 7 | 0 | 15 |
| 18 | Haryana | 90 | 40 | 31 | 16 | 0 | 2 |
| 19 | Himachal Pradesh | 68 | 43 | 22 | 0 | 0 | 2 |
| 20 | Uttarakhand | 70 | 47 | 19 | 2 | 0 | 2 |
| 21 | Arunachal Pradesh | 60 | 48 | 4 | 6 | 0 | 0 |
| 22 | Assam | 126 | 63 | 27 | 16 | 1 | 0 |
| 23 | West Bengal | 294 | 70 | 0 | 0 | 0 | 222 |
| 24 | Rajasthan | 200 | 71 | 108 | 0 | 13 | 8 |
| 25 | Bihar | 243 | 77 | 19 | 50 | 0 | 0 |
| 26 | Maharashtra | 288 | 106 | 43 | 7 | 127 | 4 |
| 27 | Gujarat | 182 | 111 | 64 | 0 | 1 | 0 |
| 28 | Karnataka | 225 | 121 | 69 | 1 | 1 | 1 |
| 29 | Madhya Pradesh | 230 | 127 | 96 | 4 | 0 | 84 |
| 30 | Uttar Pradesh | 403 | 255 | 2 | 18 | 0 | 128 |
| | TOTAL | 4038 | 1379 | 692 | 330 | 341 | 1007 |

Total Legislative Assemblies : 30

Total Legislative Seats : 4038

| Total Legislative Seats in India 4038 | | | | |
|---|---|---|---|---|
| BJP | INC | NDA | UPA | OTHERS |
| 1379 | 692 | 330 | 341 | 1107 |
| 37% | 18% | 9% | 9% | 27% |

175 നിയമസഭാ സീറ്റുള്ള ആന്ധ്രയിലും 140 സീറ്റുള്ള കേരളത്തിലും ബിജെപിക്ക് ഒരു സീറ്റു പോലും ലഭിച്ചിട്ടില്ല. താഴെ പറയുന്ന 7 സംസ്ഥാനങ്ങളിൽ നാമമാത്രമായ പ്രാധിനിധ്യം മാത്രമാണുള്ളത്. താഴെ കൊടുത്ത ചാർട്ട് പരിശോധിച്ചാൽ ഇന്ത്യ ബിജെപിയുടെ മറുപക്ഷത്താണ് ഇപ്പോഴുമുള്ളതെന്ന് സുതരാം വ്യക്തമാകും.

ഈ ചാർട്ടിൽനിന്നും മനസ്സിലാക്കാവുന്ന കാര്യങ്ങൾ ഇതാണ്:

1. ആന്ധ്ര, കേരളം എന്നീ സംസ്ഥാനങ്ങളിൽ ബിജെപിക്ക് ഒരു സീറ്റുപോലും ഇല്ല.
2. ഏഴ് സംസ്ഥാനങ്ങളിൽ നാമമാത്രമായ പ്രാതിനിധ്യം മാത്രമാണുള്ളത്. (മിസോറാം 1/40, മേഘാലയ 2/60, പഞ്ചാബ് 2/117, തെലുങ്കാന 3/119,

924071271 വോട്ടർമാരാണ് ആകെ ഉണ്ടായിരുന്നത്. അതിൽ 621281743 വോട്ടർമാരുടെ വോട്ടുകൾ മാത്രമാണ് പോൾ ചെയ്തത്. 302789528 പേർ വോട്ടവകാശം വിനിയോഗിക്കാത്തവരാണ്. ന്യായമായ കാരണങ്ങളാൽ വോട്ട് ചെയ്യാത്തവരെ മാറ്റിനിർത്തിയാലും വലിയൊരുവിഭാഗം ജനാധിപത്യ പ്രക്രിയയിൽനിന്ന് പിന്തിരിഞ്ഞു നടക്കുന്നുണ്ട് എന്നത് ഗൗരവമായ പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്. 37.36% ബിജെപിക്ക് ലഭിച്ചപ്പോൾ 37.53 മൂന്ന് ശതമാനം വോട്ടുകൾ മതനിരപേക്ഷ കക്ഷികൾക്ക് ലഭിച്ചിട്ടുണ്ട്. 29.07 ശതമാനം പേർ വോട്ട് ചെയ്യാത്തവരുമാണ്. 66.6 ശതമാനം ഇന്ത്യക്കാർ ഇപ്പോഴും ബിജെപിയെ സ്വീകരിച്ചിട്ടില്ലെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പ് വ്യക്തമാക്കുന്നുണ്ട്.

തമിഴ്നാട് 4/234, ഡൽഹി 8/70, പുതുച്ചേരി 9/33).

3. ബിജെപിക്ക് കൂട്ടുകക്ഷി സർക്കാറുള്ള മേഘാലയ 2/60, നാഗാലാൻഡ് 12/60, പുതുച്ചേരി 9/33, സിക്കിം 12/32 എന്നീ സംസ്ഥാനങ്ങളിലെ ബിജെപിയുടെ സീറ്റ് നിലയും ശുഭകരമല്ല.
4. രാജ്യത്തെ ഇരുപത് സംസ്ഥാനങ്ങളിലും ഇരുപതിൽ താഴെ എംഎൽഎ സീറ്റ് മാത്രമാണ് ഇപ്പോഴും ബിജെപിക്ക് ഉള്ളത്.
5. ആകെയുള്ള 4038 അസംബ്ലി സീറ്റുകളിൽ ബിജെപിക്ക് 1379 സീറ്റുകൾ മാത്രമാണുള്ളത്.
6. അതിൽ 950 സീറ്റുകളും ഗുജറാത്ത്, മഹാരാഷ്ട്ര, കർണാടക, യു.പി. മധ്യപ്രദേശ്. രാജസ്ഥാൻ തുടങ്ങിയ ആറ് സംസ്ഥാനങ്ങളിൽനിന്നാണ്.
7. സീറ്റുകളുടെ ശതമാനം നോക്കിയാൽ ബിജെപി 37 ശതമാനവും മതേതരകക്ഷികൾ 63 ശതമാനവും ആണ്.
8. ബിജെപി ചരിത്രത്തിലെ എക്കാലത്തെയും ശക്തമായ അവസ്ഥയിലാണെങ്കിൽ മുഖ്യ പ്രതിപക്ഷ പാർട്ടിയായ കോൺഗ്രസ്സ് ചരിത്രത്തിലെ എക്കാലത്തെയും ദുർബലമായ സാഹചര്യത്തിലൂടെ കടന്നു പോകുമ്പോഴും 63% സീറ്റുകളും മതേതരകക്ഷികൾ നിലനിർത്തിയിട്ടുണ്ട്.
9. എൻഡിഎ മുന്നണി ശക്തിപ്പെടുമ്പോഴും അതിലുള്ള കക്ഷികൾ ദുർബലമാണ്. യുപിഎ മുന്നണി ദുർബലമാണ് എങ്കിലും അതിലുള്ള കക്ഷികൾ എൻഡിഎ കക്ഷികളെ അപേക്ഷിച്ച് ശക്തരാണ്.
10. 938 സീറ്റുകൾ എട്ട് സംസ്ഥാനങ്ങളിൽനിന്നാണ് ലഭിച്ചിരിക്കുന്നത്. 20ൽ കൂടുതൽ സംസ്ഥാനങ്ങളിലും ബിജെപി ദുർബലമാണ്.
11. മേൽ നിരീക്ഷണങ്ങളിൽനിന്ന് ഒരുകാര്യം വ്യക്തമാണ്; ബിജെപിയുടെ തരംഗമോ

**വർഗീയത ആളിക്കത്തിച്ച് വിഭാഗീയത ശക്തിപ്പെടുത്താനായി ബിജെപി കൃത്രിമമായി പടച്ചുണ്ടാക്കുന്ന പ്രാദേശിക പ്രശ്നങ്ങളെ നമ്മളായിട്ട് വലുതാക്കാതിരിക്കാൻ ശ്രദ്ധിക്കണം. എല്ലാ പ്രശ്നങ്ങളും വളരെവേഗം കോടതിയിൽ എത്തിക്കുന്നത് ഗുണത്തെക്കാൾ ഏറെ ദോഷം ചെയ്യാനാണ് സാധ്യത. ഒന്നോരണ്ടോ സ്ഥലങ്ങളിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾ കോടതിവിധിയോടെ രാജ്യവ്യാപകമായി എല്ലാരും അനുഭവിക്കേണ്ട സാഹചര്യമാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നാം നേരിടുന്ന പ്രശ്നങ്ങളെ മുസ്‌ലിം പ്രശ്നം മാത്രമാക്കി അവതരിപ്പിക്കാതിരിക്കാൻ ജാഗ്രത കാണിക്കണം. സിഎഎ, ഹിജാബ് വിലക്ക്, വിവാഹപ്രായം എന്നിവ ഭരണഘടനയെയും മതേതരത്വത്തെയും കുടുംബ സംവിധാനത്തെയും ബാധിക്കുന്ന വിഷയമായാണ് ഉയർത്തിക്കൊണ്ടുവരേണ്ടത്.**

കൊടുങ്കാറ്റോ അല്ല രാജ്യത്തുള്ളത്. മതനിരപേക്ഷ കക്ഷികളുടെ ഐക്യമില്ലായ്മയാണ് അടിസ്ഥാനപ്രശ്നം.

ഇത് തിരിച്ചറിഞ്ഞാൽ ഇന്ത്യയെ തിരിച്ചുപിടിക്കാൻ സാധിക്കും; തീർച്ച. നിരാശയല്ല; പ്രതീക്ഷയാണ് ഓരോ ഇന്ത്യൻ പൗരനെയും മുന്നോട്ട് നയിക്കേണ്ടത്. മുൻനിര ദേശീയ ചാനലുകളും മാധ്യമങ്ങളും ഈ സത്യം വേണ്ടത്ര പ്രാധാന്യത്തോടെ ഉയർത്തിക്കാണിക്കുന്നില്ല. അതിനാൽ ആളുകൾ സത്യം അറിയണം. ബിജെപി നമ്മെയാകെ അടക്കി ഭരിക്കുകയാണ് എന്ന മിഥ്യാധാരണ മാറ്റിയെടുക്കാനും യാഥാർഥ്യങ്ങൾ കഴിയുന്നത്ര ആളുകളിലേക്ക് എത്തിക്കാനും ഓരോരുത്തരും പരിശ്രമിക്കണം. ഫാഷിസ്റ്റ് രഹിത ഇന്ത്യക്കായി ഒറ്റക്കെട്ടായി നിന്നാൽ തീരാവുന്നതേയുള്ളൂ അവരുടെ തേരോട്ടം .

## നാം തിരിച്ചറിയേണ്ട മറ്റ് ചില യാഥാർഥ്യങ്ങൾ

പൗരത്വ ഭേദഗതി നിയമം (CAA 2019), കർഷക നിയമം (2021) എന്നിവയ്ക്കെതിരെയുള്ള സമരത്തിൽ ജാതിമത വ്യത്യാസമില്ലാതെ ഇന്ത്യക്കാർ ഒന്നിച്ച് അണിനിരന്നപ്പോൾ ഫാഷിസം തളരുന്നത് നാം കണ്ടതാണ്. പൗരത്വ സമരം ശക്തിപ്പെട്ടപ്പോൾ കലാപം അഴിച്ചുവിട്ട് അടിച്ചമർത്താനാണ് ശ്രമിച്ചത്. കോവിഡ് വന്നതിനാൽ തുടർ നടപടി ഉണ്ടായില്ലെന്ന് മാത്രം. സിഎഎ യുടെ ചട്ടങ്ങൾ ഇപ്പോഴും ഉണ്ടാക്കാനായിട്ടില്ല. കാനേഷുമാരി കണക്കെടുപ്പ് അതിന്റെ പേരിൽ മുടങ്ങിയിരിക്കുകയാണ്. കാർഷിക നിയമമാകട്ടെ ശക്തമായ സമരം കാരണത്താൽ അവസാനം പിൻവലിക്കേണ്ടിയും വന്നു. പ്രത്യേകമായൊരു മതത്തിന്റെയോ ജാതിയുടെയോ ബാനറിലല്ലാതെ ഇന്ത്യക്കാർ ഒന്നിച്ചു നിരത്തിലിറങ്ങിയാൽ ഫാഷിസം പിന്നോട്ടു പോകുമെന്ന് തന്നെയാണ് ഈ അനുഭവങ്ങൾ നമുക്ക് നൽകുന്ന പാഠം.

## കോർപറേറ്റുകൾ

ഫാഷിസം വളരാൻ കൂട്ടുപിടിക്കാറുള്ളത് കോർപ്പറേറ്റുകളെയാണ്. കോർപ്പറേറ്റുകൾക്ക് പൊതുമേഖലാസ്ഥാപനങ്ങൾ കയ്യിലാക്കാൻ ഏറ്റവും നല്ല സമയം ഫാഷിസ്റ്റുകൾ രാജ്യം ഭരിക്കുമ്പോഴുമാണ്. ഇവർ തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടാണ് ഭരണത്തുടർച്ചയ്ക്ക് സഹായകമായത്. ഭരണത്തെ താങ്ങിനിർത്തുന്ന കോർപ്പറേറ്റും ഭരണനേതൃത്വവും തമ്മിലുള്ള ബന്ധത്തിൽ വിള്ളൽ വീഴാൻ സാധ്യത ഏറെയാണ്. അതിന്റെ ചില ലക്ഷണങ്ങളെല്ലാം പലപ്പോഴും പ്രകടമാകാറുണ്ട്.

ഫാസിസത്തിന്റെ തകർച്ചയിൽ ഈ പ്രശ്നവും സാരമായ പങ്കുവഹിക്കും എന്ന കാര്യം നാം വിസ്മരിക്കരുത്.

### വില വർധന

ഉയർന്നുകൊണ്ടിരിക്കുന്ന ഇന്ധന, പാചകവാതക വിലയും ഔഷധ വിലയുമൊക്കെ ജനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രശ്നങ്ങളായതിനാൽ പൊതുജനവികാരം ആളിക്കത്തിയാൽ പിടിച്ചുനിൽക്കുക പ്രയാസകരമായിരിക്കുമെന്ന കാര്യവും നാം മനസ്സിലാക്കണം.

### സാധ്യതകൾ നിലനിൽക്കുമ്പോൾ നാം ചെയ്യേണ്ടത്?

വർഗീയത ആളിക്കത്തിച്ച് വിഭാഗീയത ശക്തിപ്പെടുത്താനായി ബിജെപി കൃത്രിമമായി പടച്ചുണ്ടാക്കുന്ന പ്രാദേശിക പ്രശ്നങ്ങളെ നമ്മളായിട്ട് വലുതാക്കാതിരിക്കാൻ ശ്രദ്ധിക്കണം. എല്ലാ പ്രശ്നങ്ങളും വളരെവേഗം കോടതിയിൽ എത്തിക്കുന്നത് ഗുണത്തെക്കാൾ ഏറെ ദോഷം ചെയ്യാനാണ് സാധ്യത. ഒന്നോരണ്ടോ സ്ഥലങ്ങളിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾ കോടതിവിധിയോടെ രാജ്യവ്യാപകമായി എല്ലാരും അനുഭവിക്കേണ്ട സാഹചര്യമാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

നാം നേരിടുന്ന പ്രശ്നങ്ങളെ മുസ്‌ലിം പ്രശ്നം മാത്രമാക്കി അവതരിപ്പിക്കാതിരിക്കാൻ ജാഗ്രത കാണിക്കണം. സിഎഎ, ഹിജാബ് വിലക്ക്, വിവാഹപ്രായം എന്നിവ ഭരണഘടനയെയും മതേതരത്വത്തെയും കുടുംബ സംവിധാനത്തെയും ബാധിക്കുന്ന വിഷയമായാണ് ഉയർത്തിക്കൊണ്ടുവരേണ്ടത്.

മതനിരപേക്ഷ ഐക്യത്തെ ദുർബലപ്പെടുത്തും വിധം നിലപാടുകൾ സ്വീകരിക്കുന്ന തീവ്ര സ്വഭാവമുള്ള സംഘടനകളെ മനസ്സുകൊണ്ട് പോലും പിന്തുണക്കാതിരിക്കുന്നതും ഈ സാഹചര്യത്തിൽ സുപ്രധാനമാണ്. മതേതര പക്ഷത്തുള്ള രാഷ്ട്രീയ നേതാക്കൾ, പത്രങ്ങൾ, ചാനലുകൾ, സെലിബ്രിറ്റികൾ, കവികൾ, സാഹിത്യകാരന്മാർ തുടങ്ങിയവരെ ഒറ്റപ്പെട്ട സംഭവങ്ങൾ ഉയർത്തിക്കാട്ടി സംഘിവൽക്കരിക്കാതിരിക്കുക. മാധ്യമപ്രവർത്തകർ, ബ്ലോഗർമാർ, ചാനൽ ചർച്ചയിൽ പങ്കെടുക്കുന്നവർ എന്നിവരുമായി മതനിരപേക്ഷ ആശയങ്ങൾ നിരന്തരമായി സംവദിച്ചുകൊണ്ടിരിക്കുക, അവരുടെ തെറ്റായ നിരീക്ഷണങ്ങളെ വ്യക്തിപരമായ ചർച്ചയിലൂടെ മാറ്റിയെടുക്കാൻ ശ്രമിക്കുക തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിച്ചുകൊണ്ട് മതനിരപേക്ഷ ഐക്യം കാത്തുസൂക്ഷിക്കാൻ കഠിനാധ്വാനം ചെയ്യേണ്ട നാളുകളാണ് നമുക്ക് മുമ്പിലുള്ളത് .

### വിവിധ സമുദായങ്ങൾക്കിടയിലുള്ള ഐക്യം

മതനിരപേക്ഷ ഐക്യം യാഥാർഥ്യമാകണമെങ്കിൽ വിവിധ



**ആയിരം വോട്ടർമാരുള്ള ഒരു വാർഡിൽ 200 വോട്ടുകൾ മാത്രമാണ് വർഗീയ ശക്തികൾക്ക് ഉള്ളത് എന്ന് സങ്കൽപിക്കുക. അവശേഷിക്കുന്ന 800 വോട്ടുകളും മതനിരപേക്ഷ വോട്ടുകളാണ്. ഇവിടെ മതേതര പക്ഷത്തുനിന്ന് മത്സരിക്കുന്ന സ്ഥാനാർഥിക്കു പുറമെ ഐ.എൻ.എൽ, എസ്.ഡി.പി.ഐ, വെൽഫെയർ പാർട്ടി, പിഡിപി തുടങ്ങിയ വ്യത്യസ്ത കക്ഷികൾ സ്ഥാനാർഥികളെ നിർത്തുമ്പോൾ മതേതര വോട്ടുകൾ വ്യത്യസ്ത പെട്ടികളിൽ വീഴുകയും വർഗീയശക്തികളുടെ വോട്ടുകൾ ഏകീകരിക്കുകയും അവർ വിജയിക്കുകയും ചെയ്യുന്നു. ഈ പ്രതിസന്ധിക്ക് കാരണം മതപരമായ തർക്കങ്ങളല്ല; രാഷ്ട്രീയ ശൈഥില്യമാണ്.**

സമുദായങ്ങൾ തമ്മിൽ ആരോഗ്യകരമായ ബന്ധം കാത്തുസൂക്ഷിക്കണം. ഓരോ സമുദായത്തിനും അവരവരുടെ ആവശ്യങ്ങളും അവകാശങ്ങളും സംരക്ഷിക്കേണ്ടതുണ്ട്. അതിനായി സംഘടിക്കുന്നതും ആക്ഷേപാർഹമല്ല. എന്നാൽ ഒരു സമുദായം സംഘടിക്കുന്നത് മറ്റൊരു സമുദായത്തിന്റെ ആനുകൂല്യം കവർന്നെടുക്കാനോ പരസ്പര വിദ്വേഷം വെച്ചുപുലർത്താനോ ആയിക്കൂടാ.

മുസ്‌ലിം, ക്രിസ്ത്യൻ, ദലിത് തുടങ്ങിയ ന്യൂനപക്ഷങ്ങൾക്കിടയിൽ ഭിന്നിപ്പ് ലക്ഷ്യംവെച്ച് പ്രവർത്തിക്കുന്നവർ ആരായാലും അത്തരക്കാർ മതനിരപേക്ഷ ഐക്യം നാവുകൊണ്ട് പറയുകയും കൈകൊണ്ട് തകർക്കുകയും ചെയ്യുന്നവരാണെന്ന് പറയാതെവയ്യ.

വിവിധ സമുദായങ്ങളെ തമ്മിലകറ്റാനായി തെറ്റിദ്ധാരണകൾ പരത്തുമ്പോൾ സമുദായ നേതാക്കൾ പരസ്പരം കൂടിയിരുന്ന് ചർച്ച ചെയ്യുകയും പരിഹരിക്കുകയും വേണം. ഓരോ സമുദായത്തിലും ഉയർന്നുവരുന്ന തീവ്ര സംഘങ്ങളുമായി കൊമ്പുകോർക്കുമ്പോൾ ആ സമുദായത്തിലെ സമാധാനപ്രിയരായ മഹാഭൂരിപക്ഷത്തെ ശത്രുക്കളാക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

**ക്രൈസ്തവ, മുസ്‌ലിം ന്യൂനപക്ഷ സമുദായങ്ങളെ തമ്മിലകറ്റിയും മുസ്‌ലിം സംഘടനകൾക്ക് അകത്തുള്ള കോഡിനേഷനിൽ വിള്ളൽ വീഴ്ത്തിയും കേരളത്തിന്റെ സോഷ്യൽ എൻജിനീയറിങ്ങിൽ അടിസ്ഥാനപരമായ മാറ്റം കൊണ്ടുവരാനുള്ള ശ്രമം തുടങ്ങിയിട്ട് നാളേറെ ആയെങ്കിലും ഈയിടെയായിട്ടാണ് പ്രസ്തുത ശ്രമത്തിൽ ചില പ്രതീക്ഷകൾ അത്തരക്കാർക്ക് ദർശിക്കാനായത്. കേരളത്തിൽ മുസ്‌ലിം ജനസംഖ്യ 27 ശതമാനം ഉണ്ട്. ശരീഅത്തിനെയും സമുദായത്തെയും മുറിവേൽപിക്കുന്നതിനുള്ള ശ്രമങ്ങൾ ഏതു മുന്നണിയുടെ ഭാഗത്തുനിന്നുണ്ടായാലും മുസ്‌ലിം സംഘടനകളുടെ കോ-ഓർഡിനേഷൻ കമ്മിറ്റി ഒന്നിച്ചൊരു നിലപാട് സ്വീകരിച്ചാൽ അത് കണ്ടില്ലെന്ന് നടിച്ചുകൊണ്ട് മുന്നോട്ടുപോകാൻ നിലവിലുള്ള സാഹചര്യത്തിൽ ആർക്കുമാവില്ല. ഈ കോഡിനേഷൻ തകർത്താൽ ഒറ്റക്കെട്ടായ തീരുമാനങ്ങളെടുക്കാൻ സാധിക്കാതെ വരും. അതുവഴി സമുദായത്തിന്റെ അവകാശങ്ങൾ കവർന്നെടുക്കാൻ ആർക്കും അനായാസം സാധിക്കുകയും ചെയ്യും.**

## മുസ്‌ലിം സമുദായത്തിനിടയിലെ യോജിപ്പ്


മതനിരപേക്ഷ ഐക്യവും വിവിധ സമുദായങ്ങൾക്കിടയലുള്ള ഐക്യവും കാത്തുസൂക്ഷിക്കുമ്പോൾ തന്നെ മുസ്‌ലിം സമുദായത്തിലെ വിവിധ സംഘടനകൾക്കിടയിൽ പൊതുവിഷയങ്ങളിൽ ഐക്യവും യോജിപ്പും നിലനിർത്തണം. മതപരമായ വിഷയങ്ങളിൽ സ്വന്തം നിലപാട് വിട്ടുവീഴ്ച ചെയ്യാതെതന്നെ സമുദായത്തെ പൊതുവായി ബാധിക്കുന്ന വിഷയങ്ങളിൽ ഐക്യപ്പെടാൻ സാധിക്കണം.

## വോട്ട് ഭിന്നിക്കുന്നത് ?

മുസ്‌ലിം സംഘടനകൾക്കിടയിൽ നിലനിൽക്കുന്ന മതപരമായ തർക്കങ്ങൾ കാരണമാണ് മതേതര വോട്ടുകൾ ഭിന്നിക്കുന്നത് എന്ന ആക്ഷേപം പലരും പങ്കുവെക്കാറുണ്ട്. ഈ വീക്ഷണം ശരിയല്ല. മുസ്‌ലിം സംഘടനകൾ അഭിപ്രായവ്യത്യാസങ്ങൾ പരസ്പരം പറയാതിരിക്കുകയാണെങ്കിൽ വ്യത്യസ്ത സംഘടനകളായി നിലകൊള്ളേണ്ടതില്ലല്ലോ. വ്യത്യസ്ത സംഘടനകളായതുതന്നെ വ്യത്യസ്ത അഭിപ്രായങ്ങൾ ഉള്ളതുകൊണ്ടാണ്. ആദർശ വ്യത്യാസങ്ങൾ ആരോഗ്യകരമായി, ഗുണകാംക്ഷയോടെ പങ്കുവെക്കുകയാണ് കരണീയമായിട്ടുള്ളത്. പരസ്പരമുള്ള ദുരാരോപണങ്ങളും വിദ്വേഷങ്ങളും വാഗ്വാദങ്ങളും സംഘർഷ സമാനമായ വാക്പോരും ഒഴിവാക്കി സമചിത്തതയോടെ ആശയ സംവാദത്തിൽ ഏർപ്പെടുകയാണ് മതനേതാക്കൾ ചെയ്യേണ്ടത്. ഇങ്ങനെ ആരോഗ്യകരമായ ആശയ സംവാദത്തിൽ ഏർപ്പെടുന്ന സംഘടനകൾ തെരഞ്ഞെടുപ്പിൽ മതനിരപേക്ഷ കക്ഷികളെ വിജയിപ്പിക്കുന്നതിൽ ഇടഞ്ഞുനിൽക്കാറില്ല. അതിന്റെ പേരിൽ വോട്ട് ഭിന്നിക്കാറുമില്ല. മുസ്‌ലിം പ്ലാറ്റ്ഫോമിൽ നിന്നുതന്നെ ഒന്നിലധികം പൊളിറ്റിക്കൽ മൂവ്മെന്റുകൾ ഉണ്ടായിവരുന്നതാണ് വോട്ട് ഭിന്നിക്കാൻ ഇടയാക്കുന്നത്.



ആയിരം വോട്ടർമാരുള്ള ഒരു വാർഡിൽ 200 വോട്ടുകൾ മാത്രമാണ് വർഗീയ ശക്തികൾക്ക് ഉള്ളത് എന്ന്



സങ്കൽപിക്കുക. അവശേഷിക്കുന്ന 800 വോട്ടുകളും മതനിരപേക്ഷ വോട്ടുകളാണ്. ഇവിടെ മതേതര പക്ഷത്തുനിന്ന് മത്സരിക്കുന്ന സ്ഥാനാർഥിക്കു പുറമെ ഐ.എൻ.എൽ, എസ്.ഡി.പി.ഐ, വെൽഫെയർ പാർട്ടി, പിഡിപി തുടങ്ങിയ വ്യത്യസ്ത കക്ഷികൾ സ്ഥാനാർഥികളെ നിർത്തുമ്പോൾ മതേതര വോട്ടുകൾ വ്യത്യസ്ത പെട്ടികളിൽ വീഴുകയും വർഗീയശക്തികളുടെ വോട്ടുകൾ ഏകീകരിക്കുകയും അവർ വിജയിക്കുകയും ചെയ്യുന്നു. ഈ പ്രതിസന്ധിക്ക് കാരണം മതപരമായ തർക്കങ്ങളല്ല; രാഷ്ട്രീയ ശൈഥില്യമാണ്.

### കേരളത്തിലെ മുസ്‌ലിം കോർഡിനേഷൻ കമ്മിറ്റിയും ചില മുന്നറിയിപ്പുകളും


കേരളത്തിൽ വർഗീയശക്തികൾക്ക് വേരുപിടിക്കാൻ സാധിക്കാത്തതിനും സമുദായത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ധാരാളം കാരണങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു ഘടകം ന്യൂനപക്ഷങ്ങളുടെ പരസ്പര സൗഹാർദത്തോടെയുള്ള രാഷ്ട്രീയ ഇടപെടൽ തന്നെയായിരുന്നു. മറ്റൊന്ന് മുസ്‌ലിം സംഘടനകൾക്കിടയിൽ പൊതുവിഷയങ്ങളിൽ ഐക്യത്തോടെയുള്ള നിലപാടുകളും.

ക്രൈസ്തവ, മുസ്‌ലിം ന്യൂനപക്ഷ സമുദായങ്ങളെ തമ്മിലകറ്റിയും മുസ്‌ലിം സംഘടനകൾക്ക് അകത്തുള്ള കോഡിനേഷനിൽ വിള്ളൽ വീഴ്ത്തിയും കേരളത്തിന്റെ സോഷ്യൽ എൻജിനീയറിങ്ങിൽ അടിസ്ഥാനപരമായ മാറ്റം കൊണ്ടുവരാനുള്ള ശ്രമം തുടങ്ങിയിട്ട് നാളേറെ ആയെങ്കിലും ഈയിടെയായിട്ടാണ് പ്രസ്തുത ശ്രമത്തിൽ ചില പ്രതീക്ഷകൾ അത്തരക്കാർക്ക് ദർശിക്കാനായത്. കേരളത്തിൽ മുസ്‌ലിം ജനസംഖ്യ 27 ശതമാനം ഉണ്ട്.

ശരീഅത്തിനെയും സമുദായത്തെയും മുറിവേൽപിക്കുന്നതിനുള്ള ശ്രമങ്ങൾ ഏതു മുന്നണിയുടെ ഭാഗത്തുനിന്നുണ്ടായാലും മുസ്‌ലിം സംഘടനകളുടെ കോ-ഓർഡിനേഷൻ കമ്മിറ്റി ഒന്നിച്ചൊരു നിലപാട് സ്വീകരിച്ചാൽ അത് കണ്ടില്ലെന്ന് നടിച്ചുകൊണ്ട് മുന്നോട്ടുപോകാൻ നിലവിലുള്ള സാഹചര്യത്തിൽ ആർക്കുമാവില്ല. ഈ കോഡിനേഷൻ തകർത്താൽ ഒറ്റക്കെട്ടായ തീരുമാനങ്ങളെടുക്കാൻ സാധിക്കാതെ വരും. അതുവഴി സമുദായത്തിന്റെ അവകാശങ്ങൾ കവർന്നെടുക്കാൻ ആർക്കും അനായാസം സാധിക്കുകയും ചെയ്യും.

ഈയിടെയുണ്ടായ വഖഫ് ബോർഡ് നിയമനം പിഎസ്സിക്ക് വിട്ട നടപടി ചോദ്യം ചെയ്ത് മുസ്‌ലിം കോഡിനേഷൻ സമരവുമായി മുന്നോട്ടുവരികയും പള്ളിയിൽ അക്കാര്യം ബോധവൽക്കരിക്കാൻ തീരുമാനിക്കുകയും ചെയ്തപ്പോൾ ഉണ്ടായ വിവാദം മുസ്‌ലിം നേതൃത്വങ്ങൾ ഗൗരവപൂർവം വിലയിരുത്തേണ്ടതുണ്ട്. നിങ്ങൾ രാഷ്ട്രീയമായും സാമുദായികമായും സംഘടിച്ചു വന്നാൽ പരിഗണിക്കില്ലെന്നും ഓരോ സംഘടനയും നേരിട്ട് വന്നാൽ കേൾക്കാമെന്നുമുള്ള കേരള സർക്കാർ നിലപാട് മുസ്‌ലിം അവകാശ പോരാട്ടത്തിന് വരാനിരിക്കുന്ന നാളുകൾ ഏറെ ദുസ്സഹമാകും എന്നതിന്റെ അപായ സൂചനയാണ്.

ഓരോ സംഘടനയും ഒറ്റയ്ക്ക് ചെന്നാൽ അവരെ പലതും കാണിച്ച് അനുനയിപ്പിക്കാൻ ഭരിക്കുന്ന സർക്കാറിന്ന് ആയുധങ്ങൾ ഏറെയുണ്ടാകും. കുറച്ചുകൂടി മുന്നോട്ടു പോയാൽ ഓരോ പ്രദേശത്തെയും പ്രശ്നങ്ങൾ അവിടെയുള്ള ജില്ലാ പ്രാദേശിക കമ്മിറ്റികൾ പറഞ്ഞാൽമതി എന്നാകും. പിന്നീട് സ്വന്തം പ്രശ്നങ്ങൾ ഓരോ വ്യക്തിയും പറഞ്ഞാൽമതി എന്ന അവസ്ഥയിലേക്ക് അധികദൂരം ഉണ്ടാകില്ല. സംഘടിതശക്തി ക്ഷയിച്ചാൽ ഒറ്റപ്പെടുത്തി വേട്ടയാടാൻ എളുപ്പമാകും. ബംഗാളിലും ബീഹാറിലും യുപിയിലും മുസ്‌ലിം സമുദായം അസംഘടിതരായി എന്നതാണ് അവർ വേട്ടയാടപ്പെടാൻ ഇടയായതെന്ന കാര്യം നാം വിസ്മരിക്കരുത്. മുസ്‌ലിം സമുദായം മറ്റു സമുദായങ്ങളെ പോലെ രാഷ്ട്രീയമായി സംഘടിച്ചാൽ അതിനെ വർഗീയ സംഘാടനമായി ചിത്രീകരിക്കാൻ ആര് ശ്രമിച്ചാലും അത് വകവെച്ചു കൊടുക്കാനാകില്ല. (തുടരും)



# വ്രതവും രോഗശമനവും

ഡോ. ടി. കെ യൂസുഫ്
:9349798262

വ്രതം വിശ്വാസികൾക്ക് നിർബന്ധമാണെങ്കിലും രോഗികൾക്ക് ഈ രംഗത്ത് ഇസ്‌ലാം ഇളവ് അനുവദിച്ചിട്ടുണ്ട്. രോഗികൾ മറ്റു ദിവസങ്ങളിൽ അവ നോറ്റുവീട്ടുകയോ തീരെ അവശരാണെങ്കിൽ ഓരോ നോമ്പിനും പകരം ഒരു സാധുവിന് ഭക്ഷണം നൽകുകയോ ചെയ്താൽ മതി. എന്നാൽ രോഗികൾ വിഷമങ്ങൾ സഹിച്ചുകൊണ്ട് നോമ്പെടുക്കുകയാണെങ്കിൽ അതാണ് അവർക്ക് ഗുണകരം എന്നാണ് ക്വുർആൻ സൂചിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:

''നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ നിന്ന് അത്രയും എണ്ണം നോമ്പെടുക്കേണ്ടതാണ്. ഞെരുങ്ങിക്കൊണ്ട് മാത്രം അതിന്നു സാധിക്കുന്നവർ പകരം ഒരു പാവപ്പെട്ടവന്നുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്. എന്നാൽ ആരെങ്കിലും സ്വയം സന്നദ്ധനായി കൂടുതൽ നന്മചെയ്താൽ അതവന്ന് ഗുണകരമാകുന്നു. നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നതാകുന്നു നിങ്ങൾക്ക് കൂടുതൽ ഉത്തമം'' (അൽബക്വറ: 184).

രോഗശമനത്തിന് ആക്കംകൂട്ടാൻ വ്രതം സഹായകമാണെന്ന് ഒട്ടുമിക്ക വൈദ്യശാസ്ത്ര വിദഗ്ധരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇബ്നു സീനയുടെ വീക്ഷണപ്രകാരം പഴക്കംചെന്ന രോഗങ്ങൾ ശമിക്കണമെങ്കിൽ ഉപവാസം അനിവാര്യമാണ്. പ്രശസ്ത ജർമൻ ഭിഷഗ്വരനായ ഫെഡറിക് ഹോഫ്മാൻ ഏതുതരം രോഗികളോടും ഭക്ഷണം വർജിക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. കാരണം ഉപവാസം ആമാശയത്തിന് വിശ്രമം നൽകുകയാണ് ചെയ്യുന്നത്. ബാഹ്യ ഇടപെടലുകൾ ഇല്ലാതെ ശരീരത്തിന്റെ സ്വാഭാവികമായ പ്രതിരോധസംവിധാനം ശക്തമാക്കാൻ വ്രതത്തിലൂടെ

**രോഗശമനത്തിന് ആക്കംകൂട്ടാൻ വ്രതം സഹായകമാണെന്ന് ഒട്ടുമിക്ക വൈദ്യശാസ്ത്ര വിദഗ്ധരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇബ്നു സീനയുടെ വീക്ഷണപ്രകാരം പഴക്കംചെന്ന രോഗങ്ങൾ ശമിക്കണമെങ്കിൽ ഉപവാസം അനിവാര്യമാണ്. പ്രശസ്ത ജർമൻ ഭിഷഗ്വരനായ ഫെഡറിക് ഹോഫ്മാൻ ഏതുതരം രോഗികളോടും ഭക്ഷണം വർജിക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. കാരണം ഉപവാസം ആമാശയത്തിന് വിശ്രമം നൽകുകയാണ് ചെയ്യുന്നത്. ബാഹ്യ ഇടപെടലുകൾ ഇല്ലാതെ ശരീരത്തിന്റെ സ്വാഭാവികമായ പ്രതിരോധസംവിധാനം ശക്തമാക്കാൻ വ്രതത്തിലൂടെ സാധിക്കും. നോമ്പിലൂടെ ദഹന സംവിധാനത്തിന് വിശ്രമം ലഭിക്കുന്നതുകൊണ്ട് പിന്നീട് പൂർവോപരി സജീവമായി പ്രവർത്തനക്ഷമമാകാൻ അതിന് കഴിയും. രോഗികളെ സംബന്ധിച്ചിടത്തോളം അവരുടെ ശരീരത്തിന് ഭക്ഷണം ദഹിപ്പിക്കാനുള്ള കഴിവുണ്ടാകുകയില്ല. രോഗികൾ അമിതമായി ഭക്ഷണം അകത്താക്കിയാൽ ദഹന സംവിധാനത്തിന് മാത്രമല്ല ശരീരത്തിലെ മുഴുവൻ പ്രതിരോധസംവിധാനത്തിന്റെ പ്രവർത്തനത്തിനും അത് വിലങ്ങുതടിയായി മാറുകയാണ് ചെയ്യുക. അതുകൊണ്ടാണ് പാശ്ചാത്യരും പൗരസ്ത്യരുമായ സകല പ്രകൃതി ചികിത്സകരും രോഗികൾക്ക് ഉപവാസം ശുപാർശ ചെയ്യാറുള്ളത്.**



സാധിക്കും. നോമ്പിലൂടെ ദഹന സംവിധാനത്തിന് വിശ്രമം ലഭിക്കുന്നതുകൊണ്ട് പിന്നീട് പൂർവോപരി സജീവമായി പ്രവർത്തനക്ഷമമാകാൻ അതിന് കഴിയും. രോഗികളെ സംബന്ധിച്ചിടത്തോളം അവരുടെ ശരീരത്തിന് ഭക്ഷണം ദഹിപ്പിക്കാനുള്ള കഴിവുണ്ടാകുകയില്ല. രോഗികൾ അമിതമായി ഭക്ഷണം അകത്താക്കിയാൽ ദഹന സംവിധാനത്തിന് മാത്രമല്ല ശരീരത്തിലെ മുഴുവൻ പ്രതിരോധസംവിധാനത്തിന്റെ പ്രവർത്തനത്തിനും അത് വിലങ്ങുതടിയായി മാറുകയാണ് ചെയ്യുക. അതുകൊണ്ടാണ് പാശ്ചാത്യരും പൗരസ്ത്യരുമായ സകല പ്രകൃതി ചികിത്സകരും രോഗികൾക്ക് ഉപവാസം ശുപാർശ ചെയ്യാറുള്ളത്.

### വ്രതവും പ്രമേഹവും

നല്ലൊരു ശതമാനം പ്രമേഹരോഗികൾക്കും യാതൊരു പ്രയാസവും കൂടാതെ തന്നെ വ്രതമനുഷ്ഠിക്കാവുന്നതാണ്. രക്തത്തിലെ പഞ്ചസാരയുടെ അളവ് പെട്ടെന്ന് ക്രമാതീതമായി കുറയുന്ന പ്രമേഹ രോഗികൾക്കും പ്രമേഹത്തോടൊപ്പം വേറെയും സങ്കീർണമായ രോഗങ്ങളുടെ വിഷമമനുഭവിക്കുന്നവർക്കും നോമ്പെടുക്കാൻ പ്രയാസമായിരിക്കും. എന്നാൽ മിക്കവാറും പ്രമേഹ രോഗികളെ സംബന്ധിച്ചിടത്തോളവും വ്രതം അവരുടെ രോഗപീഡകളെ ലഘൂകരിക്കുകയാണ് ചെയ്യുന്നത്. റമദാൻ വ്രതമനുഷ്ഠിക്കുന്ന ടൈപ്പ്-2 പ്രമേഹ ബാധിതരിൽ നടത്തിയ പഠനങ്ങളിൽനിന്നും വ്രതം അവർക്ക് യാതൊരു ആരോഗ്യ പ്രശ്നവും സൃഷ്ടിക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. വ്രതംമൂലം ശരീരഭാരം അൽപം കുറയുമെങ്കിലും രക്തത്തിലെ ഹീമോഗ്ലോബിനും പ്രോട്ടീനിനും കാര്യമായ മാറ്റമൊന്നും ദർശിക്കപ്പെട്ടിട്ടില്ല. എന്നാൽ രക്തത്തിലെ പഞ്ചസാരയുടെ അളവിൽ കാര്യമായ കുറവ് കാണപ്പെടുകയുണ്ടായിട്ടുണ്ട്.

പെപ്റ്റിക് അൾസർ (ആമാശയവൃണം) ബാധിച്ച രോഗികളെ സംബന്ധിച്ചിടത്തോളം ഭക്ഷണം കഴിക്കാതിരിക്കുന്നത് അവരുടെ വയറ്റിലെ എരിച്ചിൽ വർധിപ്പിക്കാറുണ്ടെങ്കിലും വ്രതം എടുക്കുന്നത് അവരുടെ ആമാശയത്തിലെ അമ്ലത്തിന്റെ അളവ് നിയന്ത്രിക്കാൻ സഹായകമാകുന്നുണ്ട്. അമ്ലഗുണമുള്ള ആഹാരങ്ങൾ അവർ അത്താഴത്തിന് കഴിക്കരുതെന്ന് മാത്രം. അതുപോലെ മൂത്രാശയത്തിലെ കല്ല്, വൃക്കയുടെ തകരാറ് എന്നീ പ്രയാസങ്ങൾ അനുഭവിക്കുന്നവരോട് അധികം വെള്ളം കുടിക്കാൻ ആവശ്യപ്പെടാറുണ്ട്. എന്നാൽ ഒരു നോമ്പുകാരൻ വെള്ളം കുടിച്ചില്ലെങ്കിലും അതുകൊണ്ട് മാത്രം അവന്റെ

മൂത്രശായത്തിൽ കല്ല് രൂപപ്പെടുകയോ വൃക്കയുടെ പ്രവർത്തനം അവതാളത്തിലാകുകയോ ചെയ്യുന്നില്ല. മറിച്ച് വ്രതം വൃക്കയുടെ പ്രവർത്തനങ്ങൾക്ക് വിശ്രമം നൽകുന്നതിലൂടെ അതിനെ പ്രവർത്തനക്ഷമമാക്കുക യും രോഗങ്ങളിൽനിന്ന് അതിനെ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. രക്തത്തിലെ മാലിന്യങ്ങൾ നീക്കംചെയ്യുന്ന ജോലിയാണല്ലോ വൃക്ക പ്രധാനമായും നിർവഹിക്കുന്നത്, ഭക്ഷണത്തിലൂടെയാണ് കാര്യമയി മാലിന്യങ്ങൾ ശരീരത്തിലെത്തുന്നത്. മനുഷ്യന് അത്യാവശ്യമുള്ള വൈറ്റമിനുകളും ലവണങ്ങളും അമിതമായാൽ വൃക്ക അതിനെ പുറന്തള്ളുകയാണ് ചെയ്യാറുള്ളത്. രാസവസ്തുക്കളും വിഷാംശങ്ങളും ഒട്ടും കുറവില്ലാത്ത 'അതിവേഗ ആഹാരങ്ങൾ' അകത്താക്കുന്നവരുടെ വൃക്കകളുടെ ജോലിഭാരം വീണ്ടും അധികരിക്കുകയാണ്. എന്നാൽ നോമ്പെടുക്കുന്നതിലൂടെ മനുഷ്യൻ കഴിക്കുന്ന ഭക്ഷണപാനീയങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതോടുകൂടി പുറന്തള്ളപ്പെടുന്ന ഭക്ഷ്യജന്യമാലിന്യങ്ങളിലും കുറവ് വരികയും വൃക്കയുടെ ജോലിഭാരം കുറയുകയും ചെയ്യും. നോമ്പുകാരൻ പകൽസമയത്ത് വെള്ളം കുടിക്കാത്തത് കൊണ്ട് അവന്റെ മൂത്രത്തിന് നിറവ്യത്യാസം കാണുമെങ്കിലും ആരോഗ്യത്തിന് അപകടകരമാകുന്ന രൂപത്തിൽ യാതൊരു ലവണങ്ങളും അതിലൂടെ നഷ്ടപ്പെടുന്നില്ല. തന്നെയുമല്ല, നോമ്പ് തുറന്നതിന് ശേഷം ധാരാളം വെള്ളം കുടിക്കുന്നതോടുകൂടി വീണ്ടും മൂത്രം തെളിയുകയും ചെയ്യാറുണ്ട്.

രക്തത്തിലെ ചീത്ത കൊളസ്ട്രോളിന്റെ അളവ് കുറക്കാനും അതോടൊപ്പം നല്ല കൊളസ്ട്രോളിന്റെ അളവ് വർധിപ്പിക്കാനും റമദാൻ വ്രതം ഏറ്റവും നല്ല ചികിത്സാരീതിയാണ്. കൊളസ്ട്രോളിന്റെ അളവ് ക്രമീകരിക്കാൻ പ്രഭാതസവാരിയും വ്യായാമവുമാണ് ഡോക്ടർമാർ നിർദേശിക്കാറുള്ളത്. എന്നാൽ നോമ്പെടുക്കുന്നവർ പകൽസമയത്ത് അത്യാവശ്യമായ ജീവിതവൃത്തികളിൽ മുഴുകുയാണെങ്കിൽ അതിലൂടെ അവരുടെ രക്തത്തിലെ കൊളസ്ട്രോളിന്റെ അളവ് നിയന്ത്രിക്കാനാകും. നോമ്പെടുത്തുകൊണ്ട് പകൽ മുഴുവൻ ഉറങ്ങിയും വെറുതെയിരുന്നും സമയം കളയുന്നവർക്ക് ഈ ഗുണം ലഭിച്ചെന്ന് വരികയില്ല. മനുഷ്യൻ തന്റെ ഉപജീവനത്തിനായി അധ്വാനിക്കുകയും പാടുപെടുകയും ചെയ്യുന്ന പകൽസമയത്താണ് അല്ലാഹു നോമ്പ് നിർബന്ധമാക്കിയിട്ടുള്ളത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഉപവാസമനുഷ്ഠിച്ച് കൊണ്ട് ഉറങ്ങിയും വെറുതെയിരുന്നും കഴിയുന്നതാണ് മനുഷ്യന് ആത്മീയമായും ആരോഗ്യപരമായും ഉത്തമമെങ്കിൽ രാത്രി സമയത്തായിയിക്കുമല്ലോ അല്ലാഹു നോമ്പ് നിർബന്ധമാക്കേണ്ടിയിരുന്നത്.

റമദാൻ വ്രതമനുഷ്ഠിക്കുന്നവരുടെ രക്തത്തിലെ ഹോർമോൺനില പരിശോധിച്ച് നടത്തിയ പഠനങ്ങളിലൊന്നും നോമ്പ് മൂലം അവരുടെ ആരോഗ്യത്തിന് അപകടരമായ എന്തെങ്കിലും സംഭവിക്കുമെന്ന് കണ്ടെത്തിയിട്ടില്ല. കിംഗ് അബ്ദുൽഅസീസ് യൂണിവേഴ്സിറ്റിയിലെ പ്രോഫസറായ ഡോ. മൻസൂർ സുലൈമാൻ നോമ്പെടുക്കുന്ന സ്ത്രീകളിൽ നടത്തിയ പഠനത്തിൽ വ്രതം അവരുടെ പ്രത്യുത്പാദനക്ഷമത വർധിപ്പിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. വ്രതംമൂലം അവരുടെ രക്തത്തിലെ പ്രോജസ്റ്ററോണിന്റെ അളവിന് മാറ്റം സംഭവിക്കാതിരിക്കുകയും പ്രോലാക്ടിന്റെ അളവ് കുറയുന്നതായും കണ്ടെത്തുകയുണ്ടായി. 22 മുതൽ 25 വരെ പ്രായമുള്ള യുവതികളിൽ അദ്ദേഹം നടത്തിയ പഠനമാണ് സ്ത്രീകളിലെ വന്ധ്യാത പ്രശ്നത്തിന് ഒരളവോളം പരിഹാരമാകുന്ന ഈ വസ്തുത വെളിപ്പെടുത്തിയത്.

കരളിലെ കോശങ്ങൾക്ക് വ്രതം ഒരനുഗ്രഹമാണ്. ശരീരത്തിന്റെ ഉപാചയപ്രവർത്തനത്തിൽ കരളിനുള്ള പങ്ക് നിസ്തുലമാണ്. മനുഷ്യശരീരത്തിൽ ഇത്രയധികം ധർമങ്ങൾ നിർവഹിക്കുന്ന മറ്റു വല്ല അവയവവുമുണ്ടോ എന്ന കാര്യം സംശയമാണ്. അഞ്ഞൂറിലധികം ജീവൽപ്രധാന ധർമങ്ങൾ അത് നിർവഹിക്കുന്നുണ്ട്. ആയിരത്തിലധികം എൻസൈമുകൾ നിർമിക്കുന്ന ഒരു സങ്കീർണ രാസഫാക്ടറിയാണ് കരൾ. കരൾ നിർവഹിക്കുന്ന ധർമങ്ങളിൽ

**മനുഷ്യന് അത്യാവശ്യമുള്ള വൈറ്റമിനുകളും ലവണങ്ങളും അമിതമായാൽ വൃക്ക അതിനെ പുറന്തള്ളുകയാണ് ചെയ്യാറുള്ളത്. രാസവസ്തുക്കളും വിഷാംശങ്ങളും ഒട്ടും കുറവില്ലാത്ത 'അതിവേഗ ആഹാരങ്ങൾ' അകത്താക്കുന്നവരുടെ വൃക്കകളുടെ ജോലിഭാരം വീണ്ടും അധികരിക്കുകയാണ്. എന്നാൽ നോമ്പെടുക്കുന്നതിലൂടെ മനുഷ്യൻ കഴിക്കുന്ന ഭക്ഷണപാനീയങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതോടുകൂടി പുറന്തള്ളപ്പെടുന്ന ഭക്ഷ്യജന്യമാലിന്യങ്ങളിലും കുറവ് വരികയും വൃക്കയുടെ ജോലിഭാരം കുറയുകയും ചെയ്യും. നോമ്പുകാരൻ പകൽസമയത്ത് വെള്ളം കുടിക്കാത്തത് കൊണ്ട് അവന്റെ മൂത്രത്തിന് നിറവ്യത്യാസം കാണുമെങ്കിലും ആരോഗ്യത്തിന് അപകടകരമാകുന്ന രൂപത്തിൽ യാതൊരു ലവണങ്ങളും അതിലൂടെ നഷ്ടപ്പെടുന്നില്ല. തന്നെയുമല്ല, നോമ്പ് തുറന്നതിന് ശേഷം ധാരാളം വെള്ളം കുടിക്കുന്നതോടുകൂടി വീണ്ടും മൂത്രം തെളിയുകയും ചെയ്യാറുണ്ട്.**



അധികവും ആഹാരം, ദഹനം, വിസർജനം എന്നിവയുമായി ബന്ധപ്പെട്ടതാണ്. വ്രതത്തിലൂടെ ഏതാനും മണിക്കൂർ സമയം ശരീരത്തിലേക്ക് ആഹാരപാനീയങ്ങളൊ ന്നും കടന്നുചെല്ലാത്തതുകൊണ്ട് കരളിന് കാര്യമായ വിശ്രമംതന്നെ ലഭിക്കാനിടയുണ്ട്. രക്തത്തിലെ അമിതമായ ഗ്ലൂക്കോസിനെ ഗ്ലൈക്കോജനാക്കി മാറ്റി ആവശ്യാനുസരണം ഊർജ പ്രതിസന്ധി തീർക്കുന്ന പ്രക്രിയയും കരൾതന്നെയാണ് നിർവഹിക്കുന്നത്. സദാസമയവും വയറുനിറച്ച് ആഹാരം കഴിക്കുന്നവരുടെ കരൾ സംഭരിച്ചുവെച്ച ഊർജം വിനിയോഗിക്കപ്പെടാതിരിക്കുകയും അത് കരളിന്റെ കോശങ്ങളുടെ പ്രവർത്തനക്ഷമത നഷ്ടപ്പെടുത്തുകയും ചെയ്യും. നോമ്പെടുക്കുന്നവനെ സംബന്ധിച്ചിടത്തോളം പകൽ ഏതാനും മണിക്കൂറുകൾ കഴിയമ്പോഴേക്കും അത്താഴം ദഹിച്ച് തീരുകയും കരൾ തന്റെ ദൗത്യ നിർവഹണത്തിൽ സജീവമാകുകയും ചെയ്യും.

വിഷനിവാരണമാണ് കരൾ നിർവഹിക്കുന്ന ജീവൽപ്രധാനമായ മറ്റൊരു പ്രവൃത്തി. ഭക്ഷണത്തിലൂടെയും ഔഷധത്തിലൂടെയും വളരെയേറെ വിഷവസ്തുക്കൾ നമ്മുടെ ശരീരത്തിലേക്ക് പ്രവേശിക്കുകയും അതിനുപുറമെ ധാരാളം നമ്മുടെ ശരീരത്തിൽ ആവിർഭവിക്കുകയും ചെയ്യുന്നുണ്ട്. കരളാണ് ഇവയെയെല്ലാം നിർവീര്യമാക്കുന്നത്. കൂടുതൽ വിഷങ്ങൾ അകത്തുചെന്നാൽ കരളിന് കൂടുതൽ ഊർജിതമായി പ്രവർത്തിക്കേണ്ടിവരും. ഇത് തുടർന്നുപോയാൽ കരളിന്റെ ആരോഗ്യം തകരും. മാരകമായ കരൾ രോഗങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യും. നോമ്പെടുക്കുന്നതിലൂടെ കരളിന് ജോലിഭാരം കുറയുകയും തന്മൂലം അതിന്റെ പ്രവർത്തനക്ഷമത വർധിക്കുകയും ചെയ്യും. ദഹനപ്രക്രിയയിൽ പ്രധാന പങ്ക് വഹിക്കുന്ന ആഗ്നേയ ഗ്രന്ഥിക്കും വ്രതത്തിലൂടെ വിശ്രമം ലഭിക്കുകയും ഇൻസുലിൽ ഉത്പാദനം ത്വരിതപ്പെടുകയും ചെയ്യും.

ഇസ്‌ലാം അനുശാസിക്കുന്ന വ്രതം അനുഷ്ഠിക്കുകയാണെങ്കിൽ അത് നല്ലൊരുശതമാനം രോഗികൾക്കും കാര്യമായ ആരോഗ്യ പ്രശ്നങ്ങളൊന്നും ഉണ്ടാക്കാറില്ല. പ്രവാചകൻ നിർദേശിച്ചത് പോലെ അത്താഴം അവഗണിക്കാതിരിക്കുകയും അത് പരമാവധി വൈകിക്കുകയും നോമ്പുതുറ സമയമായ ഉടനെ നടത്തുകയും വേണം. അത്താഴസമയത്തും നോമ്പ് തുറക്കുന്ന സമയത്തും അതിനിടയിലുള്ള ഭക്ഷണ വേളകളിലും അമിതവും ആരോഗ്യകരമല്ലാത്തതുമായ ഭക്ഷണരീതി പാടെ വർജിക്കുകയും ചെയ്യേണ്ടതാണ്.

നോമ്പ് ഒരു ആരാധനാകർമമായതുകൊണ്ട് വ്രതമനുഷ്ഠിക്കുന്നവർ അതിന്റെ ആത്യന്തിക ലക്ഷ്യമായ തക്‌വയും ദൈവപ്രീതിയും കരസ്ഥമാക്കുകയാണ് ലക്ഷ്യമാക്കേണ്ടത് എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ അതുകൊണ്ടുള്ള ഭൗതിക നേട്ടങ്ങളായ ആരോഗ്യഫലങ്ങൾ നാം കാണാതെപോകരുത്. ഇസ്‌ലാമിലെ ആരാധനാകർമങ്ങളിലെല്ലാംതന്നെ ആത്മീയതയോടൊപ്പം ഐഹികമായ ചില നേട്ടങ്ങളും ഒളിഞ്ഞുകിടപ്പുണ്ട് എന്ന സത്യം നമുക്ക് വിസ്മരിക്കാനാവാത്തതാണ്. നമസ്‌കാരത്തിലെ സുജൂദും റുകൂഉം ഹൃദയത്തിന്റെ ജോലിഭാരം കുറക്കുകയും അതിന് വിശ്രമം നൽകുകയും ചെയ്യുന്നുണ്ട്. ഹൃദയവിദാനത്തിന് മുകളിലായി സ്ഥിതിചെയ്യുന്ന ശിരസ്സിലേക്ക് രക്തം പമ്പ് ചെയ്യുന്ന ജോലി

റമദാൻ വ്രതമനുഷ്ഠിക്കുന്നവരുടെ രക്തത്തിലെ ഹോർമോൺനില പരിശോധിച്ച് നടത്തിയ പഠനങ്ങളിലൊന്നും നോമ്പ് മൂലം അവരുടെ ആരോഗ്യത്തിന് അപകടരമായ എന്തെങ്കിലും സംഭവിക്കുമെന്ന് കണ്ടെത്തിയിട്ടില്ല. കിംഗ് അബ്ദുൽഅസീസ് യൂണിവേഴ്സിറ്റിയിലെ പ്രോഫസറായ ഡോ. മൻസൂർ സുലൈമാൻ നോമ്പെടുക്കുന്ന സ്ത്രീകളിൽ നടത്തിയ പഠനത്തിൽ വ്രതം അവരുടെ പ്രത്യുത്പാദനക്ഷമത വർധിപ്പിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. വ്രതംമൂലം അവരുടെ രക്തത്തിലെ പ്രോജസ്റ്ററോണിന്റെ അളവിന് മാറ്റം സംഭവിക്കാതിരിക്കുകയും പ്രോലാക്ടിന്റെ അളവ് കുറയുന്നതായും കണ്ടെത്തുകയുണ്ടായി. 22 മുതൽ 25 വരെ പ്രായമുള്ള യുവതികളിൽ അദ്ദേഹം നടത്തിയ പഠനമാണ് സ്ത്രീകളിലെ വന്ധ്യാത പ്രശ്നത്തിന് ഒരളവോളം പരിഹാരമാകുന്ന ഈ വസ്തുത വെളിപ്പെടുത്തിയത്.

ഹൃദയത്തിന് അൽപം പ്രയാസക രമാണ്. ഇതിന് ആശ്വാസം ലഭി ക്കുന്ന ഏക സമയം സുജൂദിന്റെ അവസ്ഥ മാത്രമാണ്. മനുഷ്യന്റെ ഹൃദയഭാരം കുറക്കാൻ ഈ അവ സ്ഥ വളരെ ഫലപ്രദമാണ്. ഫു ട്ബോൾ കളിയിലും മറ്റും ഗോൾ തെന്നിപ്പോയ ആഘാതത്തിൽ കളിക്കാർ സുജൂദിൽ കിടക്കുന്ന ത് പോലെ ദീർഘ സമയം കിട ക്കുന്നത് അവരുടെ ഹൃദയത്തി ന് അൽപം ആശ്വാസം ലഭിക്കാൻ വേണ്ടിയാണ്. ഒരു വിശ്വാസിക്ക് നമസ്കാരത്തിലൂടെ പാരത്രിക വിജയത്തോടൊപ്പം ഇത്തരത്തി ലുള്ള ആരോഗ്യഫലം കൂടി നേ ടാനാകും. അല്ലാഹു നമസ്കാ രം നിർബന്ധമാക്കിയപ്പോൾ ഈ ഭൗതിക നേട്ടം കൂടി പരിഗണി ച്ചിട്ടുണ്ട് എന്ന് കാണാനാകും. കാരണം സാധാരണ ഗതിയിൽ മനുഷ്യൻ ഉന്മേഷവാനായിരിക്കു ന്ന പ്രഭാത സമയത്ത് രണ്ട് റക്അ ത്ത് നമസ്കാരം മാത്രമാണ് നി ർബന്ധമാക്കിയിട്ടുള്ളത്. പിന്നീട് ദീർഘമായ ഒരു ഇടവേളയിൽ നമസ്കാരമൊന്നുമില്ല. ഉച്ചക്ക് മനുഷ്യൻ ക്ഷീണിതനാകുമ്പോ ൾ നമസ്കാരത്തിന്റെ റക്അത്തി

> **ഒരു വിശ്വാസിക്ക് നമസ്കാരത്തിലൂടെ പാരത്രിക വിജയത്തോടൊപ്പം ഇത്തരത്തിലുള്ള ആരോഗ്യഫലം കൂടി നേടാനാകും. അല്ലാഹു നമസ്കാരം നിർബന്ധമാക്കിയപ്പോൾ ഈ ഭൗതിക നേട്ടം കൂടി പരിഗണിച്ചിട്ടുണ്ട് എന്ന് കാണാനാകും. കാരണം സാധാരണ ഗതിയിൽ മനുഷ്യൻ ഉന്മേഷവാനായിരിക്കുന്ന പ്രഭാത സമയത്ത് രണ്ട് റക്അത്ത് നമസ്കാരം മാത്രമാണ് നിർബന്ധമാക്കിയിട്ടുള്ളത്. പിന്നീട് ദീർഘമായ ഒരു ഇടവേളയിൽ നമസ്കാരമൊന്നുമില്ല. ഉച്ചക്ക് മനുഷ്യൻ ക്ഷീണിതനാകുമ്പോൾ നമസ്കാരത്തിന്റെ റക്അത്തിന്റെ എണ്ണം വർധിച്ച് നലായിമാറുന്നു. അതോടൊപ്പം സുന്നത്തായ നാലോ ആറോ റക്അത്തുകളും അനുശാസിക്കുന്നുണ്ട്. പിന്നീട് മനുഷ്യൻ ക്ഷീണിതനാകുകയും അവന്റെ ഹൃദയഭാരം വർധിക്കുകയും ചെയ്യുന്നതിനുസരിച്ച് നമസ്കാരത്തിന്റെ റക്അത്തുകളുടെ എണ്ണം വർധിക്കുകയും അവയ്കിടയിലുള്ള ഇടവേള കുറഞ്ഞ് കുറഞ്ഞ് വരികയും ചെയ്യുന്നുണ്ട്.**



ന്റെ എണ്ണം വർധിച്ച് നലായിമാറു ന്നു. അതോടൊപ്പം സുന്നത്തായ നാലോ ആറോ റക്അത്തുകളും അനുശാസിക്കുന്നുണ്ട്. പിന്നീ ട് മനുഷ്യൻ ക്ഷീണിതനാകുക യും അവന്റെ ഹൃദയഭാരം വർധി ക്കുകയും ചെയ്യുന്നതിനുസരിച്ച് നമസ്കാരത്തിന്റെ റക്അത്തു കളുടെ എണ്ണം വർധിക്കുകയും അവയ്ക്കിടയിലുള്ള ഇടവേള കുറ ഞ്ഞ് കുറഞ്ഞ് വരികയും ചെയ്യു ന്നുണ്ട്. നമസ്കാരത്തിന് വേണ്ടി വുദൂഅ് എടുക്കുന്നതും ക്ഷീണമ കറ്റി ഉന്മേഷം പ്രദാനം ചെയ്യാൻ പര്യാപ്തമാണ്.

ഇസ്‌ലാമിലെ മറ്റു ആരാധനാ കർമങ്ങളായ സകാത്തിനും ഹജ്ജി നുമെല്ലാം ഭൗതികമായ ചില മാന ങ്ങൾ കൂടിയുണ്ട്. അല്ലാഹുവിന്റെ മാർഗത്തിൽ ധർമസമരം ചെയ്യു ന്നത് സ്വർഗം ലഭിക്കുന്ന വളരെ സവിശേഷമായ ഒരു പുണ്യകർമ മാണ്. എന്നാൽ യുദ്ധം ചെയത് വിജയിക്കുന്നവർക്ക് ഗനീമത്ത് സ്വത്തുക്കളും ലഭിക്കാറുണ്ട്. യു ദ്ധത്തിന് പോകുന്ന സൈനികർ യുദ്ധാർജിത സ്വത്ത് പോലുള്ള ഭൗതിക നേട്ടങ്ങൾ ആഗ്രഹിക്കു ന്നതിനെ ഇസ്‌ലാം വിരോധിക്കു ന്നില്ല. പക്ഷേ, അവരുടെ ആത്യ ന്തിക ലക്ഷ്യം അതായിത്തീരരുത് എന്ന് മാത്രം. ഇസ്‌ലാമിലെ വി ധിവിലക്കുകൾ പരിശോധിച്ചാൽ മനുഷ്യന് ഐഹികവും പാരത്രി കവുമായ നന്മയുള്ള കാര്യങ്ങൾ മാത്രമെ അത് കൽപിക്കുകയും വിരോധിക്കുകയും ചെയ്തിട്ടുള്ളൂ എന്ന് കാണാം. ഇക്കാര്യം ഖുർആ ൻ വ്യക്തമാക്കുന്നുമുണ്ട്:

“അവരോട് അദ്ദേഹം സദാചാ രം കൽപിക്കുകയും, ദുരാചാരത്തി ൽനിന്ന് അവരെ വിലക്കുകയും ചെ യ്യുന്നു. നല്ലവസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്തവ സ്തുക്കൾ അവരുടെ മേൽ നിഷിദ്ധ മാക്കുകയും ചെയ്യുന്നു” (അൽഅ അറാഫ്:156). ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 48

# അൽഫത്ഹ് (വിജയം)

(മദീനയിൽ അവതരിച്ചത്)

إِذْ جَعَلَ ٱلَّذِينَ كَفَرُوا۟ فِى قُلُوبِهِمُ
ٱلْحَمِيَّةَ حَمِيَّةَ ٱلْجَـٰهِلِيَّةِ فَأَنزَلَ ٱللَّهُ
سَكِينَتَهُۥ عَلَىٰ رَسُولِهِۦ وَعَلَى ٱلْمُؤْمِنِينَ
وَأَلْزَمَهُمْ كَلِمَةَ ٱلتَّقْوَىٰ وَكَانُوٓا۟ أَحَقَّ بِهَا
وَأَهْلَهَا ۚ وَكَانَ ٱللَّهُ بِكُلِّ شَىْءٍ عَلِيمًا ﴿٢٦﴾
لَّقَدْ صَدَقَ ٱللَّهُ رَسُولَهُ ٱلرُّءْيَا بِٱلْحَقِّ ۖ
لَتَدْخُلُنَّ ٱلْمَسْجِدَ ٱلْحَرَامَ إِن شَآءَ ٱللَّهُ
ءَامِنِينَ مُحَلِّقِينَ رُءُوسَكُمْ وَمُقَصِّرِينَ لَا
تَخَافُونَ ۖ فَعَلِمَ مَا لَمْ تَعْلَمُوا۟ فَجَعَلَ مِن
دُونِ ذَٰلِكَ فَتْحًا قَرِيبًا ﴿٢٧﴾
هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ
ٱلْحَقِّ لِيُظْهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ ۚ وَكَفَىٰ بِٱللَّهِ
شَهِيدًا ﴿٢٨﴾
مُّحَمَّدٌ رَّسُولُ ٱللَّهِ ۚ وَٱلَّذِينَ مَعَهُۥٓ أَشِدَّآءُ عَلَى ٱلْكُفَّارِ
رُحَمَآءُ بَيْنَهُمْ ۖ تَرَىٰهُمْ رُكَّعًا سُجَّدًا يَبْتَغُونَ فَضْلًا
مِّنَ ٱللَّهِ وَرِضْوَٰنًا ۖ سِيمَاهُمْ فِى وُجُوهِهِم مِّنْ

26. സത്യനിഷേധികൾ തങ്ങളുടെ ഹൃദയങ്ങളിൽ ദുരഭിമാനം-ആ അജ്ഞാനയുഗത്തിന്റെ ദുരഭിമാനം-വെച്ചുപുലർത്തിയ സന്ദർഭം! അപ്പോൾ അല്ലാഹു അവന്റെ റസൂലിന്റെ മേലും സത്യവിശ്വാസികളുടെ മേലും അവന്റെ പക്കൽനിന്നുള്ള മനസ്സമാധാനം ഇറക്കിക്കൊടുത്തു. സൂക്ഷ്മത പാലിക്കാനുള്ള കൽപന സ്വീകരിക്കാൻ അവരെ നിർബന്ധിക്കുകയും ചെയ്തു. (അത് സ്വീകരിക്കാൻ) കൂടുതൽ അർഹതയുള്ളവരും അതിന് അവകാശപ്പെട്ടവരുമായിരുന്നു അവർ. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനായിരിക്കുന്നു.

27. അല്ലാഹു അവന്റെ ദൂതന് സ്വപ്നം സത്യപ്രകാരം സാക്ഷാത്കരിച്ചിരിക്കുന്നു. അതായത് അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം സമാധാനചിത്തരായിക്കൊണ്ട് തല മുണ്ഡനം ചെയ്തവരും മുടി വെട്ടിയവരും ആയിക്കൊണ്ട് നിങ്ങൾ ഒന്നും ഭയപ്പെടാതെ പവിത്രമായ ദേവാലയത്തിൽ പ്രവേശിക്കുകതന്നെ ചെയ്യുന്നതാണ് എന്ന സ്വപ്നം. എന്നാൽ നിങ്ങളറിയാത്തത് അവൻ അറിഞ്ഞിട്ടുണ്ട്. അതിനാൽ അതിന്ന് പുറമെ സമീപസ്ഥമായ ഒരു വിജയം അവൻ ഉണ്ടാക്കിത്തന്നു.

28. സന്മാർഗവും സത്യമതവുമായി തന്റെ റസൂലിനെ നിയോഗിച്ചത് അവനാകുന്നു. അതിനെ എല്ലാ മതത്തിനും മീതെ തെളിയിച്ചുകാണിക്കാൻവേണ്ടി. സാക്ഷിയായിട്ട് അല്ലാഹുതന്നെ മതി.

29. മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൗറാത്തിൽ അവരെ പറ്റിയുള്ള

أَثَرِ ٱلسُّجُودِۚ ذَٰلِكَ مَثَلُهُمۡ فِي ٱلتَّوۡرَىٰةِۚ وَمَثَلُهُمۡ فِي ٱلۡإِنجِيلِ كَزَرۡعٍ أَخۡرَجَ شَطۡـَٔهُۥ فَـَٔازَرَهُۥ فَٱسۡتَغۡلَظَ فَٱسۡتَوَىٰ عَلَىٰ سُوقِهِۦ يُعۡجِبُ ٱلزُّرَّاعَ لِيَغِيظَ بِهِمُ ٱلۡكُفَّارَۗ وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ مِنۡهُم مَّغۡفِرَةً وَأَجۡرًا عَظِيمَۢا ﴿٢٩﴾

ഉപമ. ഇൻജീലിൽ അവരെക്കുറിച്ചുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്തു കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൗതുകം തോന്നിച്ചുകൊണ്ട് അതിന്റെ കാണ്ഡത്തിന്മേൽ നിവർന്നു നിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ടുവരുന്നത്) അവർമൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു. അവരിൽ നിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു.

**26.** അല്ലാഹു പറയുന്നു: (സത്യനിഷേധികൾ തങ്ങളുടെ ഹൃദയങ്ങളിൽ ദുരഭിമാനം-ആ അജ്ഞാതയുഗത്തിന്റെ ദുരഭിമാനം-വെച്ചുപുലർത്തിയ സന്ദർഭം). ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്നെഴുതുന്നതിനെ അവർ നിരാകരിച്ചപ്പോൾ. അമർഷത്തിൽ പ്രവാചകന്റെയും സത്യവിശ്വാസികളുടെയും പ്രവേശനത്തെയും അവർ നിരാകരിച്ചു. ജനങ്ങൾ പറയാതിരിക്കാനാണ് അവർ അങ്ങനെ ചെയ്തത്. ഖുറൈശികളെ കീഴ്പ്പെടുത്തി അവർ മക്കയിൽ പ്രവേശിച്ചു എന്ന്! ഇതും ഇതുപോലെയുള്ളതുമെല്ലാം അജ്ഞാനകാലത്തെ സമ്പ്രദായങ്ങളാണ്. അതിപ്പോഴും അവരുടെ മനസ്സുകളിലുണ്ട്. ഈ തെറ്റുകളെല്ലാം അവരെക്കൊണ്ട് ചെയ്യിച്ചത് ഇതാണ് (ഇപ്പോൾ അല്ലാഹു അവന്റെ റസൂലിന്റെ മേലും സത്യവിശ്വാസികളുടെ മേലും അവന്റെ പക്കൽനിന്നുള്ള മനസ്സമാധാനം ഇറക്കിക്കൊടുത്തു). മുശ്‌രിക്കുകൾക്ക് പ്രേരകമായതുപോലെ കോപം അവരെ നേരിടാൻ വിശ്വാസികൾക്ക് ഒരു കാരണമായില്ല. മറിച്ച്, അല്ലാഹുവിന്റെ തീരുമാനത്തിന് വേണ്ടി അവർ ക്ഷമിച്ചു. അല്ലാഹു പരിശുദ്ധമാക്കിയതിനെ ആദരിക്കുന്നതിനുള്ള നിബന്ധനകൾ അവർ മുറുകെപ്പിടിച്ചു. എന്തൊക്കെത്തന്നെ സംഭവിച്ചാലും ആക്ഷേപിക്കുന്നവന്റെ ആക്ഷേപത്തെയോ പറയുന്നവന്റെ വാക്കുകളെയോ അവർ പരിഗണിച്ചില്ല.

സൂക്ഷ്മത പാലിക്കാനുള്ള കൽപന സ്വീകരിക്കാൻ അവരെ നിർബന്ധിക്കുകയും ചെയ്തു) അത് അല്ലാഹു അല്ലാതെ ആരാധനക്കർഹനില്ല എന്ന വചനവും അതിനോടുള്ള കടമകളുമാണ്. അത് നിർവഹിക്കാൻ അവരെ നിർബന്ധിച്ചു. അവരത് മുറുകെ പിടിക്കുകയും നിർവഹിക്കുകയും ചെയ്തു (അതിന് കൂടുതൽ അവകാശപ്പെട്ടവരായിരുന്നു അവർ). മറ്റുള്ളവരെക്കാൾ സ്വയം അതിന്റെ ആളുകളായവരുമാണവർ. അവരുടെ മനസ്സിലുള്ള നന്മകൾ അല്ലാഹുവിന്നറിയാം (അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനായിരിക്കുന്നു).

**27.** അല്ലാഹു പറയുന്നു: (അല്ലാഹു അവന്റെ ദൂതന് സ്വപ്നം സത്യപ്രകാരം സാക്ഷാത്കരിച്ചിരിക്കുന്നു) അന്ന് നബി(സ്വ) മദീനയിൽവെച്ച് കണ്ട സ്വപ്നം തന്റെ അനുചരന്മാരെ അറിയിച്ചു. മക്കയിൽ പ്രവേശിക്കുമെന്നും കഅ്ബയെ ത്വവാഫ് ചെയ്യുമെന്നും. എന്നാൽ ഹുദൈബിയയിൽ വെച്ചുണ്ടായ സംഭവങ്ങളും മക്കയിൽ പ്രവേശിക്കാതെ തിരിച്ചു പോന്നതും അവരിൽ ധാരാളം സംസാരങ്ങൾക്കിടയാക്കി. അവർ പ്രവാചകനോട് ഇപ്രകാരം ചോദിക്കുന്നിടത്തുവരെ കാര്യങ്ങളെത്തി: 'കഅ്ബയെ ത്വവാഫ് ചെയ്യുമെന്ന് താങ്കൾ ഞങ്ങളോട് പറഞ്ഞിരുന്നില്ലേ?' അപ്പോൾ നബി(സ) പറഞ്ഞു: 'വർഷം ഞാൻ നിങ്ങളോട് പറഞ്ഞിരുന്നോ?' അവർ പറഞ്ഞു: 'ഇല്ല'. അപ്പോൾ നബി(സ്വ) പറഞ്ഞു: 'തീർച്ചയായും നിങ്ങൾ അവിടെ എത്തുകയും ത്വവാഫ് ചെയ്യുകയും ചെയ്യും. അതാണ് അല്ലാഹു ഇവിടെ പറഞ്ഞത് (അല്ലാഹു അവന്റെ ദൂതന് സ്വപ്നം സത്യപ്രകാരം സാക്ഷാത്കരിച്ചിരിക്കുന്നു) അത് സംഭവിക്കുക തന്നെ ചെയ്യും. അത് പുലരുന്നതിൽ വരുന്ന താമസം ഒരു അപാകതയല്ല. (അതായത് അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം സമാധാനചിത്തരായിക്കൊണ്ട്, തലമുണ്ഡനം ചെയ്തവരും മുടിവെട്ടിയവരും ആയിക്കൊണ്ട് നിങ്ങൾ ഒന്നും ഭയപ്പെടാതെ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുകതന്നെ ചെയ്യുന്നതാണ്). ഈ സാഹചര്യത്തിന്റെ താൽപര്യമനുസരിച്ച് പരിശുദ്ധ ഭവനത്തെ ആദരിക്കാനും ഹജ്ജ് കർമങ്ങൾ നിർവഹിക്കാനും. അത് പൂർത്തിയാക്കുന്നതിന്റെ ഭാഗമായി തലമുണ്ഡനം ചെയ്തോ മുടിവെട്ടിയവരായിക്കൊണ്ടോ നിർഭയത്വത്തോടെ. (അവൻ അറിഞ്ഞിട്ടുണ്ട്) അതിലുള്ള ഗുണങ്ങളും പ്രയോജനങ്ങളും. (എന്നാൽ നിങ്ങൾ അറിയാത്തത്. അതിന് പുറമെ അവൻ ഉണ്ടാക്കിത്തന്നു) ആ രൂപത്തിലൊരു പ്രവേശനം (സമീപസ്ഥമായ ഒരു വിജയം).

**28.** ഈ സംഭവങ്ങളെല്ലാം സത്യവിശ്വാസികളി

ൽ ചിലരുടെ ഹൃദയങ്ങളിൽ ചില ആശയക്കുഴപ്പങ്ങൾ ഉണ്ടാക്കിയതുകൊണ്ടും അതിന്റെയെല്ലാം യുക്തി അവർക്ക് അവ്യക്തമായതിനാലും അവർക്ക് അല്ലാഹു അതിന്റെ പ്രയോജനവും യുക്തിയുമെല്ലാം വിശദീകരിച്ചുകൊടുക്കുന്നു. ഇപ്രകാരം തന്നെയാണ് മറ്റു മതനിയമങ്ങളും. അവയെല്ലാം തന്റെ മാർഗദർശനവും കാരുണ്യവുമാണ്. ഒരു പൊതുതത്ത്വമായി അല്ലാഹു പറയുന്നു: (സന്മാർഗവും സത്യമതവുമായി തന്റെ റസൂലിനെ നിയോഗിച്ചത് അവനാകുന്നു) ആ സന്മാർഗം പ്രയോജനകരമായ വിജ്ഞാനമാണ്. വഴികേടിൽനിന്നും അത് നേർമാർഗത്തിലേക്ക് നയിക്കും. നന്മയുടെയും തിന്മയുടെയും വഴികളെ അത് വ്യക്തമാക്കിത്തരും. (സത്യമതവുമായി) സത്യംകൊണ്ട് വിശേഷിപ്പിക്കപ്പെട്ട മതം. സത്യമെന്നത് നീതിയും നന്മയും കാരുണ്യവുമാണ്. ഹൃദയത്തെ സംസ്കരിക്കുന്ന, മനസ്സുകളെ വിശുദ്ധമാക്കുന്ന, സ്വഭാവങ്ങളെ വളർത്തുന്ന മഹത്ത്വത്തെ ഉയർത്തുന്ന എല്ലാ സദ്പ്രവർത്തനങ്ങളുമാണത്. (തെളിയിച്ചു കാണിക്കാൻവേണ്ടി) അല്ലാഹു നബിയെ നിയോഗിച്ച കാര്യം. (എല്ലാ മതത്തിനും മീതെ) തെളിവും പ്രമാണവുംകൊണ്ട്.

**29.** അല്ലാഹു തന്റെ നബിയെക്കുറിച്ച് പറയുന്നു. (മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ) മുഹാജിറുകളും അൻസ്വാറുകളുമായ, അല്ലാഹുവിന്റെ റസൂലിന്റെ അനുചരർ. അവർ ഉന്നതഗുണങ്ങളുള്ളവരും മഹത്ത്വമുള്ളവരുമാണ്. അവർ (സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു). അവർ അങ്ങേയറ്റം അതിന് പരിശ്രമിക്കുകയും ചെയ്യുന്നു. കഠിനതയും പരുഷതയും മാത്രമെ ശത്രുക്കൾ അവരിൽനിന്ന് കാണൂ. അതുകൊണ്ടാണ് ശത്രുക്കൾ അവർക്ക് കീഴ്പ്പെടുന്നതും പരാജയപ്പെടുന്നതും മുസ്‌ലിംകൾക്ക് അവരെ പരാജയപ്പെടുത്താൻ കഴിയുന്നതും. (അവർ അന്യോന്യം ദയാലുക്കളുമാകുന്നു) പരസ്പരം സ്നേഹിക്കുന്നവരും കരുണ ചെയ്യുന്നവരും അലിവ് കാണിക്കുന്നവരുമാണ്. ഒരു ശരീരം പോലെ തനിക്ക് ഇഷ്ടപ്പെടുന്നതെന്തും തന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടുന്നു. ഇത് പടപ്പുകളോടുള്ള അവരുടെ പെരുമാറ്റ രീതി.

എന്നാൽ പടച്ചവനോടോ? (അവർ കുമ്പിട്ടു സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി) അവർ ധാരാളം നമസ്കരിക്കുന്നവരാണ്. കാരണം നമസ്കാരത്തിന്റെ പ്രധാന ഭാഗങ്ങളാണ് റുകൂഉം സുജൂദും. (തേടിക്കൊണ്ട്) ആ ആരാധനകൊണ്ട്. (അല്ലാഹുവിൽനിന്നുള്ള അനുഗ്രഹവും പ്രീതിയും) ഇതാണ് അവരുടെ ലക്ഷ്യം. തങ്ങളുടെ രക്ഷിതാവിന്റെ പ്രീതി നേടുക, അവന്റെ പ്രതിഫലത്തിലേക്ക് എത്തുക. (സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്) അധികരിച്ചതും ശരിയായതുമായ ആരാധന അവരുടെ മുഖങ്ങളിൽ അടയാളമുണ്ടാക്കിയിട്ടുണ്ട്. അങ്ങനെ അത് പ്രകാശിക്കുന്നു. നമസ്കാരംകൊണ്ട് അവരുടെ ഉള്ളുകൾ പ്രകാശിക്കുന്നതോടൊപ്പം തന്നെ. (മഹത്ത്വംകൊണ്ട് അവരുടെ ബാഹ്യവും പ്രകാശിക്കുന്നു. അതാണ്) ഈ പറഞ്ഞതെല്ലാം. (തൗറാത്തിൽ അവരെപ്പറ്റിയുള്ള ഉപമ) അവരെക്കുറിച്ച് അല്ലാഹു പറഞ്ഞ ഗുണങ്ങൾ തൗറാത്തിലും പരാമർശിക്കപ്പെട്ടു.

എന്നാൽ അവരുടെ ഉപമ(ഇൻജീലിൽ) മറ്റൊന്നാണ്. പരസ്പര സഹകരണത്തിലും പൂർണതയിലും (ഒരു വിള; അത് അതിന്റെ കൂമ്പ് പുറത്തുകാണിച്ചു) അതായത്, അതിന്റെ മുള പുറത്തുവന്നു, എന്നിട്ട് അത് നിവർന്നുനിൽക്കാൻ ശക്തിപ്രാപിച്ചു. (എന്നിട്ടത് കരുത്താർജിച്ചു) ആ വിള. അതായത് ശക്തിയും കരുത്തും. (അതിന്റെ കാണ്ഡത്തിന്മേൽ നിവർന്നുനിന്നു. 'സാഖ്' എന്നതിന്റെ ബഹുവചനമാണ് 'സൂഖ്' എന്നത്. (കർഷകർക്ക് കൗതുകം തോന്നിച്ചു) ഒരു കൃഷിയുടെ പൂർണതയും നിവർന്നുനിൽക്കുന്ന ഭംഗിയും പുഷ്ടിയും. സ്വഹാബത്തും ഈ കൃഷിയെപ്പോലെ തന്നെയാണ്. ജനങ്ങൾക്ക് അവരിലേക്കുള്ള ആവശ്യത്തിലും പടപ്പുകൾക്കുള്ള പ്രയോജനത്തിലും. കൃഷിയുടെ വേരിന്റെയും കാണ്ഡത്തിന്റെയും ഉറപ്പുപോലെയാണ് അവരുടെ വിശ്വാസത്തിന്റെയും പ്രവർത്തനങ്ങളുടെയും ശക്തി.

ചെറിയവരും പിന്നീട് ഇസ്‌ലാമിലേക്ക് വന്നവരും ഈ മുമ്പുള്ള വലിയവരോടൊപ്പം ചേരു ന്നു. ദീനിനെ നിലനിർത്താനും ദീനിലേക്ക് പ്രബോധനം ചെയ്യാനും അദ്ദേഹത്തെ പിന്തുണച്ചവരും സഹായിച്ചവരും ഒരു വിളയെപ്പോലെയാണ്. അത് അതിന്റെ കൂമ്പ് പുറത്തുകാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി, എന്നിട്ടത് കരുത്താർജിച്ചു. അതാണ് അല്ലാഹു പറഞ്ഞത് (അവർമൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കുവാൻ വേണ്ടി). വിശ്വാസികളുടെ ഐക്യവും ദീനിലുള്ള കണിശതയും കണ്ടപ്പോൾ യുദ്ധരംഗങ്ങളിലും മുഖാമുഖം ഏറ്റുമുട്ടുമ്പോഴുമുള്ള പോർക്കളങ്ങളിലും ഏറ്റുമുട്ടിക്കൊണ്ടിരിക്കുമ്പോഴും. (അവരിൽനിന്ന് വിശ്വസിക്കുകയും സ ൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ ക്ക് അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു. ഒരുമിപ്പിച്ചവരാണ് സ്വഹാബികൾ. അല്ലാഹു അവരെ ഒരുമിപ്പിച്ചതാകട്ടെ അത് അനിവാര്യമാക്കിത്തീർക്കുന്ന പാപമോചനത്തെയും ഇഹപര ജീവിതത്തിലുള്ള സകല ദോഷങ്ങളിൽനിന്നുമുള്ള സംരക്ഷണവും മഹത്തായ പ്രതിഫലവുമാണ്. പ്രവാചകമാർഗത്തെ വിശദീകരിക്കുമ്പോൾ ഇമാം ശംസുദ്ദീൻ ഇബ്നുൽക്വയ്യിം പറഞ്ഞ ഹുദൈബിയ സംഭവത്തെ നാമും ഇവിടെ കൊണ്ടുവരികയാണ്. അത് ഈ സൂറത്ത് മനസ്സിലാക്കാൻ സഹായിക്കും. ഈ സൂറത്തിന്റെ ആശയങ്ങളും യുക്തിരഹസ്യങ്ങളും അത് പറയും. (തുടരും)





# നിവേദക സംഘങ്ങളുടെ വരവ്

ഹുസൈൻ സലഫി
: +971 50 634 6963

ഇസ്‌ലാമിന് അഭൂതപൂർവകമായ വളർച്ച മദീനയിലും പരിസര പ്രദേശങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതേ വർഷത്തിൽ (ഹിജ്റ 9ൽ) തന്നെ വലിയ ദൗത്യസംഘങ്ങൾ നബി(സ്വ)യെ ലക്ഷ്യമാക്കി മദീനയിലേക്ക് എത്തിത്തുടങ്ങി. ഈ വർഷത്തിൽ അറുപതോളം നിവേദക സംഘങ്ങൾ വിവിധ നാടുകളിൽനിന്നും ഗോത്രങ്ങളിൽനിന്നും എത്തി എന്നാണ് ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളത്. മദീനയിലേക്ക് എത്തുന്ന ഈ നിവേദക സംഘങ്ങൾ മുസ്‌ലിംകൾ ആയിരുന്നില്ല. ഇസ്‌ലാമിനെ കുറിച്ച് പഠിക്കാനും നബി(സ്വ)യെ അറിയാനുമായിരുന്നു അവരുടെ വരവ്. പലരും പല സ്വഭാവക്കാരാണ്. പെരുമാറ്റ മര്യാദകൾ അറിയാത്തവരും അക്കൂട്ടത്തിലുണ്ടായിരുന്നു.

### തമീം ഗോത്രം

നിവേദക സംഘമായി എത്തിയവരിൽ ഒരു വിഭാഗമായിരുന്നു തമീം ഗോത്രം. മരുഭൂമിയിലെ ഉൾനാടുകളിൽ വസിക്കുന്നവരായിരുന്നു ഇക്കൂട്ടർ. അവർ മദീനയിൽ എത്തി. 'മുഹമ്മദ് എവിടെ' എന്നായിരുന്നു അവർ അന്വേഷിച്ചിരുന്നത്. നബി(സ്വ) തന്റെ ഭാര്യമാർക്ക് താമസിക്കാനായി മദീന പള്ളിയോട് ചേർന്ന് ഉണ്ടാക്കിയ കൊച്ചു അറകൾ (ഹുജുറകൾ) ഉണ്ടായിരുന്നു. അതിലായിരുന്നു തമീം ഗോത്ര

ക്കാർ വന്ന സമയത്ത് നബി(സ്വ) ഉണ്ടായിരുന്നത്. അവർ നബി (സ്വ) യെ വിളിച്ചു: 'മുഹമ്മദേ, പുറത്തേക്ക് വരൂ.' തികച്ചും ഗ്രാമീണരായിരുന്നതിനാൽ സംസ്കാരമില്ലാത്ത പെരുമാറ്റം! നബി(സ്വ)ക്ക് പുറത്തിറങ്ങാനുള്ള സാവകാശം നൽകാനും ക്ഷമ കൈക്കൊള്ളാനും അവർക്ക് സാധിച്ചില്ല. നബിയെ ഹുജുറക്ക് പുറത്ത് നിന്ന് സ്വൈര്യം നഷ്ടപ്പെടുത്തുന്ന രൂപത്തിൽ വിളിച്ചുകൊണ്ടേയിരുന്നു. അവരെ സംബന്ധിച്ചാണ് ക്വുർആൻ പറയുന്നത്:

''(നീ താമസിക്കുന്ന) അറകൾക്കു പുറത്തു നിന്ന് നിന്നെ വിളിക്കുന്നവരാരോ അവരിൽ അധികപേരും ചിന്തിച്ചു മനസ്സിലാക്കുന്നില്ല. നീ അവരുടെ അടുത്തേക്കു പുറപ്പെട്ട് ചെല്ലുന്നതുവരെ അവർ ക്ഷമിച്ചിരുന്നെങ്കിൽ അതായിരുന്നു അവർക്ക് കൂടുതൽ നല്ലത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു'' (49:4,5).

നബി(സ്വ)യെ അറക്ക് പിന്നിൽ നിന്ന് പേരെടുത്ത് വിളിച്ചുകൊണ്ടിരിക്കുന്ന ആ വിഭാഗക്കാർ ചിന്തിച്ച് മനസ്സിലാക്കി പെരുമാറാൻ സാധിക്കുന്നവരല്ലായിരുന്നു. ഇത് അപമര്യാദയാണെന്ന് അറിയാത്തതിനാലാണ് അവർ ഈ ശൈലിയിൽ നബി(സ്വ)യെ വിളിച്ചിരുന്നത്. നബി(സ്വ)ക്ക് പുറത്തിറങ്ങാനുള്ള സാവകാശം നൽകി ക്ഷമിച്ചിരുന്നെങ്കിൽ അതാകുമായിരുന്നു അവർക്ക് ഉത്തമം. പക്ഷേ, അറിവില്ലായ്മ കാരണത്താൽ അവരുടെ അപമര്യാദക്ക് അല്ലാഹു ശിക്ഷ നൽകില്ല. അല്ലാഹു പൊറുക്കുന്നവനും കാരുണ്യം ചെയ്യുന്നവനുമാകുന്നു.

നബി(സ്വ) ഹുജുറയിൽനിന്നും ദുഹ്ർ നമസ്കാരത്തിന് വേണ്ടി പുറത്തിറങ്ങി. ഈ സന്ദർഭത്തിൽ തമീം ഗോത്രക്കാർ നബി(സ്വ) യുടെ പുറകെ കൂടി. നബി(സ്വ)യെ തോണ്ടി വിളിച്ചുകൊണ്ട് അവർ പറഞ്ഞു: ''ഞങ്ങളുടെ കൂടെ നല്ല കവികളുണ്ട്, നന്നായി സംസാരിക്കുവാൻ കഴിവുള്ളവരുണ്ട്. ഞങ്ങളോട് മത്സരിക്കുവാൻ തയ്യാറുണ്ടോ?'' നബി(സ്വ) ശാന്തനായി അവരോട് പറഞ്ഞു: ''കവിതയുമായിട്ടല്ല ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. അതുപോലെ, പ്രസംഗിച്ച് ഗോത്ര മഹിമയും മറ്റും എടുത്തുപറഞ്ഞ് ആഭിജാത്യത്തിന്റെ പേരിൽ അഹങ്കരിക്കാനുമല്ല അല്ലാഹു എന്നെ അയച്ചിട്ടുള്ളത്.''

അങ്ങനെ തമീം ഗോത്രക്കാർ നോക്കിനിൽക്കെ നബി(സ്വ)യും സ്വഹാബിമാരും നമസ്കാരത്തിലേക്ക് പ്രവേശിച്ചു. നമസ്കാരത്തിന് ശേഷം തമീമുകാർ വീണ്ടും നബി(സ്വ)യുടെ സമീപത്തേക്ക് ചെന്നു. നബി(സ്വ)യുടെ വശ്യമായ പെരുമാറ്റവും ഇടപെടലും അവരെ സ്വാധീനിച്ചു. അവരെല്ലാവരും ഇസ്‌ലാം സ്വീകരിക്കുകയും തിരിച്ചുപോകുകയും ചെയ്തു.

ഈ കാലയളവിൽ മറ്റു പല നാട്ടിലെയും ഗോത്രങ്ങളുടെയും നിവേദക സംഘങ്ങൾ വരികയുണ്ടായി. അവസാനമായി ബനൂ സഅ്ദ് ഗോത്രത്തിന്റെ പ്രതിനിധിയായി ദ്വിമാമ് ഇബ്നു ഥഅ്ലബയാണ് വന്നത്.അദ്ദേഹം വന്ന രംഗം ഇപ്രകാരം നമുക്ക് ചരിത്രത്തിൽ കാണാം:

അനസി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറയുന്നു: ''ഞങ്ങൾ പള്ളിയിൽ നബി(സ്വ)യുടെ കൂടെ ഇരിക്കുന്നതിനിടയിൽ ഒരാൾ ഒട്ടകപ്പുറത്ത് (അവിടെ) പ്രവേശിച്ചു. എന്നിട്ട് അദ്ദേഹം അതിനെ പള്ളിയിൽ മുട്ടുകുത്തിക്കുകയും പിന്നീട് അതിനെ (അവിടെ) കെട്ടുകയും ചെയ്തു. പിന്നീട് അദ്ദേഹം അവരോട് ചോദിച്ചു: 'നിങ്ങളിൽ ആരാണ് മുഹമ്മദ്?' ആ സമയത്ത് നബി(സ്വ) അവരുടെ മധ്യത്തിൽ ചാരിയിരിക്കുന്നുണ്ടായിരുന്നു. അപ്പോൾ ഞങ്ങൾ പറഞ്ഞു: 'ഇതാ ഈ ചാരിയിരിക്കുന്ന വെളുത്ത ആളാകുന്നു.' അപ്പോൾ അവിടുത്തോട്

നബി(സ്വ) ഹുജുറയിൽനിന്നും ദുഹ്ർ നമസ്കാരത്തിന് വേണ്ടി പുറത്തിറങ്ങി. ഈ സന്ദർഭത്തിൽ തമീം ഗോത്രക്കാർ നബി(സ്വ) യുടെ പുറകെ കൂടി. നബി(സ്വ) യെ തോണ്ടി വിളിച്ചുകൊണ്ട് അവർ പറഞ്ഞു: ''ഞങ്ങളുടെ കൂടെ നല്ല കവികളുണ്ട്, നന്നായി സംസാരിക്കുവാൻ കഴിവുള്ളവരുണ്ട്. ഞങ്ങളോട് മത്സരിക്കുവാൻ തയ്യാറുണ്ടോ?'' നബി(സ്വ) ശാന്തനായി അവരോട് പറഞ്ഞു: ''കവിതയുമായിട്ടല്ല ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. അതുപോലെ, പ്രസംഗിച്ച് ഗോത്ര മഹിമയും മറ്റും എടുത്തുപറഞ്ഞ് ആഭിജാത്യത്തിന്റെ പേരിൽ അഹങ്കരിക്കാനുമല്ല അല്ലാഹു എന്നെ അയച്ചിട്ടുള്ളത്.'' അങ്ങനെ തമീം ഗോത്രക്കാർ നോക്കിനിൽക്കെ നബി(സ്വ) യും സ്വഹാബിമാരും നമസ്കാരത്തിലേക്ക് പ്രവേശിച്ചു. നിമസ്കാരത്തിന് ശേഷം തമീമുകാർ വീണ്ടും നബി(സ്വ)യുടെ സമീപത്തേക്ക് ചെന്നു. നബി(സ്വ) യുടെ വശ്യമായ പെരുമാറ്റവും ഇടപെടലും അവരെ സ്വാധീനിച്ചു. അവരെല്ലാവരും ഇസ്‌ലാം സ്വീകരിക്കുകയും തിരിച്ചുപോകുകയും ചെയ്തു.

അദ്ദേഹം പറഞ്ഞു: 'ഓ, അബ്ദുൽ മുത്ത്വലിബിന്റെ മകനേ.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'തീർച്ചയായും ഞാൻ താങ്കൾക്ക് ഉത്തരം നൽകിയിരിക്കുന്നു.' അപ്പോൾ അദ്ദേഹം നബി(സ്വ)യോട് ചോദിച്ചു: 'താങ്കളോട് താങ്കൾക്ക് വിഷമമുണ്ടായേക്കാവുന്ന ചില ചോദ്യങ്ങൾ ഞാൻ ചോദിക്കുകയാണ്. അതിനാൽ താങ്കളുടെ മനസ്സിൽ എന്നെപ്പറ്റി യാതൊന്നും ഉണ്ടാകരുത്.'

അപ്പോൾ നബി(സ്വ) പറഞ്ഞു: 'താങ്കൾക്ക് മനസ്സിലായതിനെപ്പറ്റി ചോദിച്ചോളൂ.' അദ്ദേഹം പറഞ്ഞു: 'താങ്കളുടെയും താങ്കളുടെ മുമ്പുള്ളവരുടെയും റബ്ബിനെ മുൻനിർത്തിയാണ് ഞാൻ ചോദിക്കുന്നത്. അല്ലാഹുവാണോ അങ്ങയെ മുഴുവൻ മനുഷ്യരിലേക്കുമായി അയച്ചത്?' അപ്പോൾ നബി (സ്വ) പറഞ്ഞു: 'അതെ.' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനെ മുൻനിർത്തി ഞാൻ അങ്ങയോട് ചോദിക്കുന്നു; രാവും പകലുമായി അഞ്ചുനേരം ഞങ്ങൾ നമസ്കരിക്കാൻ അല്ലാഹുവാണോ അങ്ങയോട് കൽപിച്ചത്?' അവിടുന്നു പറഞ്ഞു: 'അതെ.' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനെ മുൻനിർത്തി ഞാൻ അങ്ങയോട് ചോദിക്കുന്നു; കൊല്ലത്തിലെ ഈ മാസത്തിൽ ഞങ്ങൾ നോമ്പെടുക്കാൻ അല്ലാഹുവാണോ അങ്ങയോട് കൽപിച്ചത്?' അവിടുന്ന് പറഞ്ഞു: 'അതെ.' അദ്ദേഹം പറഞ്ഞു:

'അല്ലാഹുവിനെ മുൻനിർത്തി ഞാൻ അങ്ങയോട് ചോദിക്കുന്നു; ഞങ്ങളിലെ ധനികരിൽനിന്ന് സകാത്ത് താങ്കൾ പിടിച്ചെടുത്ത് ഞങ്ങളിലെ പാവങ്ങളിൽ അത് വീതിക്കാൻ അല്ലാഹുവാണോ അങ്ങയോട് കൽപിച്ചത്?' അപ്പോൾ നബി (സ്വ) പറഞ്ഞു: 'അതെ.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'താങ്കൾ കൊണ്ടുവന്നതിൽ ഞാൻ വിശ്വസിക്കുന്നു. ഞാൻ എന്റെ ജനതയിലെ പിന്നിലുള്ളവർക്കുള്ള ഒരു ദൂതനാണ്. ഞാൻ ബനൂ സഅ്ദുബ്നു ബക്റിന്റെ സഹോദരൻ ദ്വിമാമ് ഇബ്നു ഥഅ്ലബഃയാകുന്നു'' (ബുഖാരി).

**നബി(സ്വ) മദീനയുടെ ഭരണാധികാരിയാണ്. എന്നാൽ വേഷമോ മറ്റോ കണ്ട് നബി(സ്വ)യെ അപരിചിതർക്ക് വേർതിരിച്ച് മനസ്സിലാക്കാൻ സാധിക്കുമായിരുന്നില്ല. നിങ്ങളിൽ ആരാണ് മുഹമ്മദ് എന്ന് ദ്വിമാമിന് ചോദിക്കേണ്ടിവന്നു. സ്വഹാബിമാർ നബി(സ്വ)യെ കാണിച്ചു കൊടുത്തു. എല്ലാവിധ ആദരവോടെയും അദ്ദേഹം നബി(സ്വ)യോട് ചില ചോദ്യങ്ങൾ ചോദിക്കുന്നു. നബി (സ്വ) മറുപടി നൽകുന്നു. എല്ലാ ചോദ്യങ്ങൾക്കും തൃപ്തികരമായ മറുപടി ലഭിച്ചപ്പോൾ അദ്ദേഹം ഇസ്ലാം സ്വീകരിക്കുന്നു.**

ദ്വിമാമ്(റ) ഇസ്ലാം സ്വീകരിക്കാനായി മദീനയിൽ എത്തുന്ന രംഗമാണിത്. നബി(സ്വ)യും അനുചരന്മാരും പള്ളിയിൽ ഇരിക്കുന്ന വേളയിലാണ് അദ്ദേഹത്തിന്റെ വരവ്. നബി(സ്വ) അവരുടെ നേതാവാണ്. മദീനയുടെ ഭരണാധികാരിയാണ്. എന്നാൽ വേഷമോ മറ്റോ കണ്ട് നബി(സ്വ)യെ അപരിചിതർക്ക് വേർതിരിച്ച് മനസ്സിലാക്കാൻ സാധിക്കുമായിരുന്നില്ല. നിങ്ങളിൽ ആരാണ് മുഹമ്മദ് എന്ന് ദ്വിമാമിന് ചോദിക്കേണ്ടിവന്നു. സ്വഹാബിമാർ നബി(സ്വ)യെ കാണിച്ചു കൊടുത്തു. എല്ലാവിധ ആദരവോടെയും അദ്ദേഹം നബി(സ്വ)യോട് ചില ചോദ്യങ്ങൾ ചോദിക്കുന്നു. നബി (സ്വ) മറുപടി നൽകുന്നു. എല്ലാ ചോദ്യങ്ങൾക്കും തൃപ്തികരമായ മറുപടി ലഭിച്ചപ്പോൾ അദ്ദേഹം ഇസ്ലാം സ്വീകരിക്കുന്നു. ഞാൻ എന്റെ ജനതക്ക് ഇത് എത്തിക്കുമെന്ന് പറയുകയും ചെയ്തു. മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം:

ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം: ''...(ചോദ്യത്തിൽ നിന്ന്) ഒഴിവായപ്പോൾ അദ്ദേഹം പറഞ്ഞു: 'തീർച്ചയായും അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. തീർച്ചയായും മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു എന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. ഈ നിർബന്ധ കാര്യങ്ങൾ ഞാൻ നിർവഹിക്കുന്നതാണ്, അവിടുന്ന് എന്നോട് വിലക്കിയവയെ ഞാൻ വെടിയുന്നതുമാകുന്നു. പിന്നീട് ഒന്നും കൂട്ടുകയോ കുറക്കുകയോ ചെയ്യുന്നതുമല്ല.' അദ്ദേഹം (ഇബ്നു അബ്ബാസ്) പറഞ്ഞു: പിന്നീട് അദ്ദേഹം തന്റെ വാഹനത്തിന്റെ അടുത്തേക്ക് തിരിച്ചു. അങ്ങനെ അദ്ദേഹം പിന്തിരിഞ്ഞ സന്ദർഭത്തിൽ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'അദ്ദേഹം അത് സത്യസന്ധമായി പുലർത്തുന്നുവെങ്കിൽ അദ്ദേഹം സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.' അദ്ദേഹം (ഇബ്നു അബ്ബാസ്) പറഞ്ഞു: 'എന്നിട്ട് അദ്ദേഹം തന്റെ വാഹനത്തിന്റെ അരികിലേക്ക് പോകുകയും അതിന്റെ കെട്ട് അഴിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം തന്റെ ജനതയിലേക്ക് മടങ്ങിച്ചെന്നു. എന്നിട്ട് അവരെ എല്ലാവരെയും തന്നിലേക്ക് സംഘടിപ്പിച്ചു. എന്നിട്ട് അദ്ദേഹം ആദ്യമായി പറഞ്ഞത് 'ലാത്തയും ഉസ്സയും (ആരാധിക്കപ്പെടാൻ) എത്ര മോശ'മെന്നായിരുന്നു. അവർ പറഞ്ഞു: 'ശെ, ദ്വിമാം...! നീ വെള്ളപ്പാണ്ഡും കുഷ്ഠരോഗവും ബാധിക്കുന്നതിനെ സൂക്ഷിക്കുക. ബുദ്ധിഭ്രമം സംഭവിക്കുന്നതിനെയും സൂക്ഷിക്കുക.' അദ്ദേഹം പറഞ്ഞു: 'നിങ്ങൾക്ക് നാശം. അല്ലാഹുവാണെ സത്യം, തീർച്ചയായും അവർ രണ്ടുപേരും യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യു


ന്നവരല്ല. തീർച്ചയായും അല്ലാഹു ഒരു ദൂതനെ അയച്ചിരിക്കുന്നു. അദ്ദേഹത്തിന് അവൻ ഒരു കിതാബും ഇറക്കിയിരിക്കുന്നു. നിങ്ങൾ അകപ്പെട്ടിട്ടുള്ള (വഴികേടിൽ)തിൽനിന്നും അതു മുഖേന നിങ്ങൾ മോചിതരാകുന്നതാണ്. അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും, അവൻ ഏകനാണെന്നും, അവന് യാതൊരു പങ്കുകാരനുമില്ലെന്നും, മുഹമ്മദ് അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അദ്ദേഹം നിങ്ങളോട് കൽപിച്ചിട്ടുള്ളതും അദ്ദേഹം നിങ്ങളോട് വിലക്കിയിട്ടുള്ളതുമായിട്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്.' അദ്ദേഹം (ഇബ്നു അബ്ബാസ്) പറഞ്ഞു: 'അല്ലാഹുവാണെ സത്യം, അന്ന് വൈകുന്നേരം ഒരു പുരുഷനോ സ്ത്രീയോ മുസ്‌ലിമായിട്ടല്ലാതെ ഉണ്ടായിരുന്നില്ല.' ഇബ്നു അബ്ബാസ് പറയുമായിരുന്നു: 'ദ്വിമാമ് ഇബ്നു ഥഅ്‌ലബയെക്കാൾ ഉത്തമമായ ഒരു നിവേദക സംഘത്തെ ഞങ്ങൾ കേട്ടിരുന്നില്ല'' (അഹ്മദ്).

## അബൂബക്റി(റ)ന്റെ നേതൃത്വത്തിലുള്ള ഹജ്ജ്

ഹിജ്റ ഒമ്പതാം വർഷത്തിൽ നടന്ന വളരെ പ്രസിദ്ധമായ ഒരു സംഭവമായിരുന്നു ഇത്. ഹിജ്റ എട്ടാം വർഷത്തിൽ ഉണ്ടായ മക്കാ വിജയത്തെ സംബന്ധിച്ച് നാം മനസ്സിലാക്കിയല്ലോ. ആ വർഷത്തിൽ ഹജ്ജ് നിർവഹിക്കാൻ സാധിക്കാതെ ഉംറ മാത്രം നിർവഹിച്ച് തിരിച്ചു പോരുകയായിരുന്നു ചെയ്തത്. ഹിജ്റ ഒമ്പതാം വർഷത്തിൽ അബൂബക്റി(റ)ന്റെ നേതൃത്വത്തിൽ പോയ സംഘത്തിൽ മുന്നൂറോളം ആളുകൾ ഉണ്ടായിരുന്നു എന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. നബി(സ്വ)യുടെ കാലശേഷം ഖലീഫയായിരിക്കേണ്ട അബൂബക്റി(റ)നെയായിരുന്നു ആ സംഘത്തിന്റെ നേതൃത്വം നബി(സ്വ) ഏൽപിച്ചത്. ബലി നടത്താനുള്ള ഒട്ടകങ്ങളെയും കൂടെ കൊണ്ടുപോയി.

ആ കാലഘട്ടങ്ങളിൽ മക്കാ മുശ്‌രിക്കുകൾ അവരുടെ വിശ്വാസപ്രകാരം ഹജ്ജ് നിർവഹിച്ചു പോരലായിരുന്നു പതിവ്. അക്കാലത്ത് സ്ത്രീ-പുരുഷന്മാർ സമ്പൂർണ നഗ്നരായിട്ടായിരുന്നു കഅ്ബയെ പ്രദക്ഷിണം (ത്വവാഫ്) ചെയ്തിരുന്നത്. പാപം ചെയ്യുമ്പോൾ അണിഞ്ഞിരുന്ന വസ്ത്രം ധരിച്ച് കഅ്ബയെ ത്വവാഫ് ചെയ്യാൻ പാടില്ലെന്നായിരുന്നു അതിന് അവരുടെ 'ന്യായം.' ഈ ആചാരങ്ങളെ നബി(സ്വ) ആദ്യ ഘട്ടത്തിൽ വിലക്കിയിരുന്നില്ല. എന്നാൽ അബൂബക്റി(റ)ന്റെ നേതൃത്വത്തിൽ വലിയ ഒരു സംഘം ഹജ്ജിന് പുറപ്പെട്ടതിന് ശേഷം ഇനി ഈ സമ്പ്രദായം തുടരാൻ പാടില്ലെന്ന് പ്രഖ്യാപിക്കുന്ന ക്വുർആൻ സൂക്തങ്ങൾ നബി(സ്വ)ക്ക് ഇറങ്ങി. ചില ഉടമ്പടികൾ നബി(സ്വ)യും മുശ്‌രിക്കുകളും തമ്മിൽ അക്കാലത്ത് ഉണ്ടായതിനാലായിരുന്നു നബി(സ്വ) അവരെ

> അക്കാലത്ത് സ്ത്രീ-പുരുഷന്മാർ സമ്പൂർണ നഗ്നരായിട്ടായിരുന്നു കഅ്ബയെ പ്രദക്ഷിണം (ത്വവാഫ്) ചെയ്തിരുന്നത്. പാപം ചെയ്യുമ്പോൾ അണിഞ്ഞിരുന്ന വസ്ത്രം ധരിച്ച് കഅ്ബയെ ത്വവാഫ് ചെയ്യാൻ പാടില്ലെന്നായിരുന്നു അതിന് അവരുടെ 'ന്യായം.' ഈ ആചാരങ്ങളെ നബി(സ്വ) ആദ്യ ഘട്ടത്തിൽ വിലക്കിയിരുന്നില്ല. എന്നാൽ അബൂബക്റി(റ)ന്റെ നേതൃത്വത്തിൽ വലിയ ഒരു സംഘം ഹജ്ജിന് പുറപ്പെട്ടതിന് ശേഷം ഇനി ഈ സമ്പ്രദായം തുടരാൻ പാടില്ലെന്ന് പ്രഖ്യാപിക്കുന്ന ക്വുർആൻ സൂക്തങ്ങൾ നബി(സ്വ)ക്ക് ഇറങ്ങി. ചില ഉടമ്പടികൾ നബി(സ്വ)യും മുശ്‌രിക്കുകളും തമ്മിൽ അക്കാലത്ത് ഉണ്ടായതിനാലായിരുന്നു നബി(സ്വ) അവരെ എതിർക്കാതെയോ വിലക്കാതെയോ നിന്നത്. എന്നാൽ അല്ലാഹുവിന്റെ കൽപന വന്നപ്പോൾ നബി(സ്വ) അത് വിരോധിക്കാൻ തീരുമാനിച്ചു.




എതിർക്കാതെയോ വിലക്കാതെയോ നിന്നത്. എന്നാൽ അല്ലാഹുവിന്റെ കൽപന വന്നപ്പോൾ നബി(സ്വ) അത് വിരോധിക്കാൻ തീരുമാനിച്ചു. അല്ലാഹു നിയമം ഇറക്കുന്നതിന് മുമ്പുതന്നെ ഹജ്ജ് സംഘം യാത്ര പുറപ്പെട്ടിരുന്നു. അവരെ ഈ വിവരം അറിയിക്കാനായി നബി(സ്വ) അലി(റ)യോട് കൽപിച്ചു. അലി(റ)യോട് അവരോടൊപ്പം ചേരാനും അല്ലാഹുവിന്റെ നിയമം അറിയിക്കാനമായിരുന്നു നബി(സ്വ)യുടെ കൽപന. മക്കാമുശ്‌രിക്കുകളുടെ നിലവിലെ സമ്പ്രദായത്തെ വിരോധിച്ചുകൊണ്ട് ഇറക്കപ്പെട്ട സൂക്തങ്ങളാണ് സൂറതുത്തൗബയിലെ ആദ്യ വചനങ്ങൾ:

"ബഹുദൈവവിശ്വാസികളിൽ നിന്ന് ആരുമായി നിങ്ങൾ കരാറിൽ ഏർപെട്ടിട്ടുണ്ടോ അവരോട് അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും ഭാഗത്ത് നിന്നുള്ള ബാധ്യത ഒഴിഞ്ഞതായി ഇതാ പ്രഖ്യാപിക്കുന്നു. അതിനാൽ (ബഹുദൈവവിശ്വാസികളേ, നിങ്ങൾ നാലുമാസക്കാലം ഭൂമിയിൽ യഥേഷ്ടം സഞ്ചരിച്ചുകൊള്ളുക. നിങ്ങൾക്ക് അല്ലാഹുവിനെ തോൽപിക്കാനാവില്ലെന്നും സത്യനിഷേധികൾക്ക് അല്ലാഹു അപമാനം വരുത്തുന്നതാണെന്നും നിങ്ങൾ അറിഞ്ഞിരിക്കുകയും ചെയ്യുക. മഹത്തായ ഹജ്ജിന്റെ ദിവസത്തിൽ മനുഷ്യരോട് (പൊതുവായി) അല്ലാഹുവിന്റെയും റസൂലിന്റെയും ഭാഗത്തുനിന്ന് ഇതാ അറിയിക്കുകയും ചെയ്യുന്നു; അല്ലാഹുവിനും അവന്റെ ദൂതനും ബഹുദൈവവിശ്വാസികളോട് യാതൊരു ബാധ്യതയുമില്ലെന്ന്. എന്നാൽ (ബഹുദൈവവിശ്വാസികളേ,) നിങ്ങൾ പശ്ചാത്തപിക്കുകയാണെങ്കിൽ അതാണ് നിങ്ങൾക്ക് ഉത്തമം. നിങ്ങൾ പിന്തിരിഞ്ഞുകളയുകയാണെങ്കിൽ നിങ്ങൾക്ക് അല്ലാഹുവെ തോൽപിക്കാനാവില്ലെന്ന് നിങ്ങൾ അറിഞ്ഞിരിക്കുക. (നബിയേ,) സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി നീ സന്തോഷവാർത്ത അറിയിക്കുക" (9:1-3).

മുശ്‌രിക്കുകളുമായി നബി(സ്വ)ക്ക് ഉടമ്പടിയുണ്ടായിരുന്നു എന്ന് പറഞ്ഞുവല്ലോ. ആ കരാറിൽനിന്ന് അല്ലാഹുവും റസൂലും ഒഴിവായിരിക്കുന്നു. നബി(സ്വ) അല്ലാഹുവിന്റെ കൽപന പ്രകാരമായിരുന്നു അവരുമായി കരാറിൽ ഏർപ്പെട്ടിരുന്നത്. അതിനാലാണ് അല്ലാഹുവും റസൂലും കരാറിൽനിന്ന് ഒഴിവായിരിക്കുന്നു എന്ന് പറഞ്ഞത്. അങ്ങനെ അല്ലാഹുവിന്റെ അറിയിപ്പ് ലഭിച്ചു. ഹജ്ജിന്റെ സന്ദർഭങ്ങളിൽ നിലനിർത്തിപ്പോന്നിരുന്ന അവരുടെ രീതികൾ ഒഴിവാക്കാനുള്ള കൽപന വന്നു. ഹജ്ജുൽ അക്ബർ എന്നതുകൊണ്ട് ഹജ്ജിലെ പ്രധാന കാര്യങ്ങ

**ഹജ്ജുൽ അക്ബർ എന്നതുകൊണ്ട് ഹജ്ജിലെ പ്രധാന കാര്യങ്ങൾ നടക്കുന്ന ദുൽഹിജ്ജ പത്താണ് ഉദ്ദേശിക്കുന്നത്. ഹജ്ജും വെള്ളിയാഴ്ചയും ഒരുമിച്ചു വന്നാലുള്ളതാണ് 'ഹജ്ജുൽ അക്ബർ' എന്ന് വിചാരിക്കുന്നവരുണ്ട്. അത് ശരിയല്ല. ആ ദിവസത്തിലെ എല്ലാ കാര്യങ്ങളിൽ നിന്നും അല്ലാഹുവും റസൂലും മുശ്‌രിക്കുകളിൽനിന്നും ഒഴിവായിരിക്കുന്നു. സുപ്രധാന ദിവസത്തിൽനിന്ന് തന്നെ ഒഴിവ് പ്രഖ്യാപിച്ചാൽ മറ്റു ദിവസങ്ങളിലേത് പ്രത്യേകം പറയേണ്ടതില്ലല്ലോ. അതിനാൽ നിങ്ങൾ പശ്ചാത്തപിച്ച് അല്ലാഹുവിലേക്ക് മടങ്ങുക. അതാണ് നിങ്ങൾക്ക് ഉത്തമം. എന്നാൽ പിന്തിരിഞ്ഞുകളയുകയാണെങ്കിൽ അല്ലാഹുവിൽനിന്നുള്ള ശിക്ഷയെ കാത്തിരുന്ന് കൊള്ളുക എന്നതായിരുന്നു അല്ലാഹുവിന്റെ കൽപനയുടെ ചുരുക്കം.**



ൾ നടക്കുന്ന ദുൽഹിജ്ജ പത്താണ് ഉദ്ദേശിക്കുന്നത്. ഹജ്ജും വെള്ളിയാഴ്ചയും ഒരുമിച്ചു വന്നാലുള്ളതാണ് 'ഹജ്ജുൽ അക്ബർ' എന്ന് വിചാരിക്കുന്നവരുണ്ട്. അത് ശരിയല്ല. ആ ദിവസത്തിലെ എല്ലാ കാര്യങ്ങളിൽ നിന്നും അല്ലാഹുവും റസൂലും മുശ്‌രിക്കുകളിൽനിന്നും ഒഴിവായിരിക്കുന്നു. സുപ്രധാന ദിവസത്തിൽനിന്ന് തന്നെ ഒഴിവ് പ്രഖ്യാപിച്ചാൽ മറ്റു ദിവസങ്ങളിലേത് പ്രത്യേകം പറയേണ്ടതില്ലല്ലോ. അതിനാൽ നിങ്ങൾ പശ്ചാത്തപിച്ച് അല്ലാഹുവിലേക്ക് മടങ്ങുക. അതാണ് നിങ്ങൾക്ക് ഉത്തമം. എന്നാൽ പിന്തിരിഞ്ഞു കളയുകയാണെങ്കിൽ അല്ലാഹുവിൽനിന്നുള്ള ശിക്ഷയെ കാത്തിരുന്ന് കൊള്ളുക എന്നതായിരുന്നു അല്ലാഹുവിന്റെ കൽപനയുടെ ചുരുക്കം.

ഹജ്ജിന് വേണ്ടി അബൂബക്ർ (റ) നേരത്തെ പുറപ്പെടുകയുണ്ടായല്ലോ. ഇനി ഈ വിവരം മക്കയിൽ പോയി ദുൽഹിജ്ജ പത്തിന് ജനങ്ങൾക്കിടയിൽ പരസ്യമായി പ്രഖ്യാപിക്കുകയും വേണം. അപ്പോൾ നബി(സ്വ) പറഞ്ഞു: 'എന്റെ കുടുംബത്തിലെ ഒരാളല്ലാതെ അത് നിർവഹിക്കുകയില്ല.' നബി(സ്വ)യുടെ നേതൃത്വത്തിലുള്ള കരാറാണല്ലോ. അതിനാൽ തന്റെ കുടുംബത്തിൽനിന്നു തന്നെയുള്ള ഒരാളെ ആ കരാറിൽനിന്നും ഒഴിവാകുന്ന വിവരം പരസ്യമാക്കാൻ നബി(സ്വ) ഇഷ്ടപ്പെടുകയും അലി(റ)യെ അതിനായി തെരഞ്ഞെടുക്കുകയും ചെയ്തു. അങ്ങനെ അബൂബക്ർ (റ) അലി(റ)യെ കണ്ടു. അബൂബക്ർ (റ) അദ്ദേഹത്തോട് ചോദിച്ചു: 'താങ്കൾ അമീറാണോ അതല്ല അമീറിനെ അനുസരിക്കുന്നവനാണോ?' അലി(റ)യെ കണ്ടപാടെ അബൂബക്റി(റ)ന് മനസ്സിലായി; അദ്ദേഹത്തെ നബി(സ്വ) അയച്ചതാണ് എന്ന്. തനിക്ക് പകരം അലി(റ)യെ നബി(സ്വ) നേതൃത്വം ഏൽപിച്ചിട്ടുണ്ടോ എന്ന സംശയമാണ് അബൂബക്റി(റ)നെ അപ്രകാരം ചോദിക്കാൻ പ്രേരിപ്പിച്ചത്. അലി (റ) പറഞ്ഞു: 'അമീറല്ല, താങ്കളെ അനുസരിക്കുന്നവൻ തന്നെയാണ്.' ഇരുവരും മുന്നോട്ടു പോയി. രണ്ടു പേരെയും രണ്ട് കാര്യമാണ് നബി(സ്വ) ഏൽപിച്ചത്. അബൂബക്ർ (റ) ഹജ്ജ് സംഘത്തിന്റെ അമീർ. അലി (റ) ഈ വാർത്ത ജനങ്ങളിൽ പരസ്യമാക്കുന്നയാൾ. അങ്ങനെ ദുൽഹിജ്ജ പത്തിന് ജനങ്ങൾ കേൾക്കെ അലി(റ) പരസ്യമായി നിയമങ്ങൾ വിളിച്ചു പറയാൻ തുടങ്ങി. അലി(റ)യെ സഹായിക്കാനായി അബൂഹുറയ്റ(റ), ത്വുഫൈൽ(റ) തുടങ്ങിയ പ്രഗത്ഭരായ സ്വഹാബിമാരും ഉണ്ടായിരുന്നു. നാല് കാര്യങ്ങളായിരുന്നു ജനങ്ങൾക്കിടയിൽ വിളിച്ചുപറയാൻ കൽപിച്ചിരുന്നത്.

> **ഇബ്റാഹീം നബി (അ)യും മകൻ ഇസ്മാഈൽ നബി(അ) യും അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിന് വേണ്ടിയാണ് കഅ്ബാലയം പടുത്തുയർത്തിയത്. ആ ലക്ഷ്യത്തിൽനിന്നും മുശ്‌രിക്കുകൾ വഴിമാറിയിട്ടുണ്ട്. ഇബ്റാഹീം നബി (അ)യുടെ അതേ മാർഗം പഠിപ്പിക്കുന്നത്, അതേ മാർഗത്തിൽ നിലകൊള്ളുന്നത് ഇപ്പോൾ നബി (സ്വ)യും അനുയായികളുമാണ്. ആദർശംകൊണ്ടും പാരമ്പര്യംകൊണ്ടും നബി(സ്വ)യുടെ പിതാവാണ് ഇബ്റാഹീം(അ). ആ പിതാവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ സംരക്ഷിക്കുക കൂടിയാണ് നബി(സ്വ) ഇവിടെ ചെയ്തത്.**

ഒന്ന്, വിശ്വാസിയല്ലാതെ സ്വർഗത്തിൽ പ്രവേശിക്കുകയില്ല.

രണ്ട്, നഗ്നരായി പരിശുദ്ധ ഗേഹത്തെ ത്വവാഫ് ചെയ്യാൻ പാടില്ല.

മൂന്ന്, ഈ വർഷത്തിന് ശേഷം മുശ്‌രിക്കുകൾ ഹജ്ജ് ചെയ്യാൻ പാടില്ല.

നാല്, അല്ലാഹുവിന്റെ റസൂലി(സ്വ)നും മറ്റൊരാൾക്കുമിടയിൽ വല്ല കരാറും ഉണ്ടെങ്കിൽ ആ കാലയളവ് മാത്രമെ അത് നിലനിൽക്കൂ. ഇനിയൊരു ഉടമ്പടിക്കായി ആരും തയ്യാറാകേണ്ടതില്ല.

എന്നിട്ട് ക്വുർആനിലെ 9:1-3 സൂക്തം പാരായണം ചെയ്ത് പ്രഖ്യാപിക്കുകയും ചെയ്തു.

കഅ്ബാലയത്തിൽ ഈ നിയമങ്ങൾ പ്രഖ്യാപിക്കാൻ കാരണമുണ്ട്. ഇബ്റാഹീം നബി (അ)യും മകൻ ഇസ്മാഈൽ നബി(അ) യും അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിന് വേണ്ടിയാണ് അത് പടുത്തുയർത്തിയത്. ആ ലക്ഷ്യത്തിൽനിന്നും മുശ്‌രിക്കുകൾ വഴിമാറിയിട്ടുണ്ട്. ഇബ്റാഹീം നബി (അ)യുടെ അതേ മാർഗം പഠിപ്പിക്കുന്നത്, അതേ മാർഗത്തിൽ നിലകൊള്ളുന്നത് ഇപ്പോൾ നബി (സ്വ)യും അനുയായികളുമാണ്. ആദർശംകൊണ്ടും പാരമ്പര്യംകൊണ്ടും നബി(സ്വ)യുടെ പിതാവാണ് ഇബ്റാഹീം(അ). ആ പിതാവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ സംരക്ഷിക്കുക കൂടിയാണ് നബി (സ്വ) ഇവിടെ ചെയ്തത്.

ഹറമുകളിൽ ഇനി ബഹുദൈവവിശ്വാസിക്ക് പ്രവേശനമില്ലെന്ന കൽപന വന്നു. ആരും എതിർത്തില്ല. ഹറമിൽ പ്രവേശിക്കാൻ സാധിക്കില്ലെങ്കിൽ ഇനി ഇസ്‌ലാം സ്വീകരിക്കുകയേ മാർഗമുള്ളൂ എന്ന് മുശ്‌രിക്കുകൾക്കും ബോധ്യമായി. അങ്ങനെ പിന്നെയും ഇസ്‌ലാമിനെ പഠിക്കാൻ നബി(സ്വ)യിലേക്ക് എത്തുന്ന നിവേദക സംഘങ്ങളുടെ വരവ് കൂടി.

(തുടരും)

ലേഖനം



# മാറാൻ ആഗ്രഹിക്കുന്നു; എന്തുചെയ്യണം?

സ്വലാഹുദ്ദീൻ ഇബ്നു സലീം
:94954 67259

> ''...ഏതൊരു ജനതയും തങ്ങളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്തുന്നതുവരെ അല്ലാഹു അവരുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുകയില്ല; തീർച്ച...'' (ക്വുർആൻ 13:11).

സ്വന്തം നിലപാടിൽ മാറ്റം വരുത്തണമെന്ന് പലതവണ ചിന്തിച്ചിട്ടും എന്താണ് കഴിയാത്തത് എന്ന പരാജയത്തിന്റെ ചോദ്യം പലരും തന്നോടുതന്നെ ചോദിക്കുന്ന ഒന്നാണ്. സ്വയം മാറുന്നതിന് ഞാൻ എന്തു ചെയ്യണം എന്ന് പലരും ചോദിക്കാറുണ്ട്. മാറ്റത്തെ ആത്മാർഥമായി സ്വീകരിക്കാനുള്ള ത്വരയുമായി നിൽക്കുന്നവരാണ് സ്വന്തത്തോടും മറ്റുള്ളവരോടും ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നത്. ഈ ഒരു ഘട്ടത്തിലേക്ക് എത്തുക എന്നതുതന്നെ ഒരു തിരിച്ചറിവിന്റെ തുടക്കമാണ്. അതിനുള്ള ചില വഴികൾ നമുക്ക് പരിശോധിക്കാം.

മനോഭാവമാണ് മാറ്റത്തിന് കരുത്തുപകരുന്നത്. അതിലുള്ള മാറ്റമാണ് ലക്ഷ്യത്തിലേക്കെത്തിച്ചേരാൻ സഹായിക്കുക. കൂടുതൽ ബുദ്ധിയുണ്ടെങ്കിൽ കൂടുതൽ നല്ല മനുഷ്യനാവാം എന്നല്ല; കൂടുതൽ നല്ല മനുഷ്യനായാൽ കൂടുതൽ ബുദ്ധിയുണ്ടാവും എന്ന് നാം മനസ്സിലാക്കണം. ആദർശം കൈവെടിഞ്ഞാൽ അവധാനത കൊഴിഞ്ഞുപോകും, പക്വതയില്ലായ്മ വന്നുചേരും. ആത്മാർഥത വാക്കിലും പ്രവൃത്തിയിലും നഷ്ടപ്പെടാതിരിക്കലാണ് നല്ല മനുഷ്യനാവാൻ വേണ്ടത്. ഓരോ നിമിഷം പിന്നിടുമ്പോഴും ഇത് നന്മയിലേക്കാണോ തിന്മയിലേക്കാണോ വഴിവെക്കുന്നത് എന്ന് ബോധപൂർവം ചിന്തിക്കണം. വരുത്തേണ്ട മാറ്റങ്ങൾ നിർണയിക്കണം. അവ നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീകരിക്കണം.

മനോഭാവം നിർണയിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്, എന്താണ് ആ ഘടകങ്ങളിൽനിന്ന് തെറ്റായും ശരിയായും ജീവിതത്തിൽ സ്വീകരിക്കപ്പെട്ടത് എന്ന് വിലയിരുത്തണം. എങ്കിൽ മാറ്റം എളുപ്പമാവും. മനോഭാവം നിയന്ത്രിക്കുന്ന ഭൗതിക ഘടകങ്ങൾ മൂന്നെണ്ണമാണ്. കുടുംബം മുതൽ ജീവിക്കുന്നതും ഇടപെടുന്നതുമായ മുഴുവൻ മേഖലകളും ഒന്നാമത്തെ ഘടകമായ പരിതസ്ഥിതിയിൽ ഉൾപെടും. അനുഭവങ്ങളാണ് രണ്ടാമത്തെ

ത്. അതിൽ നല്ല അനുഭവങ്ങൾ ക്രിയാത്മകമാവാനും മോശമായവ കരുതലോടെ പ്രവർത്തിക്കാനും പ്രേരിപ്പിക്കും. മൂന്നാമത്തെ ഘടകമായ വിദ്യാഭ്യാസം മാതൃകാപരമായ ജീവിതത്തിന് ഉതകുന്ന തരത്തിലുള്ളതായിരിക്കണം. ഈ മൂന്ന് ഘടകങ്ങളിലും മാറ്റത്തിന് തടസ്സമായി നിൽക്കുന്നവയെ മാറ്റിനിർത്താനും നല്ലവയെ പുഷ്ടിപ്പെടുത്താനുമാണ് ശ്രമിക്കേണ്ടത്.

ശരിയായ മനോഭാവം നിലനിർത്താൻ കഴിഞ്ഞാലുള്ള ലാഭം വളരെ വലുതായിരിക്കും. സേവനോത്സുകനായും ആത്മവിശ്വാസത്തിന്റെ വീര്യത്തോടെയും ക്ഷമയുടെ പ്രകാശത്തോടെയും വിനയമുള്ളവനായും മാറണം. ഇങ്ങനെയുള്ളവരുടെ സാന്നിധ്യം മറ്റുള്ളവരുടെ മാറ്റത്തിന് പോലും കാരണമായേക്കാം.

സദ്‌വിചാരം പുലർത്തി ജീവിക്കുക എന്നത് മാനസികാരോഗ്യത്തിനും മാറ്റത്തിന്റെ പ്രചോദനത്തിനും ആവശ്യമാണ്. നല്ല മനോഭാവം നിലനിർത്തുന്ന കൂട്ടായ്മകൾ രൂപപ്പെടുമ്പോൾ, അല്ലെങ്കിൽ കൂട്ടായ്മകൾക്ക് നല്ല മനോഭാവം പ്രദാനം ചെയ്യുന്ന അവസ്ഥയുണ്ടാവുമ്പോൾ അതിന്റെ ഫലം വർധിക്കും. നല്ല മനോഭാവംമൂലം കൂട്ടായ്മകൾക്ക് ലക്ഷ്യത്തിലേക്കുള്ള പ്രയാണവേഗം വർധിക്കുകയും മാർഗതടസ്സങ്ങൾ മറികടക്കാനുള്ള ശക്തി ലഭിക്കുകയും ചെയ്യും. ഗുണമേന്മ വർധിക്കാനും ഹിതകരമായ അന്തരീക്ഷം സൃഷ്ടിക്കാനും പരസ്പര ബന്ധത്തിന്റെയും സഹകരണ മനോഭാവത്തിന്റെയും മാറ്റുകൂട്ടാനും നല്ല മനോഭാവം ഉപകരിക്കും. മനോവേദനയും അമർഷവും ലക്ഷ്യബോധമില്ലായ്മയും അനാരോഗ്യവും മാനസിക സംഘർഷവുംവരെ പരിഹരിക്കാൻ നല്ല മനോഭാവത്തിനും ശുഭചിന്തകൾക്കും സാധിക്കും.



നല്ല മനോഭാവം വളർത്താൻ വേണ്ടത് ശുഭചിന്തക്കാവശ്യമായ തത്ത്വങ്ങൾ തിരിച്ചറിയുക, ശുഭാപ്തിവിശ്വാസിയായിരിക്കാൻ ആഗ്രഹിക്കുകയും പ്രയത്നിക്കുകയും പ്രാർഥിക്കുകയും ചെയ്യുക എന്നിവയാണ്. കഴിഞ്ഞ കാലത്തെ നഷ്ടങ്ങളെക്കുറിച്ചോർത്ത് വ്യസനിക്കാതിരിക്കുകയും അവ ആവർത്തിക്കുമെന്ന് ചിന്തിക്കാതിരിക്കുകയും ചെയ്യണം. നന്മ പ്രതീക്ഷിക്കുമ്പോൾ നന്മക്കുള്ള സാഹചര്യം തുറന്നുകിട്ടുകയും പ്രശ്നങ്ങൾ അതിലേക്ക് മാറ്റിവെക്കുകയും ചെയ്യും. പ്രപഞ്ചസ്രഷ്ടാവാണ് എല്ലാം തീരുമാനിക്കുന്നത്. അതിനാൽ അവനിൽ ആശമുറിയാതെ ജീവിക്കണം. പ്രവർത്തനത്തോടൊപ്പം പ്രാർഥനയും നിലനിർത്തണം.

മാറേണ്ടത് എവിടെയാണ്? എങ്ങനെയാണ്? എവിടെ തുടങ്ങണം? നേട്ടമെന്തൊക്കെയായിരിക്കും? എത്ര സമയംകൊണ്ട് മാറണം? മാറാൻ തീരുമാനിച്ചത് മുതൽ ഓരോ ദിവസവും എന്താണ് അതിനുവേണ്ടി ചെയ്തത്? ഇങ്ങനെ നിരവധി ചോദ്യങ്ങൾ നമ്മെക്കുറിച്ച് നാം നമ്മോടുതന്നെ ചോദിക്കുക, അതിൽനിന്നാവട്ടെ മാറ്റത്തിന്റെ തുടക്കം. ■

**മനോഭാവമാണ് മാറ്റത്തിന് കരുത്തുപകരുന്നത്. അതിലുള്ള മാറ്റമാണ് ലക്ഷ്യത്തിലേക്കെത്തിച്ചേരാൻ സഹായിക്കുക. കൂടുതൽ ബുദ്ധിയുണ്ടെങ്കിൽ കൂടുതൽ നല്ല മനുഷ്യനാവാം എന്നല്ല; കൂടുതൽ നല്ല മനുഷ്യനായാൽ കൂടുതൽ ബുദ്ധിയുണ്ടാവും എന്ന് നാം മനസ്സിലാക്കണം. ആദർശം കൈവെടിഞ്ഞാൽ അവധാനത കൊഴിഞ്ഞുപോകും, പക്വതയില്ലായ്മ വന്നുചേരും. ആത്മാർഥത വാക്കിലും പ്രവൃത്തിയിലും നഷ്ടപ്പെടാതിരിക്കലാണ് നല്ല മനുഷ്യനാവാൻ വേണ്ടത്. ഓരോ നിമിഷം പിന്നിടുമ്പോഴും ഇത് നന്മയിലേക്കാണോ തിന്മയിലേക്കാണോ വഴിവെക്കുന്നത് എന്ന് ബോധപൂർവം ചിന്തിക്കണം. വരുത്തേണ്ട മാറ്റങ്ങൾ നിർണയിക്കണം. അവ നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീകരിക്കണം.**

കവിത



# കഷ്ടം, നോമ്പുകാരൻ!

സുലൈമാൻ പെരുമുക്ക്

അയാൾ
അമിതപ്രതീക്ഷയോടെയാണ്
അവിടെ എത്തിയത്.
ഊഴം പോലെ
കണക്കെടുപ്പ് വന്നപ്പോൾ
ഫലം, വട്ടപ്പൂജ്യമായിരുന്നു!
അയാൾ
നേരത്തിനു തന്നെയാണ്
നോമ്പെടുത്തതും
നോമ്പുതുറന്നതും.
മറന്നിട്ടു പോലും
അന്നപാനീയങ്ങൾ
അകത്താക്കിയിട്ടില്ല,
അധരങ്ങളും
ആമാശയവും
സാക്ഷിയാണ്.
പകലന്തിയിലൊക്കെ
പള്ളിയിലുണ്ടായിരുന്നു,
പലവട്ടം ക്വുർആൻ
പാരായണം ചെയ്തു.
എന്നിട്ടും
അയാളുടെ
നോമ്പിന്റെ പട്ടികയിൽ
പട്ടിണികിടന്ന
അടയാളം
മാത്രമാണ് കണ്ടത്!
കാരണം,
അയാളുടെ
കണ്ണിനും കാതിനും
മനസ്സിനും
കൈകാലുകൾക്കും
നോമ്പുണ്ടായിരുന്നില്ല.
നോമ്പിന്റെ
ആത്മാവ് എവിടെയാണ്
കുടിയിരിക്കുന്നതെന്ന്
അറിയാതെ പോയാൽ
ഇങ്ങനെ ശൂന്യതയിലാണ്
ചെന്നെത്തുക!

# റമദാനിനെ വിജ്ഞാനപ്രദമാക്കാം

SPECIAL OFFER

# റമദാൻ




~~260~~ രൂപയുടെ 5 പുസ്തകങ്ങൾ
ഇപ്പോൾ 169* രൂപക്ക്.

*കൊറിയർ ചാർജ് എക്സ്ട്രാ

For Order - +91 7356766478

WISDOM BOOKS
PUBLISHING | DISTRIBUTION
CV COMPLEX, CHALAPPURAM, CALICUT - 673002
Ph: 0495 4019437

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 APRIL 16

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM
ISLAMIC ORGANIZATION

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

# വർക്കിംഗ് ഫണ്ട് സമാഹരണം



## ACCOUNT DETAILS

**Working Fund:**

WISDOM ISLAMIC ORGANIZATION
A/C NO: **37489072044**
STATE BANK OF INDIA
PALAYAM BRANCH
KOZHIKODE
IFSC: **SBIN0008635**

**Wisdom Relief:**

WISDOM ISLAMIC ORGANIZATION
A/C NO: **920010022468211**
AXIS BANK
KALLAI BRANCH
KOZHIKODE
IFSC: **UTIB0001908**

Reg. No. KKD/CA/616/2017
CV Complex, PV Swami Road,
Chalappuram PO, Kozhikode-673002
Phone: 0495 401 9437, 95670 70031, 99475 20597